# പഞ്ചായത്ത് രാജ്

പുസ്തകം 50 ◆ ലക്കം 11 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | ഫെബ്രുവരി 2011



## സ്വരാജ്ഭവൻ
സാക്ഷാത്കരിക്കുന്നു



തദ്ദേശ സ്വയംഭരണ വകുപ്പ്

## സാർത്ഥകമായ അഞ്ച് ആണ്ടുകൾ
2006–2011

**ഭാരത സെൻസസ് 2011**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ₹ 2750 കോടി വികസനഫണ്ട്**

**അഭിമുഖം**
പ്രൊഫ. എം.എ. ഉമ്മൻ



'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം



ഫെബ്രുവരി 19
**പഞ്ചായത്ത് ദിനം**

**ബൽവന്ത് റായ് മേത്ത**
19-2-1899
19-9-1965

*ത്രിതല പഞ്ചായത്ത്‌രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവ്*


5 എഡിറ്ററുടെ പേജ്

6 സാർത്ഥകമായ അഞ്ച് ആണ്ടുകൾ
പാലോളി മുഹമ്മദ്കുട്ടി





9 ശാക്തീകരണത്തിന് അനുപമ മാതൃക - കുടുംബശ്രീ
ശാരദാ മുരളീധരൻ ഐ.എ.എസ്





12 പ്രൊഫ. എം.എ. ഉമ്മനുമായി അഭിമുഖം

15 സ്വരാജ് ഭവൻ സാക്ഷാത്ക്കരിക്കുന്നു
പഞ്ചായത്ത് ന്യൂസ് സർവ്വീസ്





16 ഇ.എം.എസ് ഭവനപദ്ധതി: കേരളം ഭവനരഹിതരില്ലാത്ത സംസ്ഥാന പദവിയിലേക്ക്
പ്രൊഫ. പി.കെ. രവീന്ദ്രൻ





18 കില: മികവിന്റേയും മുന്നേറ്റത്തിന്റേയും അഞ്ച് വർഷങ്ങൾ
പ്രൊഫ. എൻ. രമാകാന്തൻ

22 ഭാരത സെൻസസ് 2011
ഡോ.വി.എം.ഗോപാലമേനോൻ, ഐ.എ.എസ്





25 മാലിന്യമുക്ത കേരളം കർമ്മ പരിപാടിയും ശുചിത്വ മേഖലയിലെ നേട്ടങ്ങളും
ഡോ. ആർ. അജയകുമാർ വർമ്മ

28 ഇൻഫർമേഷൻ കേരള മിഷൻ: തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ വെബ് സർവ്വീസിലേക്ക്
പ്രൊഫ. എം.കെ. പ്രസാദ്

31 കേന്ദ്രാവിഷ്കൃത പദ്ധതികൾ: ഗണ്യമായ പുരോഗതി
എ. ഷാജഹാൻ ഐ.എ.എസ്





35 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അഞ്ചു വർഷങ്ങളിൽ
വി.എൻ. ജിതേന്ദ്രൻ ഐ.എ.എസ്





38 നഗരവികസനം: പുതിയ ദിശാബോധം, സമഗ്രസമീപനം
അജിത് വെണ്ണിയൂർ

42 വാർത്തകൾ വിശേഷങ്ങൾ



# കത്തുകൾ

### സോഷ്യൽ ഓഡിറ്റ് എല്ലാ വകുപ്പുകളിലും വേണം

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിന് വിധേയമായതിനാൽ ഈ പ്രവർത്തികൾ പൊതുവേ മെച്ചപ്പെട്ട രീതിയിൽ നടന്നു വരുന്നതായി ഡോ. എബി ജോർജ്ജിന്റെ ലേഖനത്തിൽ നിന്നും മനസ്സിലാകുന്നു. അതിനാൽ പൊതുധനം ഉപയോഗിച്ച് നടത്തുന്ന എല്ലാ പദ്ധതികൾക്കും (എല്ലാ വകുപ്പുകളിലും) സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കുമെന്നാശിക്കുന്നു.

*ജി. രത്തൻ പിഷാരടി*
*തൃശൂർ*

### ബി.പി.എൽ. ലിസ്റ്റ് – സമഗ്ര ലേഖനം വേണം

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തെപ്പറ്റി ജനുവരി ലക്കത്തിൽ സൗരഭ് ജയിൻ എഴുതിയ ലേഖനം പുതിയ ഒട്ടേറെ അറിവുകൾ നൽകുന്നതായിരുന്നു. ഗ്രാമങ്ങളിൽ നടക്കുന്ന ആരോഗ്യ പ്രവർത്തനങ്ങളെക്കുറിച്ചും വിവിധ പദ്ധതികളെക്കുറിച്ചും കൂടുതൽ മനസ്സിലാക്കുവാൻ ലേഖനം ഉപകരിച്ചു. സംസ്ഥാനത്തെ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയതിന്റെ വിശദവിവരങ്ങൾ അടങ്ങുന്ന ഒരു സമഗ്ര ലേഖനം പ്രതീക്ഷിക്കുന്നു. സർവ്വശിക്ഷാ അഭിയാൻ സംബന്ധിച്ച് ഡോ. കെ.വി. കുഞ്ഞികൃഷ്ണന്റെ ലേഖനവും വിജ്ഞാനപ്രദമായിരുന്നു.

*വസുമതി. എസ്.*
*മുണ്ടത്തിക്കോട്*

## തൊഴിലുറപ്പു പദ്ധതി: നെടുങ്കണ്ടം, കോട്ടുകാൽ പഞ്ചായത്തുകൾക്ക് അവാർഡ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടത്തിപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര ഗവൺമെന്റിന്റെ അവാർഡിന് ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തും തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തും അർഹമായി. ഫെബ്രുവരി രണ്ടാം തീയതി ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി മൻമോഹൻസിംഗ് അവാർഡുകൾ സമ്മാനിച്ചു. ഏഴ് സംസ്ഥാനങ്ങളിൽ നിന്ന് ആകെ 11 പഞ്ചായത്തുകൾക്കാണ് അവാർഡ് ലഭിച്ചത്. കേരളത്തിനു പുറമേ ഛത്തീസ്ഗഡ്, ഉത്തർപ്രദേശ്, രാജസ്ഥാൻ സംസ്ഥാനങ്ങളിൽ നിന്ന് രണ്ട് പഞ്ചായത്തുകൾ വീതം അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഹരിയാന, മഹാരാഷ്ട്ര, സിക്കിം സംസ്ഥാനങ്ങളിൽ നിന്ന് ഓരോ പഞ്ചായത്തും അവാർഡിന് അർഹമായി. അവാർഡ് ലഭിച്ച പഞ്ചായത്തുകളെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അഭിനന്ദിച്ചു.




*മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടത്തിപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച കോട്ടുകാൽ ഗ്രാമപഞ്ചായത്തിനും (ഇടത്), നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിനുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ അവാർഡ് പ്രധാനമന്ത്രി മൻമോഹൻ സിംഗ് വിതരണം ചെയ്യുന്നു. യു.പി.എ. അധ്യക്ഷ സോണിയാ ഗാന്ധി, കേന്ദ്ര ഗ്രാമ വികസന വകുപ്പു മന്ത്രി വിലാസ്റാവു ദേശ്മുഖ് തുടങ്ങിയവർ സമീപം.*

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2011
പുസ്തകം 50
ലക്കം 11
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്ററുടെ പേജ്

# നഗരങ്ങളിലും തൊഴിൽ സുരക്ഷ

നഗരപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പുവരുത്തുന്നതിന് സാമൂഹ്യ പരിഷ്ക്കർത്താവായ അയ്യങ്കാളിയുടെ നാമധേയത്തിൽ നഗര തൊഴിലുറപ്പു പദ്ധതി കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിരിക്കുകയാണ്. ഈ പദ്ധതി പ്രകാരം നഗരപ്രദേശങ്ങളിൽ സ്ഥിരമായി താമസിക്കുന്ന അവിദഗ്ധ കായികാദ്ധ്വാനത്തിനു തയ്യാറുള്ള പ്രായപൂർത്തിയായ അംഗങ്ങളുള്ള ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ലഭിക്കുകയും അതിലൂടെ 15000 രൂപയുടെ അധികവരുമാനം ഉറപ്പാകുകയും ചെയ്യുന്നു. 2011-12ലെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിക്ക് 40 കോടി രൂപ അടങ്കൽ തുകയായി വകയിരുത്തിയിട്ടുണ്ട്.

2005ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമത്തെ അടിസ്ഥാനമാക്കി ഗ്രാമപ്രദേശങ്ങളിൽ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്ക് സമാനമായാണ് സംസ്ഥാന സർക്കാർ നഗര പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നഗര-ഗ്രാമ വ്യത്യാസത്തിന്റെ അന്തരം കുറവാണ്. ദാരിദ്ര്യത്തെയും തൊഴിലിനേയും നഗര-ഗ്രാമ വ്യത്യാസമില്ലാതെ കാണണമെന്ന സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടാണ് നഗര പ്രദേശങ്ങളിലെ ദുർബല കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതി ആവിഷ്ക്കരിക്കുന്നതിന് ആധാരമായത്.

തൊഴിലവസരങ്ങളിൽ വനിതകൾക്ക് മുൻഗണന നൽകുന്നതിലൂടെ സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തിന് പദ്ധതി ഊന്നൽ നൽകുന്നുണ്ട്. ആകെ ലഭ്യമാകുന്ന തൊഴിലവസരങ്ങളുടെ അമ്പത് ശതമാനം വനിതകൾക്കായിരിക്കും. ലിംഗ സമത്വം ഉറപ്പുവരുത്തുന്നതിന് തൊഴിലെടുക്കുന്ന പുരുഷനും സ്ത്രീക്കും തുല്യവേതനമായിരിക്കും നൽകുക. തൊഴിലാളിക്ക് തൊഴിലിന്റെ ഭാഗമായി പണിസ്ഥലത്തുവെച്ച് ഉണ്ടാകുന്ന അപകടങ്ങൾക്കും അസുഖങ്ങൾക്കും സൗജന്യചികിത്സ, ആശുപത്രിയിൽ കിടത്തി ചികിത്സ നടത്തുന്ന ദിവസങ്ങളിൽ പകുതിയിൽ കുറയാത്ത വേതനം, തൊഴിലെടുക്കുന്ന വേളയിൽ ഉണ്ടാകുന്ന അപകടത്തിൽ സ്ഥായിയായി വികലാംഗനാവുകയോ മരണപ്പെടുകയോ ചെയ്താൽ അനന്തരാവകാശികൾക്ക് അമ്പതിനായിരം രൂപ എക്സ്ഗ്രേഷ്യ തുക തുടങ്ങി തൊഴിലെടുക്കുന്നവരുടെ ഒട്ടേറെ സാമൂഹികാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന സവിശേഷമായ നിരവധി വ്യവസ്ഥകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത വ്യക്തി തൊഴിലിനായി അപേക്ഷിച്ചാൽ 15 ദിവസത്തിനകം തൊഴിൽ നൽകിയിരിക്കണം. 14 ദിവസത്തിനകം കൂലിയും ലഭ്യമാക്കണം. അതിനു കാലതാമസമുണ്ടായാൽ നിയമപ്രകാരമുള്ള നഷ്ടപരിഹാര തുകയ്ക്ക് അയാൾക്ക് അർഹതയുണ്ട്. മാത്രമല്ല, നിശ്ചിത 15 ദിവസത്തിനകം തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മാ വേതനം നൽകുന്നതിനും നഗരസഭ ബാദ്ധ്യസ്ഥമാണ്. ഇത്തരം വ്യവസ്ഥകളിലൂടെ കേരളത്തിലെ നഗരങ്ങളിലും തൊഴിൽ നിയമസാധുതയുള്ള അവകാശമായി മാറിയിരിക്കുകയാണ്.

പദ്ധതി നടത്തിപ്പിൽ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പാക്കുന്നതിനു പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ നഗരസഭയും തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ചുമതലകളും നൽകുന്ന സേവനങ്ങളും ഉൾക്കൊള്ളുന്ന പൗരാവകാശരേഖ പ്രസിദ്ധീകരിക്കണം. നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ചോർച്ച തടയുന്നതിനും സാധാരണക്കാരന്റെ ഭാഷയിൽ എസ്റ്റിമേറ്റും പ്രവൃത്തി വിവരങ്ങളും തൊഴിലിടത്ത് ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തിയുമായി ബന്ധപ്പെട്ട സകല വിവരങ്ങളും അടങ്ങിയ ബോർഡ് തൊഴിൽ സ്ഥലത്ത് പ്രദർശിപ്പിക്കണം. കൂടാതെ സോഷ്യൽ ഓഡിറ്റും നിർബന്ധമാക്കിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പരിമിതികൾക്കുള്ളിലും ഇന്ത്യക്കാകെ മാതൃകയായി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2009-10 ൽ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മികച്ച രീതിയിൽ നടപ്പാക്കിയതിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ അവാർഡിന് ഇന്ത്യയിലെ 11 ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കപ്പെട്ടതിൽ രണ്ടെണ്ണം കേരളത്തിലേതാണ്. തിരുവനന്തപുരം ജില്ലയിലെ കോട്ടുകാലും ഇടുക്കി ജില്ലയിലെ നെടുങ്കണ്ടവും. ഗ്രാമതൊഴിലുറപ്പു പദ്ധതിയിൽ കൈവരിച്ച നേട്ടം നഗര പദ്ധതിയിലും നേടാനായാൽ കേരളം രാജ്യത്തിനു നല്കുന്ന മറ്റൊരു സംഭവാനയാകുമത്. പുതിയൊരു കേരള മാതൃക കൂടി സൃഷ്ടിക്കപ്പെടും. നഗരസഭകളിലെ ജനപ്രതിനിധികൾ അവരുടെ കർമ്മശേഷി പൂർണ്ണമായും പദ്ധതിയുടെ വിജയകരമായ നിർവ്വഹണത്തിന് വിനിയോഗിക്കും എന്ന് പ്രത്യാശിക്കാം.

## തദ്ദേശ സ്വയംഭരണ വകുപ്പ്

# സാർത്ഥകമായ 5 ആണ്ടുകൾ

## 2006-2011




**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി


**മുൻ എൽ.ഡി.എഫ് സർക്കാർ തുടങ്ങിവെച്ച പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനും വികേന്ദ്രീകൃത സംവിധാനം കൂടുതൽ ശക്തമാക്കാനുമുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ ലക്ഷ്യമിട്ടത്. അതിനു വേണ്ടി പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടമായി പ്രഖ്യാപിക്കുകയും ഉൽപാദന മേഖലയ്ക്കും അതുവഴി ഭക്ഷ്യ സുരക്ഷയ്ക്കും മുൻഗണന നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് കാർഷിക മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സജീവമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി കൂടുതൽ ഭൂമിയിൽ കൃഷിയിറക്കാനും കാർഷികോൽപാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.**

1996-ൽ അധികാരമേറ്റ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ് ജനകീയാസൂത്രണം ആരംഭിച്ചത്. അർത്ഥപൂർണ്ണമായ രീതിയിൽ അധികാര വികേന്ദ്രീകരണം നടപ്പാക്കുന്നതിന്റെ തുടക്കമായിരുന്നു ജനകീയാസൂത്രണം. പ്രാദേശികഭരണ സ്ഥാപനങ്ങളുടെ ജനാധിപത്യവൽക്കരണം കൂടിയായിരുന്നു ജനകീയാസൂത്രണം. തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ ചുമതലകളേൽപ്പിക്കാനും അവ നിർവ്വഹിക്കാനാവശ്യമായ ഫണ്ടും ജീവനക്കാരെയും നൽകാനും ജനകീയാസൂത്രണമാണ് തുടക്കമിട്ടത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ഭരണപരമായ നിരവധി പരിഷ്ക്കാരങ്ങൾ ആവശ്യമാണെന്ന് എൽ.ഡി.എഫ് സർക്കാർ നിയോഗിച്ച സെൻകമ്മിറ്റി കണ്ടെത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾ 1999-ൽ ഭേദഗതി ചെയ്യപ്പെട്ടു. അനുഭവങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ ഭരണ പരിഷ്കരണ നടപടികൾ ആവശ്യമായി വന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ജീവനക്കാരെ, പ്രത്യേകിച്ചും സാങ്കേതിക ജീവനക്കാരെ നൽകേണ്ടിയിരുന്നു. ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തേണ്ടിയിരുന്നു. എന്നാൽ 2001-ൽ അധികാരമേറ്റ യു.ഡി.എഫ് സർക്കാർ ഇക്കാര്യങ്ങളൊന്നും ഗൗരവമായെടുത്തില്ല. ഇതിന്റെ ഫലമായി അധികാരവികേന്ദ്രീകരണ രംഗത്ത് മുരടിപ്പാണ് ആ കാലഘട്ടത്തിലുണ്ടായത്.

ഇതായിരുന്നു 2006 ൽ ഇടതുപക്ഷ സർക്കാർ ഭരണമേറ്റടുത്തപ്പോഴുള്ള സാഹചര്യം. മുൻ എൽ.ഡി.എഫ് സർക്കാർ തുടങ്ങിവെച്ച പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനും വികേന്ദ്രീകൃത സംവിധാനം കൂടുതൽ ശക്തമാക്കാനുമുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ ലക്ഷ്യമിട്ടത്. അതിനുവേണ്ടി പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടമായി പ്രഖ്യാപിക്കുകയും ഉൽപാദന മേഖലയ്ക്കും അതുവഴി ഭക്ഷ്യ സുരക്ഷയ്ക്കും മുൻഗണന നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് കാർഷിക മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സജീവമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി കൂടുതൽ ഭൂമിയിൽ കൃഷിയിറക്കാനും കാർഷികോൽപാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

വികേന്ദ്രീകരണത്തെ ശക്തമാക്കാൻ സഹായകമായ നിരവധി ഭരണപരമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ഈ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

### ഭരണപരമായ പരിഷ്ക്കാരങ്ങൾ

ത്രിതല പഞ്ചായത്തുകളിലേയും നഗരസഭകളിലേയും ആകെ അംഗസംഖ്യയുടെയും അദ്ധ്യക്ഷപദവിയുടെയും 50% സ്ത്രീകൾക്കായി സംവരണം ചെയ്തു. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സംവരണം ചെയ്ത സ്ഥാനങ്ങളുടെ 50%വും സ്ത്രീകൾക്ക് സംവരണം ചെയ്തു. എല്ലാ തലത്തിലുമുള്ള പഞ്ചായത്തുകളിലേയും നഗരസഭകളിലേയും പ്രസിഡന്റ്/ചെയർമാൻ/മേയർ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്യാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ വൈസ് പ്രസിഡന്റ്/ വൈസ് ചെയർമാൻ/ഡെപ്യൂട്ടി മേയർ, ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ തെരഞ്ഞെടുക്കപ്പെടുന്ന

അംഗങ്ങളുടെ സ്ഥാനം എന്നിവ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

ഭരണസംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിന് പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾ പുനസംഘടിപ്പിച്ചു. പഞ്ചായത്തുകളിൽ നാലും മുനിസിപ്പാലിറ്റികളിൽ ആറും കോർപ്പറേഷനുകളിൽ എട്ടും എന്നിങ്ങനെയാണ് ഇപ്പോൾ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം. നഗരസഭകളിലും കോർപ്പറേഷനുകളിലും വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും പ്രത്യേക സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

പഞ്ചായത്തുകളുടെ എണ്ണത്തിന്റേയും ജനസംഖ്യയുടേയും അടിസ്ഥാനത്തിൽ ബ്ലോക്കു പഞ്ചായത്തുകളുടെ പുനസംഘടന നടപ്പിലാക്കി. സംസ്ഥാന രൂപീകരണത്തിനു ശേഷം ഇതാദ്യമായാണ് ഇത്തരം ഒരു നടപടി സ്വീകരിക്കപ്പെട്ടത്. ഇടമലക്കുടി എന്ന പേരിൽ സംസ്ഥാനത്തെ ആദ്യ പട്ടികവർഗ്ഗ പഞ്ചായത്തും രൂപീകരിച്ചു.

**ഫ്രണ്ട് ഓഫീസുകൾ**

എല്ലാ പഞ്ചായത്തുകളിലും അപേക്ഷകളും പരാതികളും സ്വീകരിക്കുന്നതിനും കൈപ്പറ്റ് രസീത് നൽകുന്നതിനും പറ്റുന്ന തരത്തിൽ ഫ്രണ്ട് ഓഫീസുകൾ സ്ഥാപിച്ചു. നഗരസഭകൾ ഇതിനുവേണ്ടി ജനസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ നഗരസ്വഭാവം കൈവരിച്ച 7 പഞ്ചായത്തുകൾ നഗരസഭകളാക്കുകയും ഏഴു പഞ്ചായത്തുകൾ നഗരസഭകളോടും 8 പഞ്ചായത്തുകൾ കോർപ്പറേഷനുകളോടും കൂട്ടിച്ചേർക്കുകയും ചെയ്തു.

**ജില്ലാ ആസൂത്രണ സമിതിക്ക് സെക്രട്ടേറിയറ്റ്**

ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസ്, നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാ ഓഫീസ്, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് എന്നിവ ജില്ലാ ആസൂത്രണ സമിതിയുടെ സെക്രട്ടേറിയറ്റാക്കി. ജില്ലാ ആസൂത്രണ സമിതികൾക്ക് പ്രത്യേക ആസ്ഥാനങ്ങൾ നിർമ്മാണമാരംഭിച്ചു.

**ഡി.ആർ.ഡി.എകളെ ജില്ലാ പഞ്ചായത്തിൽ ലയിപ്പിച്ചു**

ഡി.ആർ.ഡി.എകളെ പിരിച്ചുവിട്ട് ജില്ലാ പഞ്ചായത്തുകളുടെ ഭാഗമാക്കാനുള്ള നടപടികൾ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ തുടങ്ങിയതായിരുന്നു. പിന്നീട് അധികാരമേറ്റ യു.ഡി.എഫ് സർക്കാർ ഈ നടപടികൾ മരവിപ്പിച്ചിരുന്നു. എന്നാൽ ഈ സർക്കാർ അധികാരമേറ്റയുടൻ തന്നെ ഇത് പുനഃപരിശോധിക്കുകയും ഡി.ആർ.ഡി.എ കളെ ജില്ലാപഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകളാക്കിക്കൊണ്ട് ജില്ലാ പഞ്ചായത്തുകളിൽ ലയിപ്പിക്കുകയും ചെയ്തു.

പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ വകുപ്പുകൾ യോജിപ്പിച്ച് സെക്രട്ടേറിയറ്റ് തലത്തിൽ ഒറ്റ വകുപ്പാക്കി. തദ്ദേശസ്വയംഭരണ വകുപ്പിന് പൊതു സർവ്വീസ് രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

**പ്രത്യേക എഞ്ചിനീയറിംഗ് വിങ്ങ്**

പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് സ്വന്തമായ സാങ്കേതിക വിഭാഗം ജീവനക്കാർ ലഭ്യമായിരുന്നില്ല. ഇതു പ്രാദേശിക ഭരണസംവിധാനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു സാഹചര്യമായിരുന്നു. ഇതു പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി പ്രത്യേക എഞ്ചിനീയറിംഗ് വിങ്ങ് രൂപീകരിച്ചു. പൊതുമരാമത്ത്, ജലസേചന വകുപ്പുകളിലെ സാങ്കേതിക വിഭാഗത്തിൽ നിന്നുള്ള നിശ്ചിത എണ്ണം ജീവനക്കാരെയും പഞ്ചായത്ത്, മുനിസിപ്പാലിറ്റി കോർപ്പറേഷൻ ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം, കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസി എന്നിവിടങ്ങളിലെ സാങ്കേതിക വിഭാഗം ജീവനക്കാരെയുമാണ് എഞ്ചിനീയറിംഗ് കേഡറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.



**അധിക തസ്തികയും കമ്പ്യൂട്ടർവൽക്കരണവും**

എല്ലാ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാരെ നിയമിച്ചു. കണക്കു സൂക്ഷിപ്പ് ചിട്ടപ്പെടുത്തി. ഭൂരിപക്ഷം പഞ്ചായത്തുകളിലും നഗരസഭകളിലും കണക്കുകൾ കുടിശ്ശികയായിരുന്നു. ഇവ ഒറ്റത്തവണ തീർപ്പാക്കുന്നതിന് എടുത്ത നടപടികളുടെ ഭാഗമായി പഞ്ചായത്തുകളുടേയും നഗരസഭകളുടേയും കണക്കുകൾ ചിട്ടപ്പെടുത്താൻ കഴിഞ്ഞു. നഗരസഭകളിലെല്ലാം ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കി.

കോർപ്പറേഷനുകളിലും നഗരസഭകളിലും ജനന-മരണ രജിസ്ട്രേഷൻ കമ്പ്യൂട്ടർവൽക്കരിച്ചു. ആശുപത്രികളിൽ തന്നെ കിയോസ്കുകൾ സ്ഥാപിച്ചു. ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ ലഘൂകരിച്ചു. സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജോലി ഭാരം കണക്കിലെടുത്ത് 5000ൽ പരം പുതിയ തസ്തികകൾ സൃഷ്ടിച്ചു.

**മാലിന്യമുക്ത കേരളവും നിർമ്മൽ പുരസ്കാരവും**

ഖരമാലിന്യം സൃഷ്ടിക്കുന്ന പ്രശ്നം നമ്മുടെ സംസ്ഥാനത്ത് രൂക്ഷമാണ്. മലിനീകരണം മൂലം അന്യം നിന്നു എന്നു കരുതിയ സാംക്രമിക രോഗങ്ങൾ പോലും പടർന്നു പിടിക്കുന്നു. ഈ സാഹചര്യത്തിലാണ് മാലിന്യമുക്ത കേരളം എന്ന ഒരു പദ്ധതിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് രൂപം നൽകിയത്. ക്ലീൻ കേരള മിഷന്റേയും സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷന്റേയും നേതൃത്വത്തിൽ നടത്തുന്ന ഈ പ്രവർത്തനം ഒരു ജനകീയ കർമ്മപദ്ധതിയായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചു. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേക പരിപാടി തയ്യാറാക്കി നടപ്പാക്കി വരുന്നു.

കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നൂറു ശതമാനം ശുചിത്വം കൈവരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന നിർമ്മൽ ഗ്രാമപുരസ്ക്കാരം 972 ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുണ്ട്. 105 ബ്ലോക്കു പഞ്ചായത്തുകളും 10 ജില്ലകളും ഇതിനകം തന്നെ സമ്പൂർണ്ണ ശുചിത്വം നേടുകയും നിർമ്മൽ പദവിക്ക് അർഹമാവുകയും ചെയ്തിട്ടുണ്ട്.

സാനിട്ടേഷൻ മിഷൻ, ക്ലീൻ കേരള മിഷൻ എന്നീ രണ്ട് സ്ഥാപനങ്ങൾ ഒരേ മേഖലയിൽ പ്രവർത്തിച്ചു വന്നിരുന്നു. പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും

ശക്തമാക്കാനും വേണ്ടി ഈ രണ്ട് സ്ഥാപനങ്ങളേയും ഒന്നിച്ചു ചേർത്ത് ശുചിത്വ മിഷൻ എന്ന പേരിൽ ഒറ്റ സ്ഥാപനമാക്കി.

## നഗരാസൂത്രണ പദ്ധതികൾ

സംസ്ഥാനത്തെ നഗരപ്രദേശങ്ങൾക്കായി നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു. ആദ്യഘട്ടമെന്ന നിലയിൽ 32 നഗരപ്രദേശങ്ങൾക്കാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. സംസ്ഥാനത്തിൽ നിലവിലുള്ള നഗരാസൂത്രണ പദ്ധതികൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാന നഗരങ്ങളുടെ ഡെവലപ്മെന്റ്/സ്ട്രക്ചർ പ്ലാനുകളുടെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പരിഷ്ക്കരിച്ചു.

## ഇ.എം.എസ് ഭവന പദ്ധതി

ദരിദ്ര ജനവിഭാഗങ്ങൾക്ക് വീടു നൽകാനുള്ള ചുമതല ജനകീയാസൂത്രണത്തെ തുടർന്നാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തത്. ഒമ്പതും പത്തും പദ്ധതിക്കാലത്ത് ഭവന നിർമ്മാണ രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയ ഇടപെടലുകൾ ചിട്ടപ്പെടുത്തി ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും പതിനൊന്നാം പദ്ധതിക്കാലത്ത് വീടു നൽകാനാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി ലക്ഷ്യമിടുന്നത്. അഞ്ചു ലക്ഷം വീടുകളാണ് ലക്ഷ്യമിടുന്നത്. ഇതുവരെ 3.5 ലക്ഷം വീടുകൾ പൂർത്തിയായിട്ടുണ്ട്. 1.25 ലക്ഷം വീടുകളുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. സർക്കാരിന്റെ ആദ്യ വർഷമായ 2006-07 ൽ പൂർത്തിയാക്കിയ 54800 വീടുകൾ ഇതിനു പുറമെയാണ്.

## കുടുംബശ്രീ

കുടുംബശ്രീ സംഘടനാ സംവിധാനം ചിട്ടപ്പെടുത്തി. സി.ഡി.എസ്സുകൾക്ക് അക്കൗണ്ടന്റുമാരെ നിയമിച്ചു. അശരണർക്ക് സഹായമായ ആശ്രയ പദ്ധതി 905 തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിച്ചു. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കൂടുതൽ ബഡ്സ് സ്കൂളുകൾ ആരംഭിച്ചു. കുടുംബശ്രീ സംരംഭകർക്ക് ബാങ്ക് വായ്പയിന്മേൽ 4 ശതമാനം പലിശ സബ്സിഡി നൽകി.

## തൊഴിലുറപ്പു പദ്ധതികൾ

ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടു കൂടി അഴിമതിമുക്തമായും സുതാര്യമായും രാജ്യത്തിനു തന്നെ മാതൃകയായ രീതിയിൽ മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞു. കൃഷി, മണ്ണു ജല സംരക്ഷണം, വനം തുടങ്ങിയ വകുപ്പുകളുമായി സംയോജിപ്പിച്ചു കൊണ്ട് കേരളം നടത്തുന്ന പ്രവർത്തനം മാതൃകാപരമെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും നെൽകൃഷിയും പച്ചക്കറി കൃഷിയും വ്യാപിപ്പിക്കുന്നതിനും ഇത് ഏറെ സഹായകമായിട്ടുണ്ട്.

നഗരപ്രദേശത്തെ ദരിദ്ര വിഭാഗങ്ങളെ ലക്ഷ്യമിട്ടുകൊണ്ട് സമാനമായ ഒരു പദ്ധതി സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ ആരംഭിച്ചിരിക്കുകയാണ്. ഇതാണ് അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി. 2 ലക്ഷം കുടുംബങ്ങളെയെങ്കിലും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## നഗരവികസന പദ്ധതികൾ

ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനഫലമായി 3551 കോടി രൂപയ്ക്കുള്ള വ്യത്യസ്തങ്ങളായ വികസന പദ്ധതികളാണ് നഗരസഭകളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഒരു ചരിത്ര നേട്ടമാണ്. ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ അഞ്ചു കോർപ്പറേഷനുകളിൽ നടപ്പാക്കുന്ന 1420 കോടി രൂപ അടങ്കലുള്ള സുസ്ഥിര നഗരവികസന പദ്ധതിയാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. ജെ.എൻ.എൻ.യു.ആർ.എം പ്രോജക്റ്റുകൾക്കായി ആകെ 2122.06 കോടി രൂപയാണ് ചെലവിടുന്നത്. ഇത്രയും വലിയൊരു സംഖ്യ നഗരങ്ങളുടെ വികസനത്തിനായി മുൻപ് ഒരിക്കലും വിനിയോഗിച്ചിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ സർവ്വകാല നേട്ടം

കേരളത്തിന്റെ സാഹചര്യങ്ങൾക്ക് ഒട്ടും അനുയോജ്യമല്ലാത്ത തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതുമൂലം പദ്ധതികൾ നേടിയെടുക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും ഏറെ പ്രയാസങ്ങൾ സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ട്. എന്നിരിക്കിലും കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്ന കാര്യത്തിൽ മുൻപ് ഒരിക്കലും ഇല്ലാത്ത്ത്ര നേട്ടം ഈ ഗവൺമെന്റിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## ജനപ്രതിനിധികൾക്കു പരിശീലനം

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പരിശീലനം നൽകുക, പുതിയ വികസന പദ്ധതികളെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിചയപ്പെടുത്തുക എന്നീ പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്തു തീർക്കുക എന്ന ജോലി ചിട്ടയോടെ ചെയ്യാൻ കിലയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഇരുപത്തിരണ്ടായിരത്തിലധികം വരുന്ന വിവിധ തട്ടുകളിലെ ജനപ്രതിനിധികൾക്ക് ആദ്യഘട്ട പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. കിലയും എസ്.ഐ.ആർ.ഡിയും ഏകോപിപ്പിച്ചു കൊണ്ടാണ് പരിശീലന പരിപാടികൾ നടത്തുന്നത്. അഖിലേന്ത്യാ തലത്തിൽ അംഗീകാരം നേടിയ കില സാർക്ക് രാജ്യങ്ങളുടെ കൂടി പരിശീലന കേന്ദ്രമാണ്. മൂന്നു പുതിയ പഠന വിഭാഗങ്ങൾ കൂടി കൂട്ടിച്ചേർത്തു കൊണ്ട് കിലയുടെ പ്രവർത്തന മേഖല വിപുലപ്പെടുകയാണ്. ■



# ശാക്തീകരണത്തിന് അനുപമ മാതൃക കുടുംബശ്രീ

**ശാരദാ മുരളീധരൻ ഐ.എ.എസ്**

**ജാതിമത കക്ഷി രാഷ്ട്രീയങ്ങൾക്കതീതമായ കുടുംബശ്രീ സ്ത്രീശാക്തീ കരണത്തിന് അനുപമ മാതൃകയാണ്. സ്ത്രീകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിലൂടെ കുടുംബശ്രീ സാധ്യമാക്കിയത് സാമ്പത്തിക ശാക്തീകരണമാണ്. എല്ലാ ജില്ലകളിലും കുടുംബശ്രീക്ക് എടുത്തുപറയാൻ നേട്ടങ്ങൾ ഏറെയുണ്ട്.**

സ്ത്രീശാക്തീകരണവും ദാരിദ്ര്യ നിർമ്മാർജ്ജനവും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ആരംഭിച്ച നൂതന വികസന മാതൃകയായ കുടുംബശ്രീ ഇന്ന് 37 ലക്ഷത്തോളം അംഗങ്ങളുമായി മുന്നേറുന്ന കെട്ടുറപ്പും കാര്യക്ഷമതയുമുള്ള സ്ത്രീപ്രസ്ഥാനമാണ്. പ്രാദേശിക വികസനത്തിന്റെ സംഘാടക ശക്തിയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അവിഭാജ്യഘടകവുമായി കുടുംബശ്രീ മാറിയിരിക്കുന്നു. ഭരണഘടനയുടെ 73, 74 ഭേദഗതിക്കും ജനകീയാസൂത്രണ പരിപാടിക്കും ഒപ്പം ദാരിദ്ര്യലഘൂകരണത്തിന് പുത്തൻ മാനം നൽകിക്കൊണ്ടാണ് കുടുംബശ്രീ ആരംഭിച്ചത്. ഒരു വ്യാഴവട്ടക്കാലം പിന്നിടുമ്പോൾ കുടുംബശ്രീ സംഘടനാസംവിധാനം കൂടുതൽ ജനാധിപത്യപരവും കരുത്തുറ്റതും ആക്കി മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2008 നവംബറിൽ കുടുംബശ്രീ സി.ഡി. എസ്സുകൾക്ക് പൊതുവായ ബൈലോ രൂപപ്പെടുത്തുകയും അതനുസരിച്ച് മുഴുവൻ അയൽക്കൂട്ട അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് സംഘടനാ തെരഞ്ഞെടുപ്പ് നടത്തുകയും ഓരോ സി.ഡി. എസ്സിലും ആക്ഷൻപ്ലാൻ രൂപീകരിച്ച് നടപ്പിലാക്കുകയും ചെയ്തതോടെ കുടുംബശ്രീയുടെ ദർശനത്തിൽ കാതലായ മാറ്റം സംഭവിച്ചിരിക്കുന്നു.

കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പിന് വ്യവസ്ഥാപിതമായ സംവിധാനമോ, രീതിയോ ഉണ്ടായിരുന്നില്ല. നല്ലൊരു ശതമാനം ത്രിതല സംഘടനാ സംവിധാനങ്ങളുടെയും തെരഞ്ഞെടുപ്പ് യഥാസമയം നടത്താൻ കഴിഞ്ഞിരുന്നില്ല. വർഷങ്ങളായി ഒരേ ഭരണസമിതി തന്നെ സിഡിഎസുകളിൽ തുടരുന്ന സ്ഥിതിവിശേഷവും നിലനിന്നിരുന്നു. കുടുംബശ്രീ സംഘടനാ നേതൃത്വത്തിലേക്ക് കാര്യപ്രാപ്തിയുള്ള പുതിയ നേതൃനിര കടന്നുവരുന്നതിനും പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇതു തടസ്സം സൃഷ്ടിച്ചിരുന്നു.

പരിഷ്ക്കരിച്ച കുടുംബശ്രീ ബൈലോയിൽ ത്രിതല സംഘടനാ സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പ് നടപടികൾ സുതാര്യമായും വ്യവസ്ഥാപിതമായും നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു. സംഘടനാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം





നൽകുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള തെരഞ്ഞെടുപ്പ് സംവിധാനവും നിലവിൽ വന്നു.

കുടുംബശ്രീയുടെ സുപ്രധാന തലമായ സിഡിഎസിന്റെ പ്രവർത്തനം ഊർജ്ജസ്വലവും ഫലപ്രദവും ആക്കുന്നതിന് വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.സ്ഥിരവും വ്യവസ്ഥാപിതവുമായ സംഘടനാ സംവിധാനത്തെ തങ്ങളുടെ മേഖല ചിട്ടപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും ശാസ്ത്രീയമായ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിച്ചെടുത്തത് കുടുംബശ്രീയെ സംബന്ധിച്ച് എടുത്തുപറയാവുന്ന നേട്ടങ്ങളിൽ ഒന്നാണ്.കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെയും സിഡാക്കിന്റെ (സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിങ്) സാങ്കേതിക ധനസഹായത്തോടെയും വെബ് അധിഷ്ഠിതമായ എം ഐ എസ്സിന്റെ രൂപീകരണം പൂർത്തിയാകുകയും ഓൺലൈൻ ആകുകയും ചെയ്തിട്ടുണ്ട്.കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങളെ അയൽക്കൂട്ടതലംവരെ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനമാണ് ഇതിലൂടെ സജ്ജമാക്കിയിട്ടുള്ളത്. സിഡിഎസ് ചെയർപേഴ്സൺമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചതും സിഡിഎസിന് ഭരണനിർവഹണ ഗ്രാന്റ് നൽകിതുടങ്ങിയതും സിഡിഎസിന്റെ ആത്മവിശ്വാസത്തോടെയുള്ള പ്രവർത്തനത്തിന് സഹായകമായിട്ടുണ്ട്. കൂടാതെ ഏറ്റവും നല്ല സിഡിഎസിന് അവാർഡു നൽകുവാൻ തീരുമാനിച്ചതും ആരോഗ്യകരമായ മത്സരത്തിന് ഇടയാക്കിയിട്ടുണ്ട്.

## കണക്കുകൾ ചിട്ടപ്പെടുത്തി

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ കണക്കുകൾ ചിട്ടപ്പെടുത്തുക എന്നത് ഭാരിച്ച ഉത്തരവാദിത്വമായിരുന്നു. വർഷങ്ങളായി തുടർന്നുവന്ന പല രീതികൾക്കുമുള്ള പോരായ്മകൾ പരിഹരിക്കുവാൻ വിപുലമായ പരിപാടികൾ തയ്യാറാക്കി. ധനവിനിയോഗം ചിട്ടപ്പെടുത്തുന്നതിനും ഓഡിറ്റിംഗിനുമായി കുടുംബശ്രീ ഓഡിറ്റിംഗ് & അക്കൗണ്ടിംഗ് സൊസൈറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തി. ഓരോ സി.ഡി.എസിനും അക്കൗണ്ടന്റിനെ നിയമിച്ചു. സമ്പാദ്യ തൊഴിൽ സംരംഭങ്ങളിൽ പുതിയ സമീപനം കുടുംബശ്രീ കൊണ്ടുവന്നത് സാമ്പത്തിക ശാക്തീകരണം ഫലവത്തായി നടപ്പിലാക്കാൻ സാധിച്ചു എന്നതിന് ഉത്തമദൃഷ്ടാന്തമാണ്. ലഘുസമ്പാദ്യ വായ്പാ പ്രവർത്തനം കാര്യക്ഷമമാക്കാനും ബാങ്ക് ലിങ്കേജ് ഉയർത്തുവാനും വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡി പദ്ധതി അയൽക്കൂട്ടങ്ങൾക്ക് മുന്നോട്ടു പോകുവാൻ ഊർജ്ജം പകർന്നിട്ടുണ്ട്. പലിശ സബ്സിഡി പദ്ധതി പ്രകാരം വായ്പയുടെ പലിശനിരക്ക് 9% ആയി നിജപ്പെടുത്തിയിരിക്കുന്നു. ഇതിൽ 5% സബ്സിഡിയായി കണക്കാക്കുന്നതാണ് പലിശസബ്സിഡി പദ്ധതി. ഫലത്തിൽ 4% പലിശയ്ക്ക് അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വായ്പ ലഭിക്കും.

## ‘സമഗ്ര’ പദ്ധതികൾ

പൊതുവിപണിയിൽ ഏകദേശം 150 ഓളം കുടുംബശ്രീ ഉത്പന്നങ്ങൾ ഇന്നെത്തുന്നുണ്ട്.2006 ഒക്ടോബറിൽ സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങളുടെ പഠനം നടത്തുകയും ഈ മേഖലയിലെ പ്രശ്നങ്ങൾ ശാസ്ത്രീയമായി വിലയിരുത്തുകയും ചെയ്തു. 2007 ഏപ്രിലിൽ തൊഴിൽ സംരംഭ സാധ്യതാ രജിസ്റ്ററുകൾ തയ്യാറാക്കി. ഉൽപാദനം മുതൽ വിപണനം വരെയുള്ള ഘടകങ്ങൾ ഉറപ്പാക്കി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. തിരുവനന്തപുരം- നേന്ത്രവാഴ, പത്തനംതിട്ട-തേൻ, കോട്ടയം-അലങ്കാര മത്സ്യം, എറണാകുളം-പൈനാപ്പിൾ, തൃശൂർ-പൂജക്കദളി, പാലക്കാട്-കൊണ്ടാട്ടം, കോഴിക്കോട്-ചെരുപ്പ് അപ്പർ നിർമ്മാണം, കണ്ണൂർ-ആട് ഗ്രാമം, കാസർഗോഡ്-കശുവണ്ടി, കൊല്ലം-വസ്ത്രനിർമ്മാണം എന്നീ സമഗ്ര പദ്ധതികൾ നടപ്പിലാക്കി വരുന്നു. സേവന മേഖലയിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തിയും സംരംഭം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. സാന്ത്വനം, ഖരമാലിന്യ സംസ്കരണ സമാഹരണ യൂണിറ്റുകൾ, വാട്ടർ അതോറിറ്റി മീറ്റർ റീഡിംഗ്, അപ്പാരൽ പാർക്ക് തുടങ്ങിയവ ഇവയിൽ ചിലതു മാത്രം. തന്മൂലം പ്രാദേശികമായി ലഭ്യമായ വിഭവങ്ങളെ സംഭരിച്ച് അതിനെ സംസ്കരിച്ച് മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിലൂടെ വനിതകൾക്ക് തൊഴിലവസരം പ്രദാനം ചെയ്യാനും അതുവഴി അവരുടെ സാമ്പത്തിക വരുമാനം ഉറപ്പുവരുത്താനും കഴിയുന്നു.

സംരംഭ വികസനത്തിനുതകുന്ന തരത്തിൽ വ്യത്യസ്ത തരത്തിലുള്ള പരിശീലനങ്ങൾ വിവിധ തലങ്ങളിൽ ആവശ്യമായ തരത്തിൽ നടത്തിവരുന്നുണ്ട്. മത്സരാധിഷ്ഠിത വിപണിയുടെ മാറ്റങ്ങളും ആവശ്യങ്ങളും മനസ്സിലാക്കിക്കൊണ്ട് കുടുംബശ്രീ ഉത്പന്നങ്ങളുടെ അവതരണ രീതിയിലും ഗുണമേന്മയിലും അടുത്ത കാലത്ത് വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ഉത്പന്നങ്ങളുടെ വിപണനം സുഗമമാക്കുവാൻ ആവിഷ്കരിച്ച മാസചന്തകൾ വൻ വിജയമാണ്. എല്ലാ ജില്ലകളിലും മാസചന്തകൾ നടന്നുവരുന്നു. ചിലയിടങ്ങളിലെങ്കിലും ആഴ്ച ചന്തകളും ദിവസ ചന്തകളും ആയി ഇതു മാറിയിട്ടുണ്ട്. വിപണന ശൃംഖല എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ആദ്യ ചുവടായി മാസ ചന്തകളെ കണക്കാക്കാം. പല പഞ്ചായത്തുകളിലും സ്ഥിരം വിപണന കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. മാത്രമല്ല, കുടുംബശ്രീ സാന്നിധ്യമില്ലാത്ത വിപണന മേളകൾ ഇന്ന് വിരലിലെണ്ണാവുന്നവ മാത്രമേയുള്ളൂ. ദില്ലി അന്താരാഷ്ട്ര വിപണന മേള, ട്രാവൽമാർട്ട്, അന്നം, ഓണം-ടൂറിസം മേള, അഗ്രിഎക്സ്പോ തുടങ്ങി കേരളത്തിനകത്തും പുറത്തുമുള്ള

- കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് പരിഷ്ക്കരിച്ച പൊതു ബൈലോ
- വിവിധ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിന് വെബ് അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം.
- ഏറ്റവും മികച്ച സി.ഡി.എസ്സിന് അവാർഡ്
- ഓരോ സി.ഡി.എസ്സിനും അക്കൗണ്ടന്റ്
- 4% പലിശയ്ക്ക് അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വായ്പ
- ഉലപാദനം മുതൽ വിപണനംവരെയുള്ള ഘടകങ്ങൾ ഉറപ്പാക്കി സമഗ്ര പദ്ധതികൾ
- ആശ്രയ പദ്ധതിയിൽ 71,011 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നു.
- 54,669 ബാലസഭകൾ
- കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തിനായി സമഗ്ര കായികാരോഗ്യ പദ്ധതി
- എൻ.ആർ.എൽ. എമ്മിന്റെ നടത്തിപ്പ് ചുമതല കേരളത്തിൽ കുടുംബശ്രീക്ക്.

മേളകളിൽ കുടുംബശ്രീ പങ്കെടുത്തു വരുന്നു. കുടുംബശ്രീയുടെ തന്നെ ഓണം, ക്രിസ്തുമസ്, റംസാൻ മേളകൾ ഇവയ്ക്കു പുറമേയാണ്. തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ സ്ഥിരം വിപണനശാല ആരംഭിച്ചിട്ടുണ്ട്. തൃശൂരിലെ കൊടകരയിൽ സാമൂഹ്യാധിഷ്ഠിത വിപണന ശൃംഖല വിപണന രംഗത്ത് പുതിയ സാധ്യതകൾ നേടാൻ സഹായിക്കുന്നു. കൂടാതെ ഹോം ഷോപ്പ് സംവിധാനം ഈ മേഖലയിലെ പുതിയ കാൽവയ്പാണ്. തൊഴിൽ സാധ്യതകളും ആവശ്യങ്ങളും ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ രീതിയിൽ ചിട്ടപ്പെടുത്തുന്നതിനും പ്രാദേശിക തൊഴിൽ വികസന ആവശ്യങ്ങൾ മനുഷ്യ വിഭവശേഷിക്ക് അനുയോജ്യമായ രീതിയിൽ പ്രത്യേക ഉപജീവന വികസന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

സാമൂഹ്യ ശാക്തീകരണ രംഗത്തെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഏറെ പ്രശംസ പിടിച്ചു പറ്റിയവയാണ്. ദരിദ്രരിൽ ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായവരുടെ ക്ഷേമത്തിനായുള്ള പദ്ധതിയാണ് ആശ്രയ. പ്രധാനമന്ത്രിയുടെ പുരസ്കാരം കരസ്ഥമാക്കിയ 'ആശ്രയ' പദ്ധതി കുറ്റമറ്റതും കൂടുതൽ ഫലപ്രദവും ആകുന്നതിന് പദ്ധതി പുന:പരിശോധന നടത്തുകയും നിർവഹണ പുരോഗതി വിലയിരുത്തുകയും ചെയ്തു. 909 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 71,011 കുടുംബങ്ങളെ കണ്ടെത്തി അഗതി പുനരധിവാസ പദ്ധതിയായ ആശ്രയയിൽ ഉൾപ്പെടുത്തി. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ളതാണ് ബഡ്സ് സ്ക്കൂളുകൾ. പഞ്ചായത്തുകൾ നേരിട്ടു നടത്തുന്ന ഈ സ്ക്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നത് സമൂഹത്തിന്റെയാകെ ഉത്തരവാദിത്വമാണെന്നതാണ് വാസ്തവം. നമ്മുടെ ഗ്രാമങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ മാനസിക ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളാണ് ബഡ്സിൽ എത്തുന്നത്. സംസ്ഥാനത്തൊട്ടാകെയുള്ള 31 ബഡ്സ് സ്ക്കൂളുകൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ രജിസ്ട്രേഷൻ നേടിയെടുക്കാനായി.

## ബാലസഭ

കുടുംബശ്രീ കുടുംബങ്ങളിലെ കുട്ടികളുടെ കൂട്ടായ്മയാണ് ബാലസഭ. നഗര ഗ്രാമപ്രദേശങ്ങളിലെ 8.9 ലക്ഷം കുട്ടികളെ കണ്ണിചേർത്ത് 54,669 ബാലസഭകൾ രൂപീകരിച്ചു. കുട്ടികളുടെ സമഗ്ര വികസനത്തിനുതകുന്ന തരത്തിൽ അനൗപചാരിക ലഘു പഠന സംഘങ്ങൾ എന്ന തലത്തിലേക്ക് ബാലസഭകളെ മാറ്റിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാഴ്ചപ്പാടിനനുസരിച്ച് ബാല പഞ്ചായത്തുകളുടെ സംഘാടനത്തിലും മാറ്റം കൊണ്ടുവന്നു. സമഗ്ര കായികാരോഗ്യ പദ്ധതി എന്ന പേരിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ശാരീരിക മാനസികാരോഗ്യത്തിനായി ആരംഭിച്ചിരിക്കുന്ന പരിപാടി വൻവിജയമായി മുന്നേറുകയാണ്. ബാലസഭ കുട്ടികൾ 2010 ജൈവവൈവിധ്യ വർഷമായി ആചരിച്ചു.

നഗര പ്രദേശത്ത് വർദ്ധിച്ചു വരുന്ന ദാരിദ്ര്യം ലഘൂകരിക്കുന്നതിനും കുടുംബശ്രീ നിർണായക പങ്കുവഹിക്കുന്നു. എഡിഎസ് തലത്തിലായിരുന്ന സമ്പാദ്യ പ്രവർത്തനം അയൽക്കൂട്ട തലത്തിലാക്കിയത് ഒരു പ്രധാന മാറ്റമാണ്. നഗര പ്രദേശത്തെ ത്രിതല സംഘടനാ സംവിധാനത്തിന് ജനകീയ സ്വഭാവം കൊണ്ടുവരാനായിട്ടുണ്ട്. എസ്ജെഎസ്ആർവൈ ആക്ഷൻ പ്ലാൻ രൂപീകരണത്തിനും അംഗീകാരത്തിനും ഉണ്ടായിരുന്ന സങ്കീർണത പരിപാടികളുടെ വിജയത്തിന് വിഘാതം സൃഷ്ടിച്ചിരുന്നു. അതു മറികടക്കുന്നതിന്റെ ഭാഗമായി അംഗീകാര ചുമതല ജില്ലാ ആസൂത്രണ സമിതിക്ക് കൈമാറി. ത്രിതല സംഘടനാ സംവിധാനം എന്നാക്കുകയും സംരംഭവികസനത്തിന് പുതിയ രീതിശാസ്ത്രം വികസിപ്പിക്കുകയും ചെയ്തു. മലപ്പുറം, പെരുന്തൽമണ്ണ നഗരസഭകളിലെ ലൈവ്‌ലിഹുഡ് പ്രോജക്ട് ഈ രീതിയിൽ ഉള്ളവയാണ്. കൂടാതെ ഭവനരഹിതർക്ക് വായ്പ ലഭ്യമാക്കുന്ന ഭവനശ്രീ പദ്ധതിയിലൂടെ ഏകദേശം 46,000 പേർക്ക് പ്രയോജനം ലഭ്യമാക്കുകയും വായ്പാ കുടിശ്ശിക സർക്കാർ ഏറ്റെടുക്കുകയും ചെയ്തു.

പട്ടികവർഗ/ജാതി മേഖലയിലെ ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമിട്ടുകൊണ്ട് സവിശേഷ ഇടപെടൽ നടത്താനായി. പൊതു സമൂഹത്തിലെ സ്ത്രീകളെക്കാൾ കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന ഈ വിഭാഗങ്ങളെ കുടുംബശ്രീയുടെ കുടക്കീഴിൽ അണിനിരത്തുക എന്നത് അടിയന്തരാവശ്യമായിത്തന്നെ കണക്കാക്കിയതിന്റെ ഫലമാണ് എ.ഡിഎസ്/സിഡിഎസ് സംവിധാനങ്ങളിൽ പട്ടികവർഗ്ഗ/ജാതിക്കാരുടെ ആനുപാതിക പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ ബൈലോയിൽ ഭേദഗതി വരുത്തിയത്. 2009 ൽ നടന്ന തെരഞ്ഞെടുപ്പിൽ പങ്കാളിത്തം ഉറപ്പാക്കുവാനായി പ്രത്യേക അയൽക്കൂട്ടങ്ങൾ എന്ന ആശയം കുടുംബശ്രീയിൽ കൊണ്ടുവന്നത് പലതരത്തിലുള്ള സവിശേഷമായ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് വലിയ ആശ്വാസമായി. ഇതിന്റെ അടിസ്ഥാനത്തിലാണ് കാഴ്ച വൈകല്യമുള്ളവരും എച്ച് ഐ വി പോസിറ്റീവായവരും പ്രത്യേക അയൽക്കൂട്ടം രൂപീകരിച്ചത്.

*ശേഷം പേജ് 14*



അഭിമുഖം

# "സംസ്ഥാന പദ്ധതിയുടെ 25–30% വരെ വികസന ഫണ്ട് വർദ്ധിക്കും"

നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ ചെയർമാൻ **പ്രൊഫ. എം.എ. ഉമ്മനുമായി** പഞ്ചായത്തുവകുപ്പിലെ ജോയിന്റ് ഡയറക്ടർ **എൻ.സുരാജ്**, പബ്ലിസിറ്റി ആഫീസർ **ജി. ഹരികൃഷ്ണൻ** എന്നിവർ ചേർന്ന് നടത്തിയ അഭിമുഖത്തിൽ നിന്ന്

*? മുൻ ധനകാര്യ കമ്മിഷനുകളിൽ നിന്നും വ്യത്യസ്തമായി എന്തു നൂതന സമീപനമാണ് നാലാം സംസ്ഥാന ധനകമ്മിഷൻ സ്വീകരിച്ചിട്ടുള്ളത് ?*

= ഏത് ധനകാര്യ കമ്മിഷനായാലും അടിസ്ഥാനപരമായി രണ്ട് ധർമ്മങ്ങൾ നിർവഹിക്കുവാനുണ്ട്. ഒന്ന്-ലംബവും തിരശ്ചീനവുമായ അസന്തുലിതാവസ്ഥകൾ (Vertical and horizontal imbalances) പരിഹരിക്കുക, രണ്ട് - ഇതിനു സ്വീകരിക്കുന്ന പ്രമാണങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുക. ഇത് എല്ലാവരും ചെയ്യേണ്ടതാണ്. ഇതു ഭരണഘടന അനുശാസിക്കുന്ന ഉത്തരവാദിത്വവുമാണ്. ഇതുകൂടാതെ ഓരോ സംസ്ഥാനത്തിനും അവരുടെ പ്രത്യേക പരിശോധനാ വിഷയങ്ങൾ കൂടി ധനകാര്യ കമ്മിഷന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. അത്തരത്തിലുള്ള 10 വിഷയങ്ങളാണ് നാലാം കമ്മിഷനെ സംസ്ഥാന സർക്കാർ ഏല്പിച്ചിട്ടുള്ളത്. ഭരണഘടനാപരമായ ഉത്തരവാദിത്വത്തിനുള്ളിൽ നിന്നുകൊണ്ട് കഴിയുന്നത്ര കാര്യക്ഷമതയോടെ ഇവ നിർവഹിക്കുകയെന്നുള്ളതായിരുന്നു ഞങ്ങളുടെ അടിസ്ഥാന സമീപനം.

മേല്പറഞ്ഞ അസന്തുലിതാവസ്ഥകൾ പരിഹരിക്കുന്നതിന് മൂന്ന് അടിസ്ഥാന തത്വങ്ങൾ സ്വീകരിച്ചു. ഒന്ന് - കാര്യക്ഷമത (efficiency), രണ്ട് - തുല്യനീതി (equity), മൂന്ന് - യുക്തിപരത (rationality). മുൻകാല കമ്മിഷനുകൾ ഈ അടിസ്ഥാന ഘടകങ്ങൾക്ക് ഊന്നൽ നൽകിയിരുന്നെങ്കിലും തുല്യനീതിക്കാണ് നാലാം കമ്മിഷൻ ഏറെ പ്രാധാന്യം നൽകിയിട്ടുള്ളത്.

*? ഇക്കാര്യം കൂടുതൽ വിശദീകരിക്കാമോ?*

= വികസന ഫണ്ട് തദ്ദേശ സർക്കാരുകൾക്കിടയിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിരുന്ന മാനദണ്ഡങ്ങൾ പാടെ തിരുത്തി. ജനസംഖ്യയ്ക്കുള്ള അമിതപ്രാധാന്യം അമ്പത് ശതമാനമായി പരിമിതപ്പെടുത്തി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ഇല്ലായ്മ (deprivation) അനുഭവിക്കുന്ന മറ്റു വിഭാഗങ്ങൾ എന്നിവരെയും കൂടി കണക്കിലെടുത്തുകൊണ്ടുള്ള വെയിറ്റേജാണ് നല്കിയിട്ടുള്ളത്. ജനസംഖ്യ, നികുതി വരുമാന വർദ്ധനയ്ക്കുള്ള പരിശ്രമം എന്നിവയ്ക്കും മുൻതൂക്കം നൽകി. ഈ ഘടകങ്ങളാണ് കാര്യക്ഷമത, തുല്യനീതി, യുക്തിപരത എന്നിവയ്ക്ക് അടിസ്ഥാനം.

*? 'ഇല്ലായ്മ' എപ്രകാരമാണ് നിർണ്ണയിക്കപ്പെട്ടത്?*

അടിസ്ഥാനപരമായി അഞ്ച് ഘടകങ്ങൾ എടുത്തു. കൈവശഭൂമിയില്ലാത്തവർ, വാസയോഗ്യമായ വീട് ഇല്ലാത്തവർ, 300 മീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമല്ലാത്തവർ, വൈദ്യുതി ലഭിക്കാത്തവർ, ശുചിത്വ സൗകര്യങ്ങളുടെ അഭാവം എന്നിവയായിരുന്നു ആ ഘടകങ്ങൾ. ഇവ പരിഗണിച്ച് നിർദ്ദേശങ്ങൾക്ക് മുൻതൂക്കം നൽകി.

*? നികുതി വരുമാന വർദ്ധന എന്ന മാനദണ്ഡം സ്വീകരിക്കുവാനുണ്ടായ സാഹചര്യം എന്താണ്?*

= ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഏറ്റവും താഴെ തട്ടിലെ സ്വയംഭരണ തദ്ദേശീയ സർക്കാരുകളാണ്. സ്വയംഭരണം അർത്ഥവത്താകണമെങ്കിൽ തനത് വരുമാനം ഒരു അനിവാര്യ ഘടകമാണ്. ലോകമെമ്പാടുമുള്ള തദ്ദേശസർക്കാരുകളുടെ പ്രധാനപ്പെട്ട വരുമാന സ്രോതസ്സാണ് വസ്തുനികുതി. അനുദിനമെന്നോണം കെട്ടിടങ്ങൾ വർദ്ധിച്ചുവരുന്ന കേരളത്തിൽ വസ്തുനികുതിയും ആനുപാതികമായി വർദ്ധിക്കേണ്ടതാണ്. എന്നാൽ അത് ഉണ്ടായില്ല എന്നതാണ് ഞങ്ങളുടെ നിരീക്ഷണം. 2004-05 ൽ ഉണ്ടായിരുന്ന മൊത്തം നികുതി വരുമാനത്തിന്റെ 54 ശതമാനമായിരുന്ന വസ്തു നികുതി 2008-09ൽ 47 ശതമാനമായി കുറഞ്ഞു. അതുപോലെതന്നെ വിനോദനികുതിയിലും ഗണ്യമായ കുറവു സംഭവിച്ചു. പരസ്യനികുതിയുടെ ഫലസാദ്ധ്യതകളും വേണ്ടവണ്ണം ചൂഷണം ചെയ്തില്ല. നിത്യനിദാന ഭരണ ചെലവിനത്തിൽ ആണ്ടുതോറും 15 ശതമാനത്തിലധികം വർദ്ധനവ് വരുമ്പോൾ തനതു വരുമാന വർദ്ധനവ് 4.5 ശതമാനത്തിൽ മാത്രം ഒതുങ്ങിയാൽ അതു ഭൂഷണമല്ലല്ലോ.

*? വിപുലമായ വിവരശേഖരത്തിന്റെ അടിസ്ഥാനത്തിലാണല്ലോ കമ്മിഷൻ പഠനം നടത്തിയത്. എന്തായിരുന്നു സ്വീകരിച്ച രീതി?*

= ഇന്ത്യയിലാദ്യമായി ഓൺലൈൻ ഡേറ്റ ശേഖരണം നടത്താൻ നാലാം കമ്മിഷൻ പരിശ്രമിച്ചു. ഞങ്ങളുടെ സമയത്തിന്റേയും ഊർജ്ജത്തിന്റേയും സിംഹഭാഗവും ഇക്കാര്യത്തിനായി നീക്കിവച്ചുവെങ്കിലും പരിപൂർണ്ണത നേടി എന്ന് അവകാശപ്പെടുന്നില്ല. എങ്കിലും ആദ്യ ചുവടുവെയ്പെന്ന നിലയിൽ നിർണ്ണായകമായ തുടക്കമായിരുന്നു ഇത്. എന്നാൽ തദ്ദേശസർക്കാരുകൾ ഇക്കാര്യത്തിൽ വേണ്ടത്ര തയ്യാറെടുപ്പുകൾ നടത്തിയില്ല എന്നത് മറക്കുവാനോ മറയ്ക്കുവാനോ ഞാൻ മുതിരുന്നില്ല.

*? ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ ഓരോ പദ്ധതി കാലയളവിലും സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കി വന്നിരുന്ന പ്ലാൻ ഗ്രാന്റ് കുറഞ്ഞുവരുന്നതായി വികേന്ദ്രീകൃതാസൂത്രണം സംബന്ധിച്ച അങ്ങയുടെ പഠന റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരുന്നല്ലോ? അതിനു മാറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാമോ?*



*നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് ചെയർമാൻ പ്രൊഫ. എം.എ. ഉമ്മൻ ഗവർണർ ആർ.എസ്. ഗവായ്ക്ക് കൈമാറുന്നു. കമ്മീഷനിലെ പാർട്ട്ടൈം അംഗങ്ങളായ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, ഗവൺമെന്റ് സെക്രട്ടറി ഇഷിതാ റോയ് തുടങ്ങിയവർ സമീപം.*

## സംസ്ഥാന ധനകാര്യ കമ്മിഷൻ റിപ്പോർട്ട് നല്കി

നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചു. കമ്മിഷന്റെ അദ്ധ്യക്ഷൻ പ്രൊഫ. എം.എ. ഉമ്മൻ ഗവർണർ ആർ.എസ്. ഗവായ്ക്ക് റിപ്പോർട്ട് കൈമാറി. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും 2011–12 മുതൽ അഞ്ചുവർഷക്കാലത്തേക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധനകൈമാറ്റങ്ങൾ നടത്തുക. റിപ്പോർട്ടിന്റെ ആദ്യഭാഗമാണ് ഇപ്പോൾ സമർപ്പിച്ചിരിക്കുന്നത്.

= തീർച്ചയായും. സംസ്ഥാന പദ്ധതിയുടെ 25–30 ശതമാനം വരെ വികസനഫണ്ട് വർദ്ധിക്കുമെന്ന് ഉറപ്പാണ്. വിഹിതം കുറഞ്ഞുവരുന്ന പ്രവണത തിരുത്തുവാനുള്ള ശുപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2011–12 ൽതന്നെ എല്ലാ മേഖലകളിലുമായി ഏതാണ്ട് മുൻവർഷത്തേക്കാളും 30 ശതമാനം വർദ്ധന ഉണ്ടാകും.

*? മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയിലും വർദ്ധനവ് വരുമോ?*

= ജനറൽ പർപ്പസ് ഫണ്ടും മെയിന്റനൻസ് ഫണ്ടും രണ്ടാം ധനകാര്യ കമ്മിഷന്റെ ശുപാർശപോലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്. ഓരോ വർഷവും 10 ശതമാനം വീതം വർദ്ധിപ്പിക്കണമെന്ന മൂന്നാം ധനകമ്മിഷന്റെ ശുപാർശ തദ്ദേശ സർക്കാരുകളെ പ്രതികൂലമായി ബാധിച്ചു എന്നത് വസ്തുതയാണ്. വർദ്ധിച്ചുവരുന്ന സംസ്ഥാന നികുതിക്കൊപ്പം അതിനെ ബന്ധിപ്പിക്കാനുള്ള ഞങ്ങളുടെ ശുപാർശ ഈ രണ്ടു ഫണ്ടുകളുടേയും വർദ്ധനവിന് കാരണമാകും.

*? വർദ്ധിച്ച തോതിൽ ലഭിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുവാനുള്ള ശേഷി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇല്ല എന്ന് വിമർശനമുണ്ടല്ലോ? എന്താണ് അങ്ങയുടെ അഭിപ്രായം?*

= ലഭിക്കുന്ന ധനം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് സഹായകരമായ പല നിർദ്ദേശങ്ങളും റിപ്പോർ ട്ടിന്റെ രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. നിരവധി സർക്കാർ ഉത്തരവുകളുണ്ടെങ്കിലും മിക്കവാറും എല്ലാ ഫണ്ടുകളും പ്രത്യേകിച്ച് വികസന ഫണ്ട് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ തിരക്കിട്ട് ചെലവഴിക്കുന്ന പ്രവണതയാണ് കണ്ടുവരു

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2750 കോടി രൂപ വികസന ഫണ്ട്

2011–12 വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2750 കോടി രൂപ വികസന ഫണ്ടായി അനുവദിക്കുമെന്ന് ധനമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് 2011–12ലെ സംസ്ഥാന ബജറ്റ് അവതരണ വേളയിൽ പ്രഖ്യാപിച്ചു.

**ബജറ്റ് പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ:**

"നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ കേരളത്തിലെ അധികാര വികേന്ദ്രീകരണ നടപടികളുടെ ചരിത്രത്തിൽ നാഴികക്കല്ലായി മാറുകയാണ്. കഴിഞ്ഞ ധനകാര്യ കമ്മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റിൽ വരുത്തിയ വെട്ടിക്കുറവുകൾ പൂർണമായും പുനഃസ്ഥാപിച്ചു. ഇതിന്റെ ഫലമായി വിസ്മയകരമായ തോതിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ വർദ്ധിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് 2010–11 ൽ 2049 കോടി രൂപയായിരുന്നത് 2750 കോടി രൂപയായി ഉയർത്തുന്നു. കമ്മിഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പ് പദ്ധതിക്കു രൂപം നൽകിക്കഴിഞ്ഞിരുന്നതിനാൽ 2574 കോടി രൂപയേ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളു. 176 കോടി രൂപ കൂടി അധികമായി അനുവദിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ജനറൽ പർപ്പസ് ഗ്രാന്റ് 2010–11 ൽ 439 കോടി രൂപയായിരുന്നത് 617 കോടി രൂപയായി ഉയർത്തുന്നു. മെയിന്റനൻസ് ഗ്രാന്റ് 512 കോടിയിൽ നിന്ന് 793 കോടിയായി ഉയർത്തുന്നു. മൊത്തം ഗ്രാന്റ് 3000 കോടി രൂപയിൽ നിന്ന് 4160 കോടി രൂപയായി ഉയരും. 39 ശതമാനമാണ് വർദ്ധന. ധനവിന്യാസം സംബന്ധിച്ച കമ്മിഷന്റെ നിർദ്ദേശങ്ങൾ യാതൊരു ഭേദഗതിയുമില്ലാതെ സർക്കാർ അംഗീകരിക്കുന്നു."

**"ലോകമെമ്പാടുമുള്ള തദ്ദേശ സർക്കാരുകളുടെ പ്രധാനപ്പെട്ട വരുമാന സ്രോതസ്സാണ് വസ്തു നികുതി. അനുദിനമെന്നോണം കെട്ടിടങ്ങൾ വർദ്ധിച്ചുവരുന്ന കേരളത്തിൽ വസ്തുനികുതിയും ആനുപാതികമായി വർദ്ധിക്കേണ്ടതാണ്. എന്നാൽ അത് ഉണ്ടായില്ല എന്നതാണ് ഞങ്ങളുടെ നിരീക്ഷണം."**

ന്നത്. അഴിമതിക്ക് വളംവയ്ക്കുന്ന ഈ സമ്പ്രദായത്തിന് അറുതി വരുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകതന്നെ ചെയ്യുന്നുണ്ട്. ഉപാധികളോടെ ഫണ്ടുകൾ താഴോട്ട് കൈമാറ്റം ചെയ്യുന്നതുകൊണ്ടാണോ ഈ സ്ഥിതിവിശേഷം എന്നുകൂടി ഞങ്ങൾ പരിശോധിക്കുന്നുണ്ട്.

*? ഡിപ്പാർട്ടുമെന്റലിസം വികസനത്തിന് തടസ്സമായി നില്ക്കുന്നുവെന്ന ആരോപണത്തിൽ കഴമ്പുണ്ടോ? ഉണ്ടെങ്കിൽ എന്താണതിനു പരിഹാരം?*

= ഒരു പക്ഷെ ധനകാര്യകമ്മിഷന്റെ വ്യക്തമായ പരിധിക്കുള്ളിൽ വരാത്ത കാര്യമാണ് എന്നു പറഞ്ഞ് ഈ ചോദ്യത്തെ ഒഴിവാക്കുന്നത് ശരിയല്ല. ഡിപ്പാർട്ടുമെന്റുകൾ വഴി നൽകുന്ന ഫണ്ടുകൾ (B Fund) ഓരോ വർഷവും വർദ്ധിക്കുന്നു. മാത്രമല്ല, തദ്ദേശസർക്കാരുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഇന്നും തദ്ദേശഭരണ സമ്പ്രദായത്തിന്റെ അവിഭാജ്യ ഘടകമാണോ, അതോ ഡിപ്പാർട്ടുമെന്റുകളുടെ കാവൽക്കാരും നടത്തിപ്പുകാരും മാത്രമായി മാറുന്നോ എന്നു പരിശോധിക്കുവാൻ മന്ത്രിതലം മുതൽ കീഴോട്ടു വരെ ഒരന്വേഷണം ആവശ്യമാണ്.

*? അധികാരവികേന്ദ്രീകരണ പ്രക്രിയയെ വ്യവസ്ഥാപിതമാക്കുന്നതിൽ എത്ര മാത്രം മുന്നോട്ടുപോകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്?*

= മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന് വളരെയേറെ എടുത്തുപറയാവുന്ന നേട്ടങ്ങൾ ഉണ്ട്. നടപ്പുവർഷത്തെ കണക്കുപ്രകാരം മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ ഏതാണ്ട് 3.7 ശതമാനം (കൈമാറ്റം ചെയ്ത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം ഉൾപ്പെടെ) തദ്ദേശ സർക്കാരുകൾക്ക് വേണ്ടി ചെലവഴിക്കുന്നു. ഇത് മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാവുന്നതല്ല. ഒരുകാലത്ത് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 28 ശതമാനത്തോളം വരെ താഴോട്ട് നൽകിയ അനുഭവം ഉണ്ട്. വീണ്ടും ആ പഴയ യാഥാർത്ഥ്യത്തിലേക്ക് തിരിച്ചു പോകാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ മുൻപന്തിയിൽ നില്ക്കുന്നു എന്ന് അവകാശപ്പെടുന്ന കർണ്ണാടകവും പശ്ചിമബംഗാളും മഹാരാഷ്ട്രയും ഗുജറാത്തും അവരുടെ ഗ്രാമപഞ്ചായത്തുകൾക്ക് ഇത്രത്തോളം തുക നൽകി വളർത്തിയിട്ടില്ല. 3 കോടി രൂപ വരെ വാർഷിക ചെലവുള്ള ഗ്രാമപഞ്ചായത്തുകൾ ഇന്ത്യയിൽ കേരളത്തിൽ മാത്രമേയുള്ളൂ.

*? ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ഫണ്ടുകൾക്ക് പുറമേ പുതുതായി എന്തെങ്കിലും ശുപാർശ ചെയ്തിട്ടുണ്ടോ?*

= ഇപ്പോൾ നൽകിവരുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയ്ക്ക് പുറമേ ഏറ്റവും പിന്നോക്കം നില്ക്കുന്ന പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റും പരിസ്ഥിതി സംരക്ഷണത്തിന് സഹായകരമായ നടപടികൾ സ്വീകരിക്കുവാൻ പ്രത്യേക ഗ്രാന്റും ശുപാർശ ചെയ്തിട്ടുണ്ട്.

*? ഭരണഘടനാഭേദഗതിക്ക് ശേഷം അധികാരത്തിൽ വന്ന നാലാം തലമുറ തദ്ദേശഭരണ സാരഥികൾക്ക് എന്തു സന്ദേശമാണ് നൽകാനുള്ളത്?*

= ഈ ചോദ്യത്തെ ഞാൻ വളരെ സ്വാഗതം ചെയ്യുന്നു. ലോകത്ത് ജനാധിപത്യത്തിന്റെ പിള്ളതൊട്ടിലെന്ന് വിശേഷിക്കപ്പെടുന്ന ആതൻസിലെ നഗരസഭ അധികാരമേല്ക്കുമ്പോൾ എടുക്കുന്ന ഒരു പ്രതിജ്ഞാ വാക്യമുണ്ട്. "ഞങ്ങളെ ഏല്പിച്ചതിനേക്കാൾ, ഈ നഗരത്തെ, ഞങ്ങളുടെ പ്രവർത്തനങ്ങളിലൂടെ പൗരന്മാരുടെ കർത്തവ്യബോധം വർദ്ധിപ്പിക്കുകയും നഗരത്തെ കൂടുതൽ മേൽത്തരവും സുന്ദരവും കാര്യക്ഷമവുമാക്കി മാറ്റുമെന്നും ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു." ഇത്തരത്തിലുള്ള ഒരു പ്രതിജ്ഞ ഓരോ പുതിയ തലമുറ ജനപ്രതിനിധിയും എടുക്കുകയും അവരുടെ പ്രദേശത്തെ കൂടുതൽ സുന്ദരമാക്കാൻ ആത്മാർത്ഥമായി യത്നിക്കുകയും ചെയ്താൽ തന്നെ അതു വലിയ നേട്ടമാകും. അഴിമതി ഇല്ലാതാക്കുകയും, വാർഡുതല വികസനത്തേക്കാൾ തദ്ദേശീയ വികസനത്തിന് ഊന്നൽ നൽകുകയും, സ്റ്റാന്റിംഗ് കമ്മിറ്റികളെ (പ്രത്യേകിച്ച് ധനകാര്യവും വികസനവും) ഊർജ്ജസ്വലമാക്കുകയും, ഗ്രാമസഭകൾ ജനങ്ങളോട് സംവദിക്കാനുള്ള വേദിയാക്കി മാറ്റുകയും ചെയ്താൽ കേരളത്തിന്റെ മുഖച്ഛായ തന്നെ മാറും. ■

## ശാക്തീകരണത്തിന് അനുപമ മാതൃക കുടുംബശ്രീ

*പേജ് 11ൽ നിന്ന്*

സൂക്ഷ്മ സമ്പാദ്യ സംരംഭ മേഖലകളിലൂടെ സ്വന്തമായി വരുമാനം നേടുന്ന പല സ്ത്രീകളും സാമ്പത്തിക ചൂഷണത്തിന് ഇരയാകുന്നു. ഈ സാമ്പത്തിക സ്വാതന്ത്ര്യമില്ലായ്മ സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപദവി കാഴ്ചപ്പാടുകൾക്ക് അനുസൃതമാണെന്ന് കാണാൻ കഴിയും. അതുകൊണ്ടാണ് കുടുംബശ്രീ സ്ത്രീ പദവി സ്വയം പഠന പ്രക്രിയ ആവിഷ്കരിച്ചത്. സ്വന്തം ജീവിതത്തെ അപഗ്രഥിച്ചു കൊണ്ട് ലിംഗപരമായ വിവേചനം തിരിച്ചറിയുവാൻ സഹായിക്കുന്ന നൂതന പദ്ധതിയാണിത്. സ്ത്രീ പദവി സ്വയംപഠനത്തിന്റെ ഭാഗമായുള്ള അയൽക്കൂട്ടതല ചർച്ചകളും സംവാദങ്ങളും റിസോഴ്സ് പേഴ്സൺമാരുടെ വിപുലമായ ശൃംഖലയും വാർഡുതല പഠനസംഘങ്ങളുടെ രൂപീകരണവും സജീവമാക്കുന്നതിന് www.sreesakthi.org എന്ന വെബ്പോർട്ടൽ സഹായകമാവും.

കുടുംബശ്രീ ദ്വൈവാര വാർത്താപത്രികയും കേരളത്തിന്റെ കുടുംബശ്രീ എന്ന പേരിൽ ഒരു ത്രൈമാസികയും ഇപ്പോൾ പ്രസിദ്ധീകരിച്ചു വരുന്നു. കുടുംബശ്രീയുടെ ദൃശ്യത കൂടുതൽ മിഴിവുറ്റതാകുന്നതിനീ പ്രസിദ്ധീകരണങ്ങൾ സഹായിക്കുന്നു.

ജാതിമത കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായ കുടുംബശ്രീ സ്ത്രീശാക്തീകരണത്തിന് അനുപമ മാതൃകയാണ്. സ്ത്രീകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിലൂടെ കുടുംബശ്രീ സാധ്യമാക്കിയത് സാമ്പത്തിക ശാക്തീകരണമാണ്.എല്ലാ ജില്ലകളിലും കുടുംബശ്രീക്ക് എടുത്തു പറയാൻ നേട്ടങ്ങൾ ഏറെയുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.ആർ.എൽ.എമ്മിന് കുടുംബശ്രീ മാതൃകയായതും എൻ.ആർ.എൽ.എമ്മിന്റെ സംസ്ഥാനതല നടത്തിപ്പ് ചുമതല കുടുംബശ്രീക്ക് ലഭ്യമായതും അഭിമാനിക്കാവുന്ന നേട്ടങ്ങളിൽ ഒന്നാണ്.

വികസന ചർച്ചകളിൽ കുടുംബശ്രീയെ മാറ്റിനിർത്തുവാൻ ഇന്നു കഴിയില്ല. ഒരുമയോടെയും നിശ്ചയദാർഢ്യത്തോടെയും ആശയവ്യക്തതയോടെയും പ്രവർത്തിച്ചതു കൊണ്ടുമാത്രമാണ് ശാക്തീകരണത്തിന്റെ പുത്തൻ തലങ്ങളിൽ എത്താൻ കുടുംബശ്രീക്ക് സാധിച്ചത്. അതിൽ കുടുംബ**'ശ്രീ'**കൾക്ക് അഭിമാനിക്കാം. ■

*ലേഖിക കുടുംബശ്രീയിൽ*
*എക്സിക്യൂട്ടീവ് ഡയറക്ടറാണ്*

# സ്വരാജ് ഭവൻ സാക്ഷാത്ക്കരിക്കുന്നു

## ഉദ്ഘാടനം ഫെബ്രുവരി 21ന്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സംസ്ഥാനതല ആഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനു വേണ്ടി നിർമ്മിച്ചുവരുന്ന "സ്വരാജ്ഭവൻ" കെട്ടിടസമുച്ചയത്തിന്റെ നോർത്ത് ബ്ലോക്കിന്റെ ഉദ്ഘാടനം ഫെബ്രുവരി 21ന് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിക്കും. ഇപ്പോൾ നഗരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഗവൺമെന്റ് കെട്ടിടങ്ങളിലും വാടക കെട്ടിടങ്ങളിലുമാണ് ഇവ പ്രവർത്തിച്ചു വരുന്നത്. ഭരണപരമായ കാര്യങ്ങളിൽ കാലതാമസം ഒഴിവാക്കാനും പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും കൂടുതൽ സൗകര്യം പ്രദാനം ചെയ്യാനും പുതിയ കെട്ടിടസമുച്ചയത്തിനു കഴിയും. സ്വരാജ്ഭവൻ നിർമ്മിച്ചിരിക്കുന്നത് തിരുവനന്തപുരത്ത് നന്തൻകോടുള്ള പഴയ എൽ.പി. സ്കൂൾ കോമ്പൗണ്ടിലാണ്.

പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മിഷണറേറ്റ്, ചീഫ് ടൗൺ പ്ലാനർ ഓഫീസ്, ഇൻഫർമേഷൻ കേരള മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ, കില എന്നീ ഓഫീസുകൾക്ക് പ്രവർത്തിക്കാനുള്ള സൗകര്യമാണ് കെട്ടിടത്തിലുള്ളത്.

ഒൻപത് നിലകളിലായി കോൺക്രീറ്റ് ചട്ടക്കൂടിൽ ഉയരുന്ന ഈ കെട്ടിടത്തിന്റെ ഏറ്റവും താഴത്തെ നില പാർക്കിംഗിനായും അതിനു മുകളിലത്തെ നില കുടുംബശ്രീയുടെ അടുക്കള, ക്യാന്റീൻ, ഡൈനിംഗ് ഹാൾ എന്നിവയ്ക്കായും ഉപയോഗിക്കും. മൂന്നു മുതൽ ഒൻപതുവരെയുള്ള നിലകളിലാണ് ഓഫീസുകൾ പ്രവർത്തിക്കുന്നത്. ഒൻപതാമത്തെ നിലയിൽ 200 പേർക്ക് ഇരിക്കാവുന്ന ആഡിറ്റോറിയവും 60 പേർക്ക് വീതം ഇരിക്കാവുന്ന രണ്ട് സെമിനാർ ഹാളുകളും സജ്ജീകരിക്കുന്നുണ്ട്. കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 8400 ച.മീറ്ററാണ് (90000 ച.അടി).

കെട്ടിടത്തിനു വേണ്ടി കേരളത്തനിമയും പുതുമയുമുള്ള പ്ലാൻ, ആർക്കിടെക്ചർ ഡിസൈൻ, സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയത് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയാണ്. ഇതിന്റെ നിർമ്മാണം തദ്ദേശ സ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് നടത്തിയിട്ടുള്ളത്. ഈ കെട്ടിടസമുച്ചയത്തിന് 2008 ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 1490 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

ഈ മന്ദിരത്തിലെ ആഫീസുകൾക്ക് ആധുനിക രീതിയിലുള്ള ഫർണിച്ചർ സംവിധാനങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുത്തി 1941 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

ഈ കെട്ടിടത്തിന്റെ പൂർത്തിയായ ഒന്നാമത്തെ ബ്ലോക്കാണ് (North Block) ഉദ്ഘാടനത്തിന് സജ്ജമായിരിക്കുന്നത്. രണ്ടാമത്തെ ബ്ലോക്കിന്റെ(South Block) പണി ദ്രുതഗതിയിൽ പൂർത്തിയായി വരുന്നു. ■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*



പ്രൊഫ. പി.കെ. രവീന്ദ്രൻ

# ഇ.എം.എസ് ഭവന പദ്ധതി

## കേരളം ഭവനരഹിതരില്ലാത്ത സംസ്ഥാന പദവിയിലേക്ക്

ദുർബല ജനവിഭാഗങ്ങൾക്ക് വീടു നിർമ്മിച്ചു നൽകുക എന്നത് ഭരണകൂടത്തിന്റെ ഉത്തരവാദിത്വമായി കേരളസർക്കാർ ഏറ്റെടുത്തതാണ്. ദേശീയ തലത്തിലും ഈ ലക്ഷ്യത്തോടെയുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭവനരഹിത കുടുംബങ്ങളുടെ എണ്ണവും ഓരോ വർഷവും നിർമ്മിച്ചു കൊടുക്കുവാൻ കഴിയുന്ന വീടുകളുടെ എണ്ണവും തമ്മിലുള്ള അന്തരം വളരെ വലുതായിരുന്നു. അതുകൊണ്ടുതന്നെ ഭവന രഹിതരുടെ എണ്ണം കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിരുന്നില്ല. ഓരോ വർഷവും കൂടുതലായുണ്ടാകുന്ന കുടുംബങ്ങൾ ഈ സംഖ്യ വർധിക്കാനിടയാക്കി. സാമൂഹിക പങ്കാളിത്തത്തോടെ ദുർബല വിഭാഗങ്ങൾക്ക് വീടു നൽകാനുള്ള ആദ്യശ്രമം നടന്നത് കേരളത്തിലാണ്. എഴുപതുകളിൽ നടന്ന ലക്ഷം വീടു പദ്ധതിയുടെ ഭാഗമായി അറുപതിനായിരത്തിലേറെ വീടുകൾ നിർമ്മിക്കപ്പെട്ടു. കേന്ദ്ര സർക്കാരിന്റെ ഇന്ദിര ആവാസ് യോജന (IAY) പദ്ധതിയും ഗണ്യമായ നേട്ടം കൈവരിച്ച പദ്ധതിയാണ്.

### തദ്ദേശഭരണ സ്ഥാപനങ്ങൾ രംഗത്ത്

ജനകീയാസൂത്രണത്തെ തുടർന്നാണ് പഞ്ചായത്തുകളും നഗരസഭകളും ഭവന നിർമ്മാണ രംഗത്തെത്തുന്നത്. ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണം, ചേരി നിർമ്മാണം എന്നിവ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയായി. ഈ സാമൂഹ്യ ബാധ്യത സർക്കാർ വകുപ്പുകൾ നിർവ്വഹിച്ചിരുന്നതിനേക്കാൾ വളരെയേറെ മെച്ചപ്പെട്ട രീതിയിൽ കേരളത്തിലെ പഞ്ചായത്തുകളും നഗരസഭകളും നിറവേറ്റുകയുണ്ടായി. ഒമ്പതാം പദ്ധതിക്കാലത്ത് അഞ്ചു ലക്ഷത്തിലേറെ വീടുകളും പത്താം പദ്ധതിക്കാലത്ത് 3.5 ലക്ഷത്തോളം വീടുകളും ദുർബല വിഭാഗങ്ങൾക്കു വേണ്ടി നിർമ്മിച്ചു നൽകാൻ കഴിഞ്ഞു. 2006-ൽ അധികാരമേറ്റ ഇടതു സർക്കാരിന്റെ കാലത്തും ഈ പ്രവർത്തനം ദ്രുതഗതിയിൽ നടന്നു വന്നു. 2006-07 വർഷത്തിൽ 54800 വീടുകളാണ് ഇത്തരത്തിൽ നിർമ്മിച്ചത്.

### ഭവന ആവശ്യകത

പുതിയ കുടുംബങ്ങൾ ഉണ്ടാവുകയും പഴയ വീടുകൾ വാസയോഗ്യമല്ലാതാവുകയും ചെയ്യുന്നതുകൊണ്ട് ഭവന ആവശ്യം വർധിച്ചു കൊണ്ടേയിരിക്കും. അതുകൊണ്ട് ഒരു നിശ്ചിത സമയത്ത് എല്ലാവർക്കും വീടു നൽകിക്കഴിഞ്ഞാൽ പിന്നീട് വീടു നൽകേണ്ടി വരില്ല എന്നു ചിന്തിക്കുന്നതു ശരിയല്ല. എന്നാൽ ഒരു





കാലത്ത് പൂർണ്ണമായി പരിഹരിച്ചു കഴിഞ്ഞാൽ പിന്നീടു വരുന്ന ആവശ്യം സാധാരണ രീതിയിൽ കൈകാര്യം ചെയ്യാൻ കഴിയുന്നതാണ്. മൊത്തം കുടുംബങ്ങളുടെ എണ്ണവും വീടുകളുടെ എണ്ണവും തുല്യമായതുകൊണ്ടും ഭവന പ്രശ്നം പരിഹരിക്കപ്പെടുകയില്ല. സംസ്ഥാന ആസൂത്രണ ബോർഡ് കണക്കാക്കിയതനുസരിച്ച് താമസമില്ലാത്ത 7 ലക്ഷത്തിലധികം വീടുകൾ കേരളത്തിലുണ്ട്. ഇക്കാരണങ്ങളാൽ കൃത്യമായ ഭവന ആവശ്യകത നിർണ്ണയിക്കുക എളുപ്പമല്ല. 11-ാം പദ്ധതിക്കാലം കൊണ്ട് കേരളത്തെ ഭവന രഹിതരില്ലാത്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ടാണ് വീടില്ലാത്ത കുടുംബങ്ങളുടെ കണക്കെടുത്തത്. ഡോ:അച്യുതൻ ചെയർമാനായി സർക്കാർ നിയോഗിച്ച കമ്മിറ്റി അഞ്ചു ലക്ഷം ഭവന രഹിത കുടുംബങ്ങളുണ്ടെന്നാണ് കണ്ടെത്തിയത്. ഇതിൽ ഒരു ലക്ഷം ഭൂരഹിത ഭവന രഹിതരാണ്. ഏതാണ്ട് ഇതേ സംഖ്യ തന്നെയാണ് ആസൂത്രണ ബോർഡിന്റെ ടാസ്ക് ഫോഴ്സും ഭവന വകുപ്പും കണ്ടെത്തിയത്. ദുർബല ജനവിഭാഗങ്ങൾക്ക് ഇത്രയും വീടു നൽകുക എന്നത് ഒരു പദ്ധതിക്കാലത്ത് ചെയ്യാൻ കഴിയും എന്ന് മുൻ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആത്മവിശ്വാസം തോന്നിയതു കൊണ്ടാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കിയത്.

മുഴുവൻ ഭവന രഹിത കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് ലഭ്യമാക്കുക എന്ന ലക്ഷ്യം 2011 മാർച്ച് അവസാനത്തോടെ പൂർത്തീകരിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടത്.

1. നിലവിലുണ്ടായിരുന്ന ഭവന സഹായം തീരെ കുറവായിരുന്നതിനാൽ പട്ടിക വർഗ്ഗത്തിന് 1.25 ലക്ഷം, പട്ടികജാതിക്ക് 1 ലക്ഷം, പൊതു വിഭാഗത്തിന് 75000 രൂപ എന്നിങ്ങനെ ഭവന ധനസഹായം വർധിപ്പിച്ചു.
2. ഐ.എ.വൈ പദ്ധതി പ്രകാരമുള്ള ധനസഹായം തീരെ കുറവായിരുന്നു. വീടൊന്നിന് പട്ടിക വിഭാഗങ്ങൾക്കുൾപ്പെടെ 38500 രൂപ. ഇത് ഇ.എം.എസ് ഭവന പദ്ധതിക്കുള്ള ധനസഹായത്തിനൊപ്പമാക്കാനും അധിക തുക തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകാനും തീരുമാനിച്ചു.
3. നഗരപ്രദേശങ്ങളിൽ കേന്ദ്ര സഹായ പദ്ധതികളായ ബി.എസ്.യു.പി, ഐ.എച്ച്.എസ്.ഡി.പി എന്നീ പദ്ധതികളിൽ നിന്ന് പരമാവധി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് പ്രോജക്റ്റുകൾ സമർപ്പിച്ച് അംഗീകാരം നേടി. പുനരുദ്ധാരണമുൾപ്പെടെ 49064 വീടുകൾക്ക് കേന്ദ്ര സഹായം ലഭ്യമാക്കി.

തദ്ദേശഭരണ സ്ഥാപനങ്ങൾ ഭവന രഹിത കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അവരുടെ വികസന ഫണ്ടുപയോഗിച്ച് ഭവന നിർമ്മാണം നടത്തിക്കുക എന്ന പതിവു രീതിയാണ് ആദ്യ വർഷത്തിൽ സ്വീകരിച്ചത്. എന്നാൽ പ്രവർത്തനത്തിന് വേഗം കൂട്ടുന്നതിന് മൂന്നു വർഷം കൊണ്ടു തിരിച്ചടയ്ക്കാവുന്ന രീതിയിൽ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് പദ്ധതി പൂർത്തീകരിക്കാനും അനുമതി നൽകി. എന്നാൽ നിരവധി പഞ്ചായത്തുകളിൽ ഭവനരഹിത കുടുംബങ്ങളുടെ എണ്ണം വളരെ കൂടുതലായിരുന്നു. മൂന്നു വർഷം കൊണ്ടു തിരിച്ചടയ്ക്കാവുന്ന വായ്പ കൊണ്ട് തീരുന്നതായിരുന്നില്ല അവരുടെ പ്രശ്നം. അതുപോലെ തന്നെ അർഹരായ മുഴുവൻ ഭവനരഹിത കുടുംബങ്ങളെയും ഉൾപ്പെടുത്തുകയും അനർഹർ ഉൾപ്പെടുന്നില്ല എന്നുറപ്പാക്കുകയും വേണ്ടിയിരുന്നു. തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ തെക്കൻ സംസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ദുർബല വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതിയിൽ 20-25 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വീടുകളാണ് നിർമ്മിക്കുന്നത്. കേരള സാഹചര്യത്തിന് ഇത് തീരെ അപര്യാപ്തമാണ്. എന്നാൽ വളരെ വലിയ വീടിന്റെ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാൻ കഴിയാതാവുന്ന അവസ്ഥയും കടക്കാരായി മാറുന്ന അവസ്ഥയും അപകടകരമാണ്. നിയന്ത്രണങ്ങൾ വേണ്ടിയിരുന്നു. ഒരു നിശ്ചിത കാലത്തേക്കെങ്കിലും വീടുകൾ അന്യാധീനപ്പെടുന്നില്ല എന്നുറപ്പാക്കേണ്ടതും അത്യാവശ്യമായിരുന്നു.

ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചാണ് പത്തു വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന രീതിയിൽ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് പദ്ധതി നടപ്പിലാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ചത്. വായ്പയ്ക്കുള്ള പലിശ പൂർണ്ണമായും സർക്കാർ നൽകാനും തീരുമാനിച്ചു. ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഭവനരഹിത കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി. 3.5 ലക്ഷം ഭവനരഹിത കുടുംബങ്ങളും 1.35 ലക്ഷം ഭൂരഹിത ഭവനരഹിതകുടുംബങ്ങളുമുണ്ടെന്നാണ് കണ്ടെത്തിയത്. വീടിന്റെ തറ വിസ്തീർണ്ണം 40 ചതുരശ്ര മീറ്ററിൽ കൂടരുതെന്നും പത്തു വർഷത്തിനകം അന്യാധീനപ്പെടുത്തരുതെന്നും വ്യവസ്ഥ ചെയ്തു. ജനകീയ പിന്തുണയ്ക്ക് വ്യാപകമായ പ്രചരണ പരിപാടികൾ കൂടി നടത്തിയ ശേഷമാണ് പൂർണ്ണ തോതിൽ ആരംഭിച്ചത്.

പതിനൊന്നാം പദ്ധതിയുടെ ആദ്യ മൂന്നു വർഷങ്ങളിൽ 2.33 ലക്ഷം വീടുകൾ നിർമ്മിക്കപ്പെട്ടു. ഇവയുൾപ്പെടെ ഇതു വരെ 3.62 ലക്ഷം വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 1.25 ലക്ഷം വീടുകൾ നിർമ്മാണത്തിലിരിക്കുന്നു. 6800 കുടുംബങ്ങൾക്ക് ഭൂമി നൽകാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഭവന മേഖലയിൽ 2007-10 കാലഘട്ടത്തിൽ 1883 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചത്. ഈ വർഷം ഇതുവരെ ഗ്രാമപഞ്ചായത്തുകൾ മാത്രം 820 കോടി ചെലവഴിച്ചു കഴിഞ്ഞു. അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണം ആരംഭിച്ചും നിർമ്മാണത്തിലിരിക്കുന്ന മുഴുവൻ വീടുകളും സമയപരിധിക്കുള്ളിൽ പൂർത്തിയാക്കിയും കേരളത്തെ ഭവനരഹിതരില്ലാത്ത സംസ്ഥാനമാക്കാനുള്ള ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം. ■

*ലേഖകൻ*
*തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ്*



# കില
## മികവിന്റേയും മുന്നേറ്റത്തിന്റേയും അഞ്ച് വർഷങ്ങൾ

**പ്രൊഫ. എൻ. രമാകാന്തൻ**

അധികാരവികേന്ദ്രീകരണവും പ്രാദേശിക ഭരണനിർവഹണവും പ്രവൃത്തിപഥത്തിലെത്തിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാര്യപ്രാപ്തിയും ദിശാബോധവും പകരുന്നതിനായി കേരള സർക്കാർ രൂപം നല്കിയ 'കില' (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) ഇരുപത് വർഷം പൂർത്തിയാക്കുകയാണ്. വളർച്ചയുടെ പാതയിൽ പ്രവർത്തന മികവിന്റേയും അടിസ്ഥാനസൗകര്യ വികസനത്തിൽ ദീർഘവീക്ഷണത്തോടെയുള്ള മുന്നേറ്റത്തിന്റേയും കാലഘട്ടമായിരുന്നു പിന്നിട്ട അഞ്ചു വർഷങ്ങൾ. പരിശീലനത്തെ സാമൂഹിക-സാമ്പത്തിക വളർച്ചയ്ക്കും മാറ്റത്തിനുമുള്ള ഉപാധിയാക്കി എങ്ങിനെ പ്രയോജനപ്പെടുത്താം എന്നു തെളിയിച്ച കാലഘട്ടം.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സാമൂഹിക-സന്നദ്ധ പ്രവർത്തകരുടെയും പരിശീലനത്തിൽ അഭൂതപൂർവ്വമായ വളർച്ച കൈവരിച്ചതോടൊപ്പം പരിശീലനത്തിൽ നൂതനമായ സംവേദന രീതികൾ അവലംബിക്കുന്നതിനും ഈ കാലഘട്ടത്തിൽ കില ഊന്നൽ നൽകി. ഗ്രാമ-നഗര വികസനത്തിൽ കുതിച്ചുചാട്ടത്തിന്റെ ചാലകശക്തിയായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം കില നൽകിയ സേവനങ്ങൾ ദേശീയ-അന്തർദേശീയ തലങ്ങളിൽ ഒട്ടേറെ അംഗീകാരങ്ങൾക്കിടയാക്കി. അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ 'റിസോഴ്സ് സെന്ററായി' 'കില'യെ ഉയർത്താൻ കഴിഞ്ഞു എന്നതാണ് അഭിമാനകരമായ മറ്റൊരു നേട്ടം.

### അഞ്ചു വർഷം, ആറു ലക്ഷം പരിശീലന ദിനങ്ങൾ

കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് കില ആറു ലക്ഷത്തിലധികം പരിശീലനദിനങ്ങൾ സൃഷ്ടിച്ചു എന്നത് രാജ്യത്തിന്റെ പരിശീലന ചരിത്രത്തിൽ തന്നെ പുതിയൊരനുഭവവും വിസ്മയകരമായ നേട്ടവുമാണ്. പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ അടുത്ത ഘട്ടമായി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എടുത്ത തീരുമാനം പരിശീലന പരിപാടികൾക്ക് കൂടുതൽ സ്വീകാര്യതയും അനുകൂലമായ അന്തരീക്ഷവും ഉണ്ടാക്കി. ആവശ്യാധിഷ്ഠിതവും നിരന്തരവുമായ പരിശീലനം നൽകുക എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശീലനനയം നടപ്പാക്കുന്നതിന് 'കില' നടത്തിയ പരിശ്രമങ്ങളാണ് പരിശീലനം ജനകീയമാക്കാൻ സഹായിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രായോഗികാവശ്യങ്ങൾ ശാസ്ത്രീയമായി കണ്ടെത്തി ആവശ്യാധിഷ്ഠിത പരിശീലനങ്ങൾ യഥാസമയം നൽകുന്നതിന് കഴിഞ്ഞു. പരിശീലനത്തോടൊപ്പം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നിരന്തരമായ തുടർ സഹായങ്ങളും പിന്തുണാ സംവിധാനവും ഏർപ്പെടുത്തി. അധികാര വികേന്ദ്രീകരണത്തിന്റെ ലക്ഷ്യപ്രാപ്തിക്ക് ഉയർന്ന രാഷ്ട്രീയ ബോധവും ജനാധിപത്യബോധവുമുള്ള പൗരസമൂഹം ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി സാമൂഹിക-സന്നദ്ധ സംഘടനാ പ്രതിനിധികളുടെ പരിശീലനത്തിനും പ്രാധാന്യം നൽകുകയുണ്ടായി. സമൂഹത്തിലെ സാധാരണക്കാരുടെയും ദുർബല ജനവിഭാഗങ്ങളുടെയും സ്ത്രീ



*പുതിയ തദ്ദേശഭരണസ്ഥാപന പ്രതിനിധികൾക്കുള്ള പരിശീലനപരിപാടി തിരുവനന്തപുരത്ത് ടാഗോർ തീയേറ്ററിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി, കേരള നിയമസഭാ പ്രതിപക്ഷ ഉപനേതാവ് ജി. കാർത്തികേയൻ തുടങ്ങിയവർ സമീപം.*

കളുടെയും സാമൂഹികശാക്തീകരണവും വികസനവും ലക്ഷ്യമിട്ട് പ്രത്യേക പരിശീലന പരിപാടികളും കാര്യപ്രാപ്തി വികസന പരിപാടികളും നടപ്പാക്കി.

ദൈനംദിന ഭരണ നിർവഹണം ഫലപ്രദമാക്കുന്നതിനും വികേന്ദ്രീകരിക്കപ്പെട്ട അധികാരങ്ങളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവഹിക്കുന്നതിനും ജനപ്രതിനിധികളോടൊപ്പം ഉദ്യോഗസ്ഥർക്കും വിപുലമായ പരിശീലനങ്ങൾ യഥാസമയം സംഘടിപ്പിക്കാൻ കഴിഞ്ഞു. പരിശീലനം വിപുലമാക്കുന്നതിന് വികേന്ദ്രീകൃത പരിശീലന സംവിധാനം ശക്തിപ്പെടുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതികളുമായി സഹകരിച്ച് ജില്ലാടിസ്ഥാനത്തിൽ പരിശീലനം സംഘടിപ്പിച്ചു. അതോടൊപ്പം ജില്ലാതല പരിശീലനങ്ങളുടെ ഗുണമേന്മയും പഠന മികവും ഉറപ്പാക്കാൻ വിപുലമായ പരിശീലക പരിശീലനം രൂപകല്പന ചെയ്ത് നടപ്പാക്കി. പരിശീലനത്തിന്റെ ഭാഗമായി തയ്യാറാക്കിയ കൈപ്പുസ്തകങ്ങൾ പരിശീലനാനന്തരം പ്രയോജനപ്പെടുത്തുന്നതിനുള്ള റഫറൻസ് സാമഗ്രികളായി ഉപയോഗിക്കാനുതകുംവിധം പുനഃരൂപകല്പന ചെയ്തു. പിന്നിട്ട അഞ്ചു വർഷക്കാലം 'കില' യുടെ നേതൃത്വത്തിൽ നടത്തിയ പരിശീലനങ്ങളുടെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബാച്ചുകൾ | പങ്കാളിത്തം | പരിശീലന ദിനങ്ങൾ |
|---|---|---|---|
| 2006-07 | 789 | 37172 | 101779 |
| 2007-08 | 1198 | 110084 | 170882 |
| 2008-09 | 1279 | 97978 | 149767 |
| 2009-10 | 1164 | 95213 | 181182 |
| 2010-11 | 868 | 45680 | 88500* |

**ഗ്രാമ–നഗര വികസനത്തിൽ കുതിച്ചുചാട്ടത്തിന്റെ ചാലകശക്തിയായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം കില നൽകിയ സേവനങ്ങൾ ദേശീയ–അന്തർദേശീയ തലങ്ങളിൽ ഒട്ടേറെ അംഗീകാരങ്ങൾക്കിടയാക്കി. അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ 'റിസോഴ്സ് സെന്ററായി' 'കില'യെ ഉയർത്താൻ കഴിഞ്ഞു എന്നതാണ് അഭിമാനകരമായ മറ്റൊരു നേട്ടം.**

പത്താം പഞ്ചവത്സരപദ്ധതിക്കാലത്ത് 'കില' നടപ്പാക്കിയതിന്റെ മൂന്നിരട്ടിയിലധികം പരിശീലനങ്ങൾ പതിനൊന്നാം പദ്ധതിയിലെ നാലു വർഷം കൊണ്ട് നടപ്പാക്കാനായി എന്നതാണ് ശ്രദ്ധേയമായ ഒരു നേട്ടം. സംസ്ഥാന ബഡ്ജറ്റിൽ 'കില'യുടെ പരിശീലനങ്ങൾക്കായി കൂടുതൽ തുക വകയിരുത്തിയതും പരിശീലനത്തിന് സഹായകമായ രാഷ്ട്രീയ ഇച്ഛാശക്തി സൃഷ്ടിക്കാനായതുമാണ് ഈ നേട്ടം കൈവരിക്കാനിടയാക്കിയത്. പത്താം പഞ്ചവത്സര പദ്ധതിയിൽ ഒരു വർഷം ശരാശരി ഒരു കോടി രൂപ മാത്രമായിരുന്നു 'കില' യ്ക്ക് പദ്ധതി സഹായമായി കിട്ടിയതെങ്കിൽ പതിനൊന്നാം പദ്ധതിക്കാലത്ത് പ്രതിവർഷം ശരാശരി നാല് കോടി രൂപ എന്ന ക്രമത്തിൽ ബഡ്ജറ്റ് വിഹിതം ഉയർന്നു.

## മൂന്നാം ലോകരാജ്യങ്ങൾക്ക് മാതൃക

അധികാര വികേന്ദ്രീകരണത്തിനായി കേരളം സ്വീകരിച്ച നൂതനമായ വികസന പരീക്ഷണങ്ങൾ ഇന്ന് മൂന്നാം ലോകരാജ്യങ്ങൾക്കാകെ മാതൃകയാണ്. പ്രാദേശികാസൂത്രണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് 'കില' നടപ്പാക്കിയ പരിശീലനങ്ങളുടെ അനുഭവങ്ങൾ മനസിലാക്കുന്നതിനും കേരളത്തിലെ പ്രാദേശിക ഭരണ വികസന പ്രവർത്തനങ്ങൾ നേരിൽ കണ്ട്







പഠിക്കുന്നതിനുമായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിവിധ ലോകരാജ്യങ്ങളിൽ നിന്നും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പരിശീലകരും ഗവേഷകരും ഉൾപ്പെടെ നിരവധി പേർ 'കില'യിൽ എത്തുന്നുണ്ട്. അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, ശ്രീലങ്ക, നേപ്പാൾ എന്നിവിടങ്ങളിൽ നിന്നും വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുമാണ് പ്രധാനമായും പ്രതിനിധികൾ എത്തുന്നത്. ശ്രീലങ്കയിലെയും ബംഗ്ലാദേശിലെയും പ്രമുഖ പരിശീലന സ്ഥാപനങ്ങളുമായി ഇത്തരം പരിശീലനങ്ങൾക്കും പഠന-ഗവേഷണ പ്രവർത്തനങ്ങൾക്കും സഹായകമായ ധാരണാപത്രത്തിൽ ഒപ്പിടുന്നതിനും ഇതിനകം കഴിഞ്ഞു. ഐക്യരാഷ്ട്ര സംഘടനയുടെ ഭാഗമായ യൂണിസെഫ്, 'കില' യിൽ സമഗ്ര ശിശുവികസനത്തിനായുള്ള നാഷണൽ റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിന് സഹായം നൽകി വരുന്നു എന്നതും, കോമൺവെൽത്ത് ലോക്കൽ ഗവൺമെന്റ് ഫോറം പരിശീലന മൊഡ്യൂൾ തയ്യാറാക്കുന്നതിന് 'കില'യെ ചുമതല ഏല്പിച്ചു എന്നതും കേരളത്തിന് ലഭിച്ച സാർവ്വദേശീയ അംഗീകാരമാണ്.

**അടിസ്ഥാന സൗകര്യവികസനത്തിൽ അഭുതപൂർവ്വമായ നേട്ടം**

വളർച്ചയുടെ പുതിയ പടവുകൾ കയറുന്ന 'കില'യുടെ അടിസ്ഥാന സൗകര്യവികസനത്തിൽ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം നടന്നത്. ആധുനിക സൗകര്യത്തോടെയുള്ള ലൈബ്രറി കെട്ടിട നിർമ്മാണം പൂർത്തിയാക്കി. 1.89 കോടി രൂപ ചെലവു ചെയ്ത് നിർമ്മിച്ച ലൈബ്രറി കെട്ടിടത്തിന് 20,000 ചതുരശ്രയടി വിസ്തൃതിയുണ്ട്. ആധുനിക സൗകര്യത്തോടെയുള്ള ഇന്റർനാഷണൽ ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. വിദൂര പഠന-പരിശീലനത്തിന് സഹായകമായ വീഡിയോ കോൺഫറൻസ് സൗകര്യം സജ്ജീകരിച്ചു. നിലവിലുള്ള ഇരുപത് ഏക്കർ കാമ്പസ് അഞ്ച് ഏക്കർ കൂടി അക്വയർ ചെയ്ത് 25 ഏക്കറായി വികസിപ്പിച്ചു.

പരിശീലനത്തിനെത്തുന്നവരുടെ കുട്ടികളുടെ സംരക്ഷണത്തിനായി മുളങ്കുന്നത്തുകാവ് പഞ്ചായത്തുമായി സഹകരിച്ച് 'കില' കാമ്പസിൽ മാതൃകാ ശിശു സംരക്ഷണ കേന്ദ്രം സ്ഥാപിച്ച് 'കില'യെ ശിശു-സ്ത്രീ സൗഹൃദസ്ഥാപനമാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയായി വരുന്നു.

**അധികാരമേറ്റ് ആദ്യ നൂറു ദിവസത്തിനകം മുഴുവൻ ജനപ്രതിനിധികൾക്കും പ്രാഥമിക പരിശീലനം നൽകുക എന്ന തദ്ദേശഭരണ വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 'കില'യ്ക്ക് കഴിഞ്ഞു. 2010 നവംബർ 1-ാം തീയതി അധികാരമേറ്റ പുതിയ ജനപ്രതിനിധികൾക്ക് നവംബർ 12-ാം തീയതി തന്നെ പരിശീലനം ആരംഭിക്കുകയും 2011 ഫെബ്രുവരി മാസത്തോടെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു.**



**സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

തദ്ദേശസ്വയംഭരണ വകുപ്പിനേയും തദ്ദേശഭരണ സ്ഥാപനങ്ങളെയും തമ്മിൽ സർഗ്ഗാത്മകമായി ബന്ധിപ്പിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുടർസഹായങ്ങൾ ഉറപ്പാക്കുന്നതിനും പതിനൊന്നാം പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് രൂപം നൽകി. 'കില' യുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ഇ.എം.എസ് പാർപ്പിട പദ്ധതി ജനകീയമാക്കി നടപ്പാക്കുന്ന തിലും തൊഴിലുറപ്പ് പദ്ധതിയെ ജനങ്ങളിലെത്തിക്കുന്നതിലും "തൊഴിലും വീടും ജനകീയ കാമ്പ" യിന്റെ നടത്തിപ്പിലും സുപ്രധാനമായ സംഭാവനയാണ് നൽകിയിട്ടുള്ളത്.

**നൂതന സംവേദന രീതികൾ**

പരിശീലനം പ്രായോഗികാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിയ അനുകരണീയ മാതൃകകൾ ഡോക്കുമെന്റ് ചെയ്യുന്നതിനും 'കില' കഴിഞ്ഞ അഞ്ച് വർഷക്കാലം പ്രത്യേക ശ്രദ്ധ നൽകി. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ആർജ്ജിക്കുന്നതിനും പ്രാദേശിക സാധ്യതകൾക്കനുസൃതമായി പകർത്തുന്നതിനും വഴി തെളിക്കുന്ന 'പങ്കാളിത്ത പഠന പരമ്പര' കില യുടെ പരിശീലന ചരിത്രത്തിൽ പുതിയൊരനുഭവമായി. കഞ്ഞിക്കുഴി, ആര്യാട്, മണ്ണഞ്ചേരി, വടക്കാഞ്ചേരി, പൊൽപ്പുള്ളി, സുൽത്താൻ ബത്തേരി, കൊടകര, പേരാമ്പ്ര, ആര്യനാട്, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ സംഘടിപ്പിച്ച പങ്കാളിത്ത പഠന പരമ്പര പ്രാദേശിക വികസനാനുഭവങ്ങളുടെ ഡോക്കുമെന്റേഷനിലും വ്യാപന

**ഐക്യരാഷ്ട്ര സംഘടനയുടെ ഭാഗമായ യൂണിസെഫ്, 'കില'യിൽ സമഗ്ര ശിശുവികസനത്തിനായുള്ള നാഷണൽ റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിന് സഹായം നൽകി വരുന്നു എന്നതും, കോമൺ വെൽത്ത് ലോക്കൽ ഗവൺമെന്റ് ഫോറം പരിശീലന മൊഡ്യൂൾ തയ്യാറാക്കുന്നതിന് 'കില'യെ ചുമതല ഏല്പിച്ചു എന്നതും കേരളത്തിന് ലഭിച്ച സാർവ്വദേശീയ അംഗീകാരമാണ്.**

ത്തിലും സുപ്രധാനമായൊരു ഏടായിരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കിയ വിജയകരമായ പ്രവർത്തനങ്ങൾ ഡോക്കുമെന്റ് ചെയ്യുന്നതിനും വ്യാപനത്തിനും ദൂരദർശൻ പ്രക്ഷേപണം ചെയ്ത 'ഗ്രീൻ കേരള എക്സ്പ്രസ്സ്' എന്ന സോഷ്യൽ റിയാലിറ്റി ഷോ നടപ്പാക്കുന്നതിൽ 'ശുചിത്വ മിഷൻ', സി.ഡിറ്റ് എന്നീ സ്ഥാപനങ്ങളോടൊപ്പം കിലയും പങ്കാളിയായി.

**അടിസ്ഥാന വിവരശേഖരണം**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി വിവരങ്ങൾ ശേഖരിക്കുന്നതിനും ശാസ്ത്രീയവും സമഗ്രവുമായ വിവര വ്യൂഹം സൃഷ്ടിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പട്ടികജാതി -പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സഹായത്തോടെ 'കില'യുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം രാജ്യത്തിനാകെ മാതൃകയായി. സാമൂഹികനീതി സങ്കല്പനത്തിനനുസൃതമായി ശാസ്ത്രീയമായ ആസൂത്രണം സമഗ്രവികസന ലക്ഷ്യത്തോടെ നടപ്പാക്കുന്നതിന് സംസ്ഥാന-പ്രാദേശിക ഗവണ്മെന്റുകൾക്ക് ഈ വിവര വ്യൂഹം സഹായകമാവും. 10897 പട്ടികവർഗ്ഗ കുടുംബങ്ങളെയും 4645 പട്ടികവർഗ്ഗ ഊരുകളെയും സംബന്ധിച്ചും 546910 പട്ടികജാതി കുടുംബങ്ങളെയും 25923 പട്ടികജാതി സങ്കേതങ്ങളെയും സംബന്ധിച്ചും വിവരശേഖരണത്തിന് ഇതിനകം 3 കോടി 58 ലക്ഷം രൂപ 'കില' വിനിയോഗിച്ചു.

**സമയബന്ധിത പരിശീലനം**

അധികാരമേറ്റ് ആദ്യ നൂറു ദിവസത്തിനകം മുഴുവൻ ജനപ്രതിനിധികൾക്കും പ്രാഥമിക പരിശീലനം നൽകുക എന്ന തദ്ദേശഭരണ വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 'കില'യ്ക്ക് കഴിഞ്ഞു. 2010 നവംബർ 1-ാം തീയതി അധികാരമേറ്റ പുതിയ ജനപ്രതിനിധികൾക്ക് നവംബർ 12-ാം തീയതി തന്നെ പരിശീലനം ആരംഭിക്കുകയും 2011 ഫെബ്രുവരി മാസത്തോടെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 'കില'യുടെയും എസ്.ഐ.ആർ.ഡി.യുടെയും കൂട്ടായ നേതൃത്വത്തിലാണ് ഈ പരിശീലനം നടപ്പാക്കിയത്.

കഴിഞ്ഞ അഞ്ച് വർഷക്കാലം 'കില' ഏറ്റെടുത്ത് നടപ്പാക്കിയ മറ്റ് സുപ്രധാനമായ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെ കാര്യക്ഷമമായ സേവനപ്രദാന പ്രവർത്തനത്തിനുള്ള പരിശീലനം
- നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പരിശീലനം
- തൊഴിലും വീടും ജനകീയ കാമ്പയിൻ പരിശീലനം
- ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനുള്ള പരിശീലനം
- നഗരസഭകളുടെ അക്രൂവൽ അക്കൗണ്ടിംഗ് പരിശീലനം
- ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പരിശീലനം
- പുതിയ ജനപ്രതിനിധികൾക്കുള്ള പ്രാഥമിക പരിശീലനം
- പുതുതായി നിയമിക്കപ്പെടുന്ന പഞ്ചായത്ത് -നഗരസഭാ സെക്രട്ടറിമാർക്കുള്ള പരിശീലനം
- പുതുതായി നിയമിക്കപ്പെടുന്ന ജീവനക്കാർക്കുള്ള പരിശീലനം
- ദേശീയ-സാർവ്വദേശീയ ശില്പശാലകൾ
- ദേശീയ-സാർവ്വദേശീയ പരിശീലനങ്ങൾ
- ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള പരിശീലനം
- സ്ത്രീ പദവി പഠനം
- കർമ്മോന്മുഖ പഠന ഗവേഷണങ്ങൾ
- കിലയുടെ സോഷ്യൽ ഓഡിറ്റ്
- കിലയുടെ ഭാവി വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ
- കില കാമ്പസിൽ ജൈവമാലിന്യ സംസ്കരണത്തിനുള ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം
- കില ഹോസ്റ്റൽ കെട്ടിടങ്ങളുടേയും അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റേയും നവീകരണം
- കില കോർട്ടേഴ്സുകളിലും ഹോസ്റ്റലുകളിലും മഴവെള്ള സംഭരണത്തിനുള്ള ശുദ്ധജല സംഭരണികൾ
- പഞ്ചായത്ത് അസോസിയേഷനുകളും മുനിസിപ്പൽ ചേമ്പറുമായുള്ള സംയോജിത പരിപാടികൾ
- കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കായുള്ള മോഡൽ പഞ്ചായത്ത് രാജ് മാനുവൽ.

പരിശീലനത്തെ ആവശ്യാധിഷ്ഠിതവും പ്രയോജനകരമായ പഠനപ്രവർത്തനമാക്കി മാറ്റുന്നതിന് കരുതലോടെയുള്ള പരിശ്രമങ്ങളാണ് 'കില' ഇതിനകം നടത്തിയത്. ഈ ഉദ്യമങ്ങൾ പ്രാവർത്തികമാക്കാൻ 'കില' യ്ക്ക് കഴിഞ്ഞത് സംസ്ഥാന ഗവണ്മെന്റിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും ധനകാര്യ വകുപ്പിന്റേയും വർദ്ധിച്ച പിന്തുണയും സഹായവും കൊണ്ടാണ്. അധികാര വികേന്ദ്രീകരണത്തിൽ കേരളം രാജ്യത്തിന് മാതൃകയാകുന്നതോടൊപ്പം കാര്യപ്രാപ്തി വികസനത്തിലും പരിശീലനത്തിലും കില ദേശീയ-അന്തർദേശീയ തലങ്ങളിൽ മാതൃകയാവുകയാണ്. ■

*ലേഖകൻ*
*കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടറാണ്.*



ഡോ.വി.എം. ഗോപാലമേനോൻ, ഐ.എ.എസ്

# ഭാരത സെൻസസ്

നമ്മുടെ രാജ്യത്തെ ജനജീവിതത്തെപ്പറ്റിയുള്ള സമഗ്രമായ ഒരു അന്വേഷണമാണ് ജനസംഖ്യാ കണക്കെടുപ്പിലൂടെ സാദ്ധ്യമാകുന്നത്. ഇതു നമുക്ക് നമ്മുടെ രാജ്യത്തെപ്പറ്റിയുള്ള പല സുപ്രധാന വിവരങ്ങളും നൽകുന്നു. രാജ്യത്തിന്റെ വികസനത്തിനും മുന്നോട്ടുള്ള പ്രയാണത്തിനും സർവ്വോപരി ക്ഷേമ രാഷ്ട്രസങ്കൽപത്തിന്റെ ലക്ഷ്യപ്രാപ്തിക്കും അത്യാവശ്യമായ വിവരങ്ങൾ സെൻസസിലൂടെ നമുക്കു ലഭ്യമാകുന്നു. ഭാരത സെൻസസ് പത്തു വർഷത്തിലൊരിക്കലാണ് എടുത്തുവരുന്നത്. 1872 ലാണ് ഇന്ത്യയിലെ ആദ്യത്തെ സെൻസസ് നടത്തിയത്. ഇത് രാജ്യത്തെ വിവിധ സ്ഥലങ്ങളിൽ വിവിധ സമയങ്ങളിലായിട്ടാണു നടത്തിയത്. 1881 മുതൽ രാജ്യമൊട്ടാകെ ഒരേ സമയത്ത് സെൻസസ് എടുത്തുവരുന്നു. 2011 ലെ സെൻസസ് നമ്മുടെ രാജ്യത്തെ 15-ാമത്തെയും സ്വതന്ത്ര ഭാരതത്തിലെ 7-ാമത്തേയും സെൻസസ് ആണ്.

നമ്മുടെ രാജ്യം ഒരു ക്ഷേമരാഷ്ട്രമാണ്. സ്വാതന്ത്ര്യലബ്ധിമുതൽ തന്നെ സാധാരണക്കാരുടെ ഉന്നമനത്തിനായി പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും മറ്റു ക്ഷേമ പദ്ധതികളും തുടങ്ങിയിട്ടുണ്ട്. ഇവയെല്ലാം നടപ്പിലാക്കുന്നതിന് അടിസ്ഥാനപരമായ വിവരങ്ങൾ ആവശ്യമാണ്. സെൻസസാണ് ഈ വിവരങ്ങൾ നൽകുന്നത്. പാർലമെന്റ്, അസംബ്ലി, പഞ്ചായത്തുപോലെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ അംഗങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതും നിയോജക മണ്ഡലങ്ങളുടെയും വാർഡുകളുടെയും അതിർത്തി നിശ്ചയിക്കുന്നതും സെൻസസിൽ നിന്നും ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്.

ജനസംഖ്യാകണക്കെടുപ്പ്, ഒരു പ്രദേശത്തെപ്പറ്റിയും അവിടുത്തെ ജനങ്ങളെപ്പറ്റിയുമുള്ള ഒരു നിർദ്ദിഷ്ട സമയത്തെ വിലപിടിപ്പുള്ള വിവരങ്ങൾ നൽകുന്നു. ജനസംഖ്യയുടെ വളർച്ചയേയും സ്വഭാവ രീതികളേയും കുറിച്ചുള്ള വിവരങ്ങൾ ഇതിൽ നിന്ന് ലഭിക്കുന്നു. ഇത് ആസൂത്രണത്തിന് വളരെ ഉപയോഗപ്രദമാണ്. ഒരു രാജ്യത്തിന്റെയും ജനങ്ങളുടെയും പുരോഗതിക്കാവശ്യമായ നല്ല നയങ്ങളും പരിപാടികളും വികസിപ്പിച്ചെടുക്കുന്നതിന് സെൻസസ് കണക്കുകൾ ആവശ്യമാണ്. വ്യവസായികളുടെയും പഠിതാക്കളുടെയും ആസൂത്രകരുടെയും തെരഞ്ഞെടുപ്പ് അധികാരികളുടെയും ആവശ്യങ്ങൾക്കു പുറമെ വളരെ കഴിവുള്ളതും ഫലപ്രദവുമായ ഒരു പൊതുഭരണ സമ്പ്രദായത്തിനും സെൻസസ് വിവരങ്ങൾ ആവശ്യമാണ്.

ഭാരത സെൻസസ് 2011 ന്റെ രണ്ടാം ഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് ഇന്ത്യയിലുടനീളം ഫെബ്രുവരി 9 മുതൽ 28 വരെ നടത്തപ്പെടുന്നു. ഇതിനു മുന്നോടിയായി നടന്ന ഒന്നാം ഘട്ടത്തിൽ കെട്ടിടങ്ങൾക്ക് നമ്പർ ഇടുക, കുടുംബങ്ങൾക്ക് ലഭ്യമായ സൗകര്യങ്ങളേയും



*സെൻസസ് ഡയറക്ടറേറ്റ് സംഘടിപ്പിച്ച എഡിറ്റേഴ്സ് കോൺഫറൻസിൽ സെൻസസ് ഓപ്പറേഷൻസ് ഡയറക്ടർ വി.എം. ഗോപാലമേനോൻ സംസാരിക്കുന്നു.*

# 2011

**ജനസംഖ്യാകണക്കെടുപ്പ്, ഒരു പ്രദേശത്തെപ്പറ്റിയും അവിടുത്തെ ജനങ്ങളെപ്പറ്റിയുമുള്ള ഒരു നിർദ്ദിഷ്ട സമയത്തെ വിലപിടിപ്പുള്ള വിവരങ്ങൾ നൽകുന്നു. ജനസംഖ്യയുടെ വളർച്ചയേയും സ്വഭാവ രീതികളേയും കുറിച്ചുള്ള വിവരങ്ങൾ ഇതിൽ നിന്ന് ലഭിക്കുന്നു. ഇത് ആസൂത്രണത്തിന് വളരെ ഉപയോഗപ്രദമാണ്. ഒരു രാജ്യത്തിന്റെയും ജനങ്ങളുടെയും പുരോഗതിക്കാവശ്യമായ നല്ല നയങ്ങളും പരിപാടികളും വികസിപ്പിച്ചെടുക്കുന്നതിന് സെൻസസ് കണക്കുകൾ ആവശ്യമാണ്.**

കൈവശമുള്ള സാമഗ്രികളേയും കുറിച്ചുള്ള വിവരങ്ങൾ (കെട്ടിടങ്ങളുടെ സെൻസസ്) ശേഖരിക്കുക എന്നിവ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.

കേരളത്തിൽ സെൻസസ് വിവരങ്ങൾ ശേഖരിക്കുന്നതിനായി ഏകദേശം 66000 എന്യൂമറേറ്റർമാരെയും 11800 സൂപ്പർവൈസർമാരെയും നിയമിച്ചിട്ടുണ്ട്. അതുപോലെ എന്യൂമറേറ്റർമാരെയും സൂപ്പർവൈസർമാരെയും പരിശീലിപ്പിക്കുന്നതിനായി ഏകദേശം 1740 മാസ്റ്റർ ട്രെയിനർമാരെയും നിയമിച്ചിട്ടുണ്ട്. ഓരോ എന്യൂമറേറ്ററും അവർക്ക് അനുവദിച്ചിട്ടുള്ള ബ്ലോക്കുകളിലെ കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നു. ഇതിനുവേണ്ട ഫീൽഡ് വർക്കർമാരെ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സംരംഭങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഫീൽഡ് വർക്കർമാർ 2011 ഫെബ്രുവരി 5 മുതൽ മാർച്ച് 5 വരെ ഫീൽഡ് പ്രവർത്തനത്തിൽ ഏർപ്പെടും. 2011 ഫെബ്രുവരി 5 മുതൽ 8 വരെ ബ്ലോക്കുകളുടെ അതിർത്തികൾ കണ്ടെത്തുകയും ലേഔട്ട് മാപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. 2011 ഫെബ്രുവരി 9 മുതൽ 28 വരെ ജനസംഖ്യാ കണക്കെടുപ്പും മാർച്ച് 1 മുതൽ 5 വരെ പുനഃപരിശോധനയും നടത്തുന്നു. ഒരു എന്യൂമറേറ്റർ തനിക്കനുവദിച്ചിട്ടുള്ള ബ്ലോക്കുകളിലെ മുഴുവൻ ജനങ്ങളുടേയും കണക്കെടുക്കേണ്ടതാണ്.

ഓരോ എന്യൂമറേറ്റർമാരെയും 1948 ലെ സെൻസസ് ആക്ട് പ്രകാരമാണ് നിയമിച്ചിട്ടുള്ളത്. അതായത് അവർ ചെയ്യുന്ന ഡ്യൂട്ടിക്ക് നിയമത്തിന്റെ പ്രാബല്യം ഉണ്ട്. എന്യൂമറേറ്റർമാർക്ക് കൃത്യനിർവഹണത്തിന് സംരക്ഷണം നൽകുന്നതോടൊപ്പം വേണ്ടവിധം കർത്തവ്യം നിർവഹിക്കാതിരുന്നാലുള്ള ശിക്ഷാനടപടിയും നിയമം വ്യവസ്ഥ ചെയ്യുന്നു. സെൻസസ് എടുക്കുന്നതിനായി ഒരു വീട്ടിലേക്കോ താമസസ്ഥലത്തേക്കോ ജലയാനത്തിലേക്കോ മറ്റേത് സ്ഥലത്തേക്കോ പ്രവേശിക്കുവാനും കെട്ടിടങ്ങളിൽ പെയിന്റ് ചെയ്യുന്നതിനും നമ്പറിടുന്നതിനും ഉള്ള അവകാശം ഒരു എന്യൂമറേറ്റർക്ക് ഉണ്ട്. അതുപോലെ ജനസംഖ്യാകണക്കെടുപ്പിനുള്ള പട്ടികയിൽ (കുടുംബവിവര പട്ടികയിൽ) അച്ചടിച്ചിട്ടുള്ള ചോദ്യങ്ങൾ ചോദിക്കാനും വിവരങ്ങൾ ശരിയായ രീതിയിൽ നേടുവാനുമുള്ള അവകാശവും അവർക്കുണ്ട്. എന്നാൽ വിരോധമുളവാക്കുന്നതോ, അനുചിതമായതോ ആയ രീതിയിൽ ചോദ്യങ്ങൾ ചോദിക്കുകയോ അറിഞ്ഞുകൊണ്ട് തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്താൽ അയാൾക്ക് പിഴയും തടവുശിക്ഷയും ലഭിക്കുകയും ചെയ്യും. അതുപോലെ തന്നെ അനുമതി കൂടാതെ സെൻസസ് ആവശ്യങ്ങൾക്കായി ലഭിച്ച വിവരങ്ങൾ വെളിപ്പെടുത്തുകയാണെങ്കിലും അവർ ശിക്ഷാർഹരാണ്.

ഒരു എന്യൂമറേറ്റർ ഏതൊരാളോടാണോ ചോദ്യം ചോദിക്കുന്നത് ആ ചോദ്യത്തിന് അയാളുടെ അറിവിലും ഉത്തമവിശ്വാസത്തിലും ഉള്ള ഉത്തരം നൽകുന്നതിന് അയാൾ നിയമപരമായി ബാദ്ധ്യസ്ഥനാണ്. അതുപോലെ ഓരോ ആളും സെൻസസ് ഉദ്യോഗസ്ഥരെ അവരുടെ താമസസ്ഥലത്ത് പ്രവേശിക്കാൻ അനുവദിക്കേണ്ടതും അവരെ സെൻസസ് നമ്പറുകൾ പതിപ്പിക്കുന്നതിന് അനുവദിക്കേണ്ടതും ആകുന്നു. ഇതിനു വിസമ്മതിക്കുന്ന ആൾ ശിക്ഷിക്കപ്പെടുന്നതാണ്. അതുപോലെ തന്നെ കുറ്റകരമാണ് സെൻസസ് ആവശ്യങ്ങൾക്കായി പതിപ്പിച്ചിട്ടുള്ള അടയാളങ്ങൾ മായ്ച്ച് കളയുന്നത്. ഒരാൾ അയാളുടെ താമസസ്ഥലത്തേക്ക് സെൻസസ് ഉദ്യോഗസ്ഥന്റെ പ്രവേശനം അനുവദിക്കാത്തതും മനപൂർവം തെറ്റായ ഉത്തരങ്ങൾ നൽകുകയോ ഉത്തരങ്ങൾ നൽകാൻ വിസമ്മതിക്കുകയോ ചെയ്യുന്നതും ശിക്ഷാർഹമാണ്.

2011 ഫെബ്രുവരി 9 മുതൽ 28 വരെയുള്ള കാലയളവിൽ എന്യൂമറേറ്റർമാർ താങ്കളേയും കുടുംബത്തേയും എന്യൂമറേറ്റ് ചെയ്തിട്ടുണ്ടെന്നും, ഒരു പ്രാവശ്യമേ എന്യൂമറേറ്റ് ചെയ്തിട്ടുള്ളൂ എന്നും ഉറപ്പുവരുത്തണം. താങ്കളുടെ കുടുംബത്തിലെ എല്ലാ വ്യക്തികളേയും കുറി

### 2011ലെ ഭാരത സെൻസസിന് രണ്ടു ഘട്ടങ്ങൾ

1. *വീടുകളുടെ പട്ടിക തയ്യാറാക്കലും വീടുകളുടെ സെൻസസും*
2. *ജനസംഖ്യാ കണക്കെടുപ്പ്*

- ജനസംഖ്യാകണക്കെടുപ്പ്, ഒരു പ്രദേശത്തെപ്പറ്റിയും അവിടുത്തെ ജനങ്ങളെപ്പറ്റിയുമുള്ള ഒരു നിർദ്ദിഷ്ട സമയത്തെ വിലപിടിപ്പുള്ള വിവരങ്ങൾ നൽകുന്നു.
- 2011 ലെ സെൻസസിന്റെ സൂചിത തീയതിയും സമയവും 2011 മാർച്ച് 1-ാം തീയതി 00:00 മണിക്കൂർ ആയിരിക്കും
- 2011 ഫെബ്രുവരി 9 മുതൽ ഫെബ്രുവരി 28 വരെയാണ് എന്യൂമറേഷൻ കാലമായി നിശ്ചയിച്ചിരിക്കുന്നത്

# ഭാരത സെൻസസ്

**ലോകത്തിലെതന്നെ ഏറ്റവും വലിയ ഭരണപരമായ പ്രവർത്തനമാണ് സെൻസസ്. ആസൂത്രണത്തിനു വേണ്ടിയുള്ള അടിസ്ഥാന വിവരങ്ങൾ നൽകുന്നതുവഴി നമ്മുടെ രാജ്യത്തിന്റെ ഭാവിക്ക് നിങ്ങൾ വലിയ സംഭാവനകൾ ചെയ്യുന്നു.**

ച്ചുള്ള 29 ചോദ്യങ്ങൾ അടങ്ങിയ കുടുംബവിവരപട്ടിക പൂരിപ്പിച്ചിട്ടുണ്ടെന്ന് സദയം ഉറപ്പു വരുത്തുക. വ്യക്തിയുടെ പേര്, കുടുംബനാഥൻ/നാഥയുമായുള്ള ബന്ധം, ആണോ പെണ്ണോ, ജനനത്തീയതിയും വയസ്സും, ഇപ്പോഴത്തെ വൈവാഹിക അവസ്ഥ, വിവാഹ സമയത്തെ വയസ്സ്, മതം, പട്ടികജാതി (SC)/പട്ടികവർഗ്ഗം (ST), വൈകല്യം, മാതൃഭാഷ, അറിയാവുന്ന മറ്റ് ഭാഷകൾ, സാക്ഷരതാ നിലവാരം, വിദ്യാഭ്യാസ സ്ഥാപനത്തിൽ പോകുന്നതിന്റെ സ്ഥിതി, നേടിയ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ നില, കഴിഞ്ഞ വർഷം എപ്പോഴെങ്കിലും ജോലി ചെയ്തിട്ടുണ്ടോ?, ഉത്പാദനപരമായ പ്രവർത്തനത്തിന്റെ വിഭാഗം, തൊഴിൽ, വ്യവസായത്തിന്റെയോ വ്യാപാരത്തിന്റെയോ സേവനത്തിന്റെയോ സ്വഭാവം, ജോലി ചെയ്യുന്ന ആളിന്റെ വിഭാഗം, ഉത്പാദനപരമല്ലാത്ത പ്രവർത്തനം, ജോലി അന്വേഷിക്കുന്നുണ്ടോ/ചെയ്യാൻ തയ്യാറുണ്ടോ?, ജോലി സ്ഥലത്തേക്കുള്ള യാത്ര, ജനനസ്ഥലം, അവസാനം താമസിച്ച സ്ഥലം, കുടിയേറ്റത്തിനുള്ള കാരണം, കുടിയേറ്റത്തിനുശേഷം ഈ വില്ലേജിൽ/പട്ടണത്തിൽ എത്രകാലമായി താമസിക്കുന്നു, ജീവിച്ചിരിക്കുന്ന മക്കൾ, ജനിച്ച മക്കൾ, കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ജീവനോടെ ജനിച്ച മക്കൾ എന്നിവയാണ് ആ ചോദ്യങ്ങൾ. ഇവയിൽ ജനനത്തീയതി, വൈകല്യമുള്ളവരെക്കുറിച്ചുള്ള വിവരങ്ങൾ, ജോലി (പ്രത്യേകിച്ചും സ്ത്രീകളും കുട്ടികളും വൃദ്ധജനങ്ങളും ചെയ്യുന്നവ) തുടങ്ങിയ വിവരങ്ങൾ പലപ്പോഴും പൂർണമായും റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കാറുണ്ട്.

കുടുംബത്തിലെ ഓരോ വ്യക്തിയുടെയും കൃത്യമായ ജനനത്തീയതി അറിയാമെങ്കിൽ അഥവാ കണക്കാക്കി എടുക്കാമെങ്കിൽ അത് എന്യൂമറേറ്ററുടെ സന്ദർശനത്തിനു മുന്നേ തന്നെ ഒരു കടലാസിൽ രേഖപ്പെടുത്തി വയ്ക്കാവുന്നതും വിവരം തരുന്ന ആൾക്ക് അത് കൃത്യതയോടെ എന്യൂമറേറ്റർക്ക് നൽകാവുന്നതുമാണ്.

നമ്മുടെ സംസ്ഥാനത്തിന് ഭാരതത്തിലെ ഇതരപ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പല വിധത്തിലുള്ള മേൻമകളും അവകാശപ്പെടാനുണ്ട്. പ്രത്യേകിച്ച് മെച്ചപ്പെട്ട സ്ത്രീസാക്ഷരത, സ്ത്രീപുരുഷാനുപാതം തുടങ്ങിയവ. പക്ഷെ 2001 സെൻസസിൽ സ്ത്രീകൾ ജോലി ചെയ്യുന്നതിന്റെ പങ്കാളിത്തനിരക്കിന്റെ സംസ്ഥാന ശരാശരി വെറും 15.4% ആണ്. സെൻസസ് വിവരശേഖരണത്തിൽ എവിടെയോ ഒരു കൃത്യതക്കുറവ് ഇക്കാര്യത്തിൽ കാണപ്പെടുന്നുണ്ട്. വേതനത്തോടു കൂടിയോ അല്ലാതെയോ ഉള്ള സ്ത്രീകളുടെ ചില ജോലികൾ പലപ്പോഴും വെളിപ്പെടുത്താതെ പോകുന്നു. അതിനാലാകാം ഇങ്ങനെ സംഭവിക്കുന്നത്. അതിനാൽ സ്ത്രീകൾ അവർ ചെയ്യുന്ന ജോലി റിപ്പോർട്ട് ചെയ്യേണ്ടതും എന്യൂമറേറ്റർമാർ സ്ത്രീകൾ എന്തെങ്കിലും ജോലി ചെയ്യുന്നുണ്ടോ എന്ന് വിശദമായി അന്വേഷിച്ച് കുടുംബവിവരപട്ടികയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

അതുപോലെ തന്നെ വൈകല്യത്തെക്കുറിച്ചുള്ള വിവരങ്ങൾ അത്തരത്തിലുള്ള ആളുകളുടെ വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യസേവനങ്ങൾ മുതലായവയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് ഗവൺമെന്റിനെ സഹായിക്കുന്നു. അതിനാൽ നിങ്ങളുടെ കുടുംബത്തിലെ ഏതെങ്കിലും വ്യക്തിക്ക് എന്തെങ്കിലും തരത്തിലുള്ള വൈകല്യമുണ്ടെങ്കിൽ യാതൊരു മടിയും കൂടാതെ എന്യൂമറേറ്ററോട് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### ഭാരത സെൻസസ് 2011 ചരിത്ര പശ്ചാത്തലം

- 1872ലാണ് ഇന്ത്യയിലെ ആദ്യത്തെ സെൻസസ് നടത്തിയത്. ഇത് രാജ്യത്തെ വിവിധ സ്ഥലങ്ങളിൽ വിവിധ സമയങ്ങളിലായിട്ടാണു നടത്തിയത്.
- 1881 മുതൽ രാജ്യമൊട്ടാകെ ഒരേ സമയത്ത് സെൻസസ് എടുത്തുവരുന്നു.
- 10 വർഷത്തിലൊരിക്കൽ സെൻസസ് എടുത്തുവരുന്നു.
- 2011ലെ സെൻസസ് നമ്മുടെ രാജ്യത്തെ 15-ാമത്തെയും സ്വതന്ത്ര ഭാരതത്തിലെ 7-ാമത്തേയും സെൻസസ് ആണ്.

### വൈകല്യം

***2001ലെ സെൻസസ് അനുസരിച്ച് കേരളത്തിൽ***

ആകെ വൈകല്യമുള്ളവർ **- 860794 (2.7%)** അതിൽ

കാണുന്നതിന് വൈകല്യമുള്ളവർ **- 334622 (38.9%)**

സംസാരിക്കുന്നതിന് വൈകല്യമുള്ളവർ **- 67066 (7.8%)**

കേൾക്കുന്നതിന് വൈകല്യമുള്ളവർ **- 79713 (9.3%)**

ചലനത്തിന് വൈകല്യമുള്ളവർ **- 237707 (27.6%)**

മാനസിക വൈകല്യമുള്ളവർ **- 141686 (16.5%)**

നിങ്ങളുടെ കുടുംബത്തിലെ അംഗങ്ങളുടെ വിവരങ്ങൾ പൂർണമായും വ്യക്തമായും സത്യസന്ധമായും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. കൈയ്യൊപ്പ് നൽകി വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുക. നിങ്ങൾ നൽകുന്ന വിവരങ്ങൾ വളരെ രഹസ്യമായി സൂക്ഷിക്കുന്നതാണ്. ഇതിലൂടെ കിട്ടുന്ന വിവരങ്ങളാണ് നമ്മുടെ രാജ്യത്തിന്റെ വികസനത്തിനാധാരം. എന്യൂമറേറ്റർമാർ വിവരങ്ങൾ ശേഖരിച്ചതിനു ശേഷം 2011 മാർച്ച് 1 നും 5 നും ഇടയിൽ ഒരിക്കൽകൂടി താങ്കളുടെ കുടുംബം സന്ദർശിക്കുന്നതാണ്. അവരുടെ സന്ദർശനത്തീയതിക്കു ശേഷവും 2011 മാർച്ച് 1 തുടങ്ങുന്ന 00:00 മണിക്കൂറിനുള്ളിലും കുടുംബങ്ങളിൽ ഉണ്ടാവാൻ ഇടയുള്ള ജനനം, മരണം, മറ്റെങ്ങും എന്യൂമറേറ്റ് ചെയ്യപ്പെടാത്ത സന്ദർശകർ എന്നീ വിവരങ്ങൾ താങ്കൾ അവർക്ക് അപ്പോൾ കൈമാറേണ്ടതാണ്. അതുപോലെ ഭവനരഹിതരുടെ കണക്കെടുപ്പ് 2011 ഫെബ്രുവരി 28-ാം തീയതി രാത്രിയിൽ നടത്തുന്നതാണ്.

ലോകത്തിലെതന്നെ ഏറ്റവും വലിയ ഭരണപരമായ പ്രവർത്തനമാണ് സെൻസസ്. ആസൂത്രണത്തിനു വേണ്ടിയുള്ള അടിസ്ഥാന വിവരങ്ങൾ നൽകുന്നതുവഴി നമ്മുടെ രാജ്യത്തിന്റെ ഭാവിക്ക് നിങ്ങൾ വലിയ സംഭാവനകൾ ചെയ്യുന്നു. കൃത്യവും സത്യസന്ധവുമായ വിവരങ്ങൾ നൽകി ഈ മഹത്തായ ദേശീയ സംരംഭം പൂർണ്ണമായ ഒരു വിജയമാക്കിത്തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ■

*ലേഖകൻ സെൻസസ് ഓപ്പറേഷൻസ്, കേരള ഡയറക്ടറാണ്*

# മാലിന്യമുക്ത കേരളം

## കർമ്മ പരിപാടിയും ശുചിത്വ മേഖലയിലെ നേട്ടങ്ങളും

ഡോ. ആർ. അജയകുമാർ വർമ്മ

ആരോഗ്യവും ഐശ്വര്യവും സന്തോഷവും നിറഞ്ഞ ജീവിത ഗുണമേന്മ നിലനിർത്തുന്നതിന് ശുചിത്വം അതിപ്രധാന ഘടകമാണ്. ഒരു ജനതയുടെ ആദർശവും സംസ്ക്കാരവും ജീവിതരീതിയും ആ പ്രദേശത്തെ ശുചിത്വ സ്ഥിതി പ്രതിഫലിപ്പിക്കുന്നു. വ്യക്തിശുചിത്വം, ഗൃഹശുചിത്വം, പരിസരശുചിത്വം, സ്ഥാപനശുചിത്വം, മനുഷ്യവിസർജ്ജ്യ നിർമ്മാർജ്ജനം, ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം, കുടിവെള്ള സുരക്ഷ എന്നിവയാണ് ശുചിത്വത്തിന്റെ പ്രധാന ഘടകങ്ങൾ. വ്യക്തിശുചിത്വം, ഗൃഹശുചിത്വം ഇവ പാലിക്കുന്നതിൽ കേരള സമൂഹം അതീവ ജാഗ്രത പുലർത്താറുണ്ടെങ്കിലും പൊതു ശുചിത്വം മലയാളി മനസ്സുകളിൽ വേണ്ടത്ര വേഗത്തിൽ ഇടം പിടിക്കുന്നില്ല. ഇതിന്റെ പ്രതിഫലനമാണ് കുന്നുകൂടുന്ന മാലിന്യവും വർദ്ധിച്ചുവരുന്ന ജലമലിനീകരണവും വൃത്തിഹീനമായ പൊതുസ്ഥലങ്ങളും. വളരെ പെട്ടെന്ന് രോഗാതുരത വർദ്ധിച്ചുവരുന്നത് പൊതുസമൂഹം ശ്രദ്ധിച്ചില്ല. എന്നാൽ അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെട്ട പകർച്ചവ്യാധികൾ കേരള സമൂഹത്തെ ഞെട്ടിച്ചു. ഇതാണ് മാലിന്യമുക്ത കേരളം കർമ്മപരിപാടിയുടെ പശ്ചാത്തലം.

'ശുചിത്വം സമൂഹത്തിന്റെ അവകാശവും ഒപ്പം ഓരോ വ്യക്തിയുടെയും കടമയുമാണ്' എന്ന അടിസ്ഥാന പ്രമാണത്തിലൂന്നിയാണ് 2006 ഒക്ടോബർ 2ന് മാലിന്യമുക്ത കേരളം കാമ്പയിൻ സർക്കാർ ആവിഷ്ക്കരിച്ചത്. സന്നദ്ധ സാങ്കേതിക പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും വിപുലമായ പരിശീലനം നൽകിയും തദ്ദേശഭരണ സ്ഥാപനതലത്തിൽ ഹെൽത്ത് പ്രൊമോഷൻ ടീമുകൾ രൂപീകരിച്ചും ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും വ്യാപകമായ ശുചീകരണ യജ്ഞങ്ങൾ നടത്തിയും മാലിന്യമുക്ത കേരളം എന്ന മുദ്രാവാക്യം ഒരു സാമൂഹിക അജണ്ടയായി രൂപപ്പെടുത്തുകയുണ്ടായി. ഇതോടൊപ്പം സംസ്ഥാനതലത്തിൽ ശുചിത്വമേഖലയിൽ നാളിതുവരെയുണ്ടായിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും വിദഗ്ധസഹായത്തോടെ വിശകലനം ചെയ്ത് പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തുകയും വിവിധ സ്ഥലങ്ങളിൽ നടപ്പിലാക്കിയ നല്ല മാതൃകകൾ എങ്ങനെ വ്യാപകമാക്കാമെന്ന് പരിശോധിക്കുകയുമുണ്ടായി. ഈ ശ്രമങ്ങളിലൂടെയാണ് സമഗ്രമായ മാലിന്യമുക്ത കേരളം കർമ്മപരിപാടി രൂപപ്പെട്ടത്.

ശുചിത്വമേഖലയിൽ സുവ്യക്തമായ ലക്ഷ്യങ്ങളും പ്രവർത്തനപരിപാടിയും പ്രതീക്ഷിത ഫലവും വിശദീകരിക്കുന്ന മാലിന്യമുക്ത കേരളം കർമ്മ പരിപാടി 2007 നവംബർ 1 ന് ഇന്ത്യൻ പ്രസിഡന്റ് പ്രതിഭാദേവി പാട്ടീൽ പ്രകാശനം ചെയ്തു. 5 വർഷം കൊണ്ട് കേരളം ശുചിത്വ മേഖലയിൽ നിർവ്വഹിക്കേണ്ട പ്രധാന പ്രവർത്തനങ്ങളാണ് കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയത്. ഇതു നടപ്പിലാക്കുന്നതിനായി ശുചിത്വമേഖലയിലെ സാങ്കേതിക-സംഘടന സംവിധാനങ്ങൾ ശുചിത്വമിഷൻ എന്ന പേരിൽ ഏകോപിപ്പിച്ചു.

**മനുഷ്യ വിസർജ്ജ്യനിർമ്മാർജ്ജനം**

രോഗങ്ങൾ തടയുന്നതിനും ആരോഗ്യപൂർണ്ണമായ ജീവിത പരിസ്ഥിതി സംജാതമാക്കുന്നതിനും വേണ്ട ഏറ്റവും പ്രധാന ഉപാധിയായാണ് മനുഷ്യ വിസർജ്ജ്യ നിർമ്മാർജ്ജനത്തെ കേരളം കണ്ടത്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ മിക്കവാറും എല്ലാ കുടുംബങ്ങൾക്കും



ടോയ്‌ലറ്റ് ഉള്ള കേരളത്തിന്റെ സ്ഥിതി രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. 2009ലെ കണക്കനുസരിച്ച് കേരളത്തിലെ 97% കുടുംബങ്ങൾക്കും ടോയ്‌ലറ്റ് സൗകര്യം ലഭ്യമാണ്. രാജ്യ ശരാശരിയുടെ ഏകദേശം 2 മടങ്ങ് കൂടുതൽ. ഇതോടൊപ്പം സ്കൂളുകളിലും അംഗനവാടികളിലും പൊതുസ്ഥലങ്ങളിലും ടോയ്‌ലറ്റ് വ്യാപകമാക്കി. പ്രധാന നഗരങ്ങളിൽ സ്ത്രീകൾക്കായി നിർമ്മാണം ആരംഭിച്ചിട്ടുള്ള വിശ്രമ ശുചിത്വ കോംപ്ലക്സുകൾ ഇപ്പോൾതന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ടോയ്‌ലറ്റുകളുടെ ഉപയോഗം ശീലമാക്കി മാറ്റുന്നതിന് അംഗനവാടികളിൽ ശിശുസൗഹൃദ ടോയ്‌ലറ്റുകൾ സൗകര്യപ്രദമായി.അതുപോലെ പെൺകുട്ടികൾക്കുവേണ്ടി പ്രത്യേകം രൂപകൽപ്പന ചെയ്ത ടോയ്‌ലറ്റുകളും പ്രചരിപ്പിച്ചുവരുന്നു. പ്രത്യേകിച്ച് കേരളത്തിലെ ഒൻപതു തീരദേശ ജില്ലകളിലെ മൂന്നൂറിലധികം സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിനാനുപാതികമായി സ്ത്രീ സൗഹൃദ ടോയ്‌ലറ്റ് സൗകര്യം ഈ വരുന്ന മാർച്ച് മാസത്തോടെ പൂർത്തിയാകുകയാണ്. എന്നാൽ സാമ്പത്തിക-സ്ഥല-സാങ്കേതിക പരിമിതികളാൽ പ്രചരിപ്പിക്കപ്പെട്ട ടോയ്‌ലറ്റുകളിൽ ബഹുഭൂരിപക്ഷവും ഒറ്റക്കുഴി കക്കൂസുകളാണ്. പൊതുവെ ഉയർന്ന ഭൂഗർഭ ജലനിലയിലുള്ള കേരളത്തിൽ ഇക്കാരണത്താൽ ജലമലിനീകരണം വർദ്ധിക്കുന്നു എന്ന പഠന റിപ്പോർട്ടുകൾ ആശങ്കയുളവാക്കുന്നുവെങ്കിലും മനുഷ്യവിസർജ്ജ്യ നിർമ്മാർജ്ജനത്തിന്റെ ആദ്യഘട്ടം വിജയിച്ചു എന്നത് പരിസര ശുചിത്വ പ്രവർത്തനത്തിലെ ഏറ്റവും വലിയ നേട്ടമാണ്. സമ്പൂർണ്ണ ശുചിത്വ യജ്ഞം, ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ എന്നീ പദ്ധതികൾ ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് വലിയ മുതൽക്കൂട്ടായി.

### ഖരമാലിന്യ പരിപാലനം

കേരളത്തിലെ 1057 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 8500 ടൺ ഖരമാലിന്യമാണുണ്ടാകുന്നത്. ഇതിൽ 70–80 ശതമാനം അഴുകുന്ന ജൈവമാലിന്യമാണ്. ഇവയിൽ 50% മാലിന്യങ്ങളുടെയും ഉറവിടം ഗാർഹിക മേഖലയാണ്. ഹോട്ടലുകൾ, ഹോസ്പിറ്റലുകൾ, വാണിജ്യകേന്ദ്രങ്ങൾ തുടങ്ങിയവയാണ് മറ്റു പ്രധാന മാലിന്യ ഉത്പാദന കേന്ദ്രങ്ങൾ. ജൈവ മാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന സ്ഥിതിയിലേക്ക് കേരളം മാറേണ്ടത് അനിവാര്യമാണ്. എന്നിരുന്നാലും പട്ടണപ്രദേശങ്ങളിലും മാലിന്യം കൂടുതലായുണ്ടാകുന്ന മാർക്കറ്റുപോലുള്ള സ്ഥലങ്ങളിൽ പൊതുസൗകര്യവും ഉണ്ടാകണം. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി ഇന്ന് 36 നഗരപ്രദേശങ്ങളിലും ഖരമാലിന്യ പരിപാലന സംവിധാനം, പ്രശ്നങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനക്ഷമമാണ്. സ്ഥലലഭ്യതയുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നങ്ങളാൽ 22 നഗരങ്ങളിൽ പ്ലാന്റിന്റെ നിർമ്മാണം വേണ്ടത്ര പുരോഗമിച്ചിട്ടില്ല. 125 ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 225 നഗരവത്കൃത ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തുകൊണ്ട് അവിടെ ഖരമാലിന്യ സംവിധാനം സ്ഥാപിക്കുന്നതിനുള്ള ഊർജ്ജിത നടപടിയും സ്വീകരിച്ചു വരുന്നു. സംസ്ഥാന വികസന ഫണ്ടിൽ നിന്ന് ഏകദേശം 60 കോടി രൂപയും, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് 165 കോടി രൂപയും ഈ മേഖലയിൽ ചിലവഴിക്കുന്നു.

പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് പുനരുപയോഗത്തിനും പുന:ചംക്രമണത്തിനും ലഭ്യമാക്കുന്ന റിസോഴ്സ് റിക്കവറി സെന്ററുകൾ വ്യാപകമാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് പുന:ചംക്രമണത്തിനുള്ള മാതൃകാ പ്ലാന്റുകൾ ചില തദ്ദേശസ്ഥാപനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അറവുശാലകളിലെ മാലിന്യ സംസ്ക്കരണം, നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവർത്തനങ്ങളും നടന്നുവരുന്നു.

### ദ്രവമാലിന്യ സംസ്ക്കരണം

തിരുവനന്തപുരം, കൊച്ചി നഗരങ്ങൾ ഒഴിച്ച് ദ്രവ മാലിന്യ സംസ്ക്കരണത്തിന് കാര്യമായ ഒരു പ്രവർത്തനവും സംസ്ഥാനത്തുണ്ടായിട്ടില്ല. എന്നാൽ സുസ്ഥിര നഗര വികസന പദ്ധതിയിലും മറ്റു കേന്ദ്രാവിഷ്കൃത പദ്ധതിയിലുമുൾപ്പെടുത്തി 625 കോടി രൂപയുടെ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യമിടുകയുണ്ടായി. സാങ്കേതിക - സാമൂഹ്യ കാരണങ്ങളാൽ മന്ദഗതിയിലായിരുന്ന നിർവ്വഹണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

### കുടിവെള്ള സുരക്ഷ

കേരളത്തിലെ 80 ശതമാനത്തിലധികം ജനങ്ങൾ പ്രാദേശിക ജല സ്രോതസ്സുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. ഈ സ്രോതസ്സുകളുടെ ഗുണനിലവാരം അറിയുകയും മലിനീകരണ പ്രശ്നമുണ്ടെങ്കിൽ അവ കണ്ടെത്തി തടയുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇതിനായി പ്രാദേശിക ഇടപെടലുകൾ ഉണ്ടാകണം. നിലവിലുള്ള കുടിവെള്ള സുരക്ഷാ നിരീക്ഷണ സംവിധാനങ്ങളുടെ അപര്യാപ്തത കണക്കിലെടുത്ത് ഹയർ സെക്കന്ററി സ്കൂളുകളിലെ കെമിസ്ട്രി ലാബോറട്ടറികളെ പ്രാദേശിക കുടിവെള്ള സുരക്ഷ ഉറപ്പാക്കുന്ന പ്രവർത്തനവുമായി ബന്ധപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ പഠന പ്രവർത്തനവുമായി സംയോജിപ്പിക്കുന്നതിനുമുള്ള പ്രവർത്തനത്തിന് തുടക്കം കുറിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് അഞ്ചു സ്കൂളുകളിൽ ആരംഭിച്ച മാതൃകാ ലാബുകൾ പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. വരും വർഷം ഈ പ്രവർത്തനം കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുമ്പോൾ കുടിവെള്ള സുരക്ഷയുമായി ബന്ധപ്പെട്ട ഒരു വലിയ പ്രവർത്തനമായി ഇതു മാറും എന്നതിന് സംശയമില്ല.

### മാലിന്യമുക്ത കേരളം കർമ്മ പരിപാടി

മെച്ചപ്പെട്ട ജീവിത നിലവാരം രൂപപ്പെടുത്തുന്നതിനും ആരോഗ്യകരമായ ജീവിതം സാധ്യമാക്കുന്നതിനും ശുചിത്വ ബോധം ജനങ്ങളുടെ ഉള്ളിൽ നിന്നു തന്നെ രൂപപ്പെടേണ്ടതുണ്ട്. ഇതിനായുള്ള വ്യാപകമായ പ്രവർത്തനങ്ങളും പ്രവർത്തികളും 2006 മുതൽ ആരംഭിക്കുയുണ്ടായി. മഴക്കാല പൂർവ്വ ശുചീകരണ കാമ്പയിനുകൾ സംഘടിപ്പിച്ചുകൊണ്ട് വീടും പരിസരവും പൊതു സ്ഥലങ്ങളും വെള്ളക്കെട്ടില്ലാതെ സംരക്ഷിക്കുന്നതിനും സാധിക്കുകയുണ്ടായി. ഗാന്ധിജയന്തിക്കനുബന്ധമായി ശുചീകരണ കാമ്പയിനും ഉത്സവകാലത്ത് പ്ലാസ്റ്റിക്കിനെതിരെയുള്ള കാമ്പയിനും സംഘടിപ്പിച്ച് ശുചിത്വാവബോധം വർദ്ധിപ്പിച്ചു. 2008 വർഷം മാത്രം പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട നടപടികളിലൂടെ 2.5 കോടി പ്ലാസ്റ്റിക് കവറുകൾ പിടിച്ചെടുക്കുകയും 7 ലക്ഷം രൂപയോളം പിഴയീടാക്കുകയുമുണ്ടായി. ഈ ഊർജ്ജസ്വലത പിന്നീട് നിലനിർത്താനായില്ല എങ്കിലും പ്ലാസ്റ്റിക് കവറുകളുടെ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങൾവഴിയും കലാ ജാഥകൾ, റോഡ് ഷോകൾ തുടങ്ങിയവയിലൂടെയും ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിച്ചു. മലബാർ ഗോൾഡു പോലെയുള്ള സ്ഥാപനങ്ങളും വിദ്യാഭ്യാസം, ആരോഗ്യം, ജലവിഭവം തുടങ്ങിയ വകുപ്പുകളും ശുചിത്വ അവബോധ വ്യാപനത്തിൽ നേരിട്ടോ പരോക്ഷമായോ സഹായം ലഭ്യമാക്കി. ശുചിത്വ മിഷന്റെ വെബ് പോർട്ടൽ ഉപയോഗപ്പെടുത്തിയും ദൂരദർശന്റേയും ആകാശവാണിയുടേയും സഹായത്താലും ജനങ്ങളുമായി സംവേദിക്കുന്നതിനും ശുചിത്വ പ്രവർത്തനത്തിൽ അവരുടെ മുഖ്യ ശ്രദ്ധ ഉണ്ടാക്കുന്നതിനും ഒട്ടൊക്കെ സാധിച്ചിട്ടുണ്ട്. മാലിന്യമുക്ത കേരളമെന്ന ആശയം പ്രചരിപ്പിക്കുന്നതിൽ മലബാർ ഗോൾഡ് എന്ന സ്ഥാപനം ലഭ്യമാക്കിവരുന്ന സേവനം പ്രത്യേകം പ്രശംസനീയമാണ്.

### സ്കൂൾ ശുചിത്വ പരിപാടി

സ്കൂളുകളിലും പൊതു സ്ഥലങ്ങളിലും വീടുകളിലും ശുചിത്വ പരിപാലന പ്രചാരകരായും പ്രേരകരായും നിരീക്ഷ

കരായും വിദ്യാർത്ഥികൾ മാറുമ്പോൾ നമ്മുടെ പൊതുസമൂഹവും ശുചിത്വകാര്യത്തിന് തീർച്ചയായും കൂടുതൽ പ്രാധാന്യം നല്കും. ഇതിന്റെയടിസ്ഥാനത്തിലാണ് സ്കൂൾ ശുചിത്വ പ്ലാൻ തയ്യാറാക്കുന്നതിനും ആൺ പെൺ വിഭാഗത്തിൽപ്പെട്ടവർക്ക് സൗകര്യപ്രദമായ ടോയ്‌ലറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഖരദ്രവമാലിന്യ സംസ്ക്കരണത്തിന് സ്ക്കൂളുകളിൽ സംവിധാനങ്ങൾ ഒരുക്കുന്നതിനുമെല്ലാം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സർവ്വശിക്ഷാ അഭിയാനുമായി ചേർന്ന് തയ്യാറാക്കിയ തെളിമ എന്ന ശുചിത്വ പ്രവർത്തന പുസ്തകം വിദ്യാർത്ഥികൾ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. തെളിമയിലൂടെ കുട്ടികൾ നേടുന്ന അറിവും പ്രവർത്തി പരിചയവും ശുചിത്വാവബോധത്തെ പുതിയ തലത്തിലെത്തിക്കും. തെളിമയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലൂടെ ഹരിത സ്ക്കൂളുകൾ ഉയർന്നുവരുന്നതും ശ്രദ്ധേയമാണ്.

### ഗ്രീൻകേരള എക്സ്പ്രസ്സ്

ശുചിത്വം, ആരോഗ്യം കുടിവെള്ള വിതരണം, വിദ്യാഭ്യാസം, കൃഷി തുടങ്ങി വികസനത്തിന്റെ സമസ്ത മേഖലകളിൽ സുസ്ഥിരത ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന നിരവധി തദ്ദേശ സർക്കാരുകൾ കേരളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. ഇവരുടെ മാതൃകാപരമായ പ്രവർത്തനങ്ങൾ അന്യോന്യം പ്രചരിപ്പിക്കുകയും പഠിക്കുകയും പൊതു സമൂഹത്തിന്റെ ചർച്ചയ്ക്കും വിശകലനത്തിനും അംഗീകാരത്തിനുമായി സമർപ്പിക്കുകയും വേണം. അത്തരത്തിൽ മാത്രമേ നിലനിൽപ്പുള്ള വികസനം എന്ന ലക്ഷ്യം നമുക്കു സ്വായത്തമാകുകയുള്ളൂ. സി-ഡിറ്റും ദൂരദർശനുമായി ചേർന്ന് ശുചിത്വ മിഷൻ നടപ്പിലാക്കിയ 'ഗ്രീൻകേരള എക്സ്പ്രസ്' എന്ന സോഷ്യൽ റിയാലിറ്റി ഷോ ഒരു മാതൃക എന്ന നിലയിൽത്തന്നെ രാജ്യത്ത് വലിയ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ഒരു പക്ഷേ പ്രാദേശിക വികസനവുമായി ബന്ധപ്പെട്ടതും പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ളതുമായ തുടർ പ്രവർത്തനങ്ങൾക്ക് ഇത് ആക്കം കൂട്ടും.

### നിർമ്മൽ ഗ്രാമങ്ങൾ

ഒരു ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും സ്കൂളുകളിലും അംഗനവാടികളിലും കക്കൂസുകൾ ലഭ്യമാക്കുക, തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ഒഴിവാക്കിയും പൊതു പരിസര ശുചിത്വം ഉറപ്പാക്കിയും രാജ്യത്തെ ഓരോ പ്രദേശത്തെയും നിർമ്മൽ ഗ്രാമങ്ങളാക്കി മാറ്റുകയും അതിലൂടെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും സംസ്ഥാനവും രാജ്യവും നിർമ്മൽ ആയി മാറുകയും ചെയ്യുക എന്ന സ്വപ്നലക്ഷ്യം വെച്ചുകൊണ്ടാണ്

**'വൃത്തിയുള്ള കേരളം' എന്ന സങ്കല്പം സംസ്ഥാനം പിൻതുടരുന്ന വികസന സങ്കല്പങ്ങൾക്കും കേരളത്തിന്റെ സംസ്കാരം പരിരക്ഷിക്കുന്നതിനും ഒഴിച്ചുകൂടാനാവാത്തതാണ്. അടിസ്ഥാന ശുചിത്വ സംവിധാനങ്ങൾ സാർവത്രികമാക്കുന്നതിൽ കേരളം രാജ്യത്തിനു മാതൃകയായെങ്കിൽ ശുചിത്വ മേഖലയിലെ ആധുനിക പ്രവണതകൾക്കും പ്രശ്നങ്ങൾക്കും സ്ഥായിയായ പരിഹാരം കാണുന്നതിന് ഇനിയും ശ്രദ്ധയോടെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.**

രാജ്യത്തെ സമ്പൂർണ്ണ ശുചിത്വ യജ്ഞ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നത്. നിർമ്മൽ ഗ്രാമ പുരസ്കാരം നേടുന്നതിൽ രാജ്യത്തെ മുൻപന്തി സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ 97.3% ഗ്രാമ പഞ്ചായത്തുകളും ഈ നേട്ടം കൈവരിച്ചു കഴിഞ്ഞു. 11 ജില്ലകളിലെ എല്ലാ പഞ്ചായത്തുകളും നിർമ്മൽപുരസ്ക്കാരം വാങ്ങിക്കഴിഞ്ഞു. ഏതാണ്ട് 73 കോടി രൂപയാണ് സമ്മാനധനമായി സംസ്ഥാനത്ത് ലഭിച്ചത്. ബാക്കിയുള്ള 27 ഗ്രാമപഞ്ചായത്തുകൾക്കും നിർമ്മൽ ഗ്രാമപുരസ്ക്കാരം നേടിക്കൊണ്ട് സംസ്ഥാനത്തെ നിർമ്മൽ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള കഠിനശ്രമത്തിലാണ് നമ്മുടെ പഞ്ചായത്ത് ഭരണാധികാരികൾ.

### അറവുശാലകളുടെ പുനരുദ്ധാരണം

ഭക്ഷണ ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പ്രധാന ആവശ്യകതയാണ് സുരക്ഷിതവും വൃത്തിയുമുള്ള മാംസം ലഭ്യമാകുക എന്നത്. ഇതിനായി നിലവിലുള്ള നിയമങ്ങൾ പാലിച്ചു കൊണ്ട് ആധുനിക അറവുശാലകൾ ഉണ്ടാകേണ്ടതുണ്ട്. ഓരോ നഗരങ്ങളിലും ഗ്രാമപഞ്ചായത്തുകളുടെ കൂട്ടായ്മയിലും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. മൂന്നു തരത്തിലുള്ള അറവുശാലകൾ രൂപകൽപന ചെയ്ത് അവയുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഏകദേശം 50 കോടി രൂപ ഈ മേഖലയിൽ ചിലവഴിച്ചുകൊണ്ട് 25 ലധികം നഗരസഭകളിലും 50ലധികം ഗ്രാമപഞ്ചായത്തുകളിലും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി.

### മാലിന്യമുക്ത കേരളം അവാർഡുകൾ

മാലിന്യമുക്ത കേരളം കർമ്മ പരിപാടിയിലൂടെ ലക്ഷ്യങ്ങൾ നേടുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളെയും ശുചിത്വ മേഖലയിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനായി സുതാര്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. താലൂക്ക്-ജില്ലാ-സംസ്ഥാനതലത്തിൽ ഓഫീസ്/പൊതു സ്ഥാപനങ്ങൾക്ക് ഒരു വർഷം നീണ്ടുനിന്ന കാമ്പയിന്റെ അടിസ്ഥാനത്തിലാണ് ശുചിത്വ ലേബലിംഗും അവാർഡും നൽകിവരുന്നത്. ഇതോടൊപ്പം അംഗനവാടി, സ്കൂൾ, ആശുപത്രി ഇവയ്ക്കും ബ്ലോക്ക്/ജില്ലാടിസ്ഥാനത്തിൽ അംഗീകാരം നൽകിവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാലിന്യമുക്ത അവാർഡുനിർണ്ണയ പ്രവർത്തനത്തിനും തുടക്കം കുറിച്ചിട്ടുണ്ട്.

### ഉപസംഹാരം

'വൃത്തിയുള്ള കേരളം' എന്ന സങ്കല്പം സംസ്ഥാനം പിൻതുടരുന്ന വികസന സങ്കല്പങ്ങൾക്കും കേരളത്തിന്റെ സംസ്കാരം പരിരക്ഷിക്കുന്നതിനും ഒഴിച്ചുകൂടാനാവാത്തതാണ്. അടിസ്ഥാന ശുചിത്വ സംവിധാനങ്ങൾ സാർവത്രികമാക്കുന്നതിൽ കേരളം രാജ്യത്തിനുമാതൃകയായെങ്കിൽ ശുചിത്വ മേഖലയിലെ ആധുനിക പ്രവണതകൾക്കും പ്രശ്നങ്ങൾക്കും സ്ഥായിയായ പരിഹാരം കാണുന്നതിന് ഇനിയും ശ്രദ്ധയോടെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും നനഞ്ഞ കാലാവസ്ഥയും പരിസ്ഥിതി ദുർബ്ബലതയും വാഹകശേഷിക്കുറവും പരിഗണിക്കുമ്പോൾ സീറോവേസ്റ്റ് സങ്കല്പത്തിലൂടെ മാത്രമേ ആത്യന്തികമായി പ്രശ്നങ്ങൾ പരിഹരിക്കാനാകൂ എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഓരോ വ്യക്തിയുടേയും ഉത്തരവാദിത്വവും സമൂഹത്തിന്റെ സുസ്ഥിരതാവാഞ്ചയും വൻതോതിൽ ഉപയോഗപ്പെടുത്തിയാൽ മാത്രമേ ഇതു സാധ്യമാകൂ. ഒരിക്കൽ സാധ്യമാക്കാനായാൽ അതൊരു ശീലമായും സംസ്ക്കാരമായും മാറും. ഈ രീതി മുതൽമുടക്കു കുറഞ്ഞതും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതും സുസ്ഥിരവുമാണ്. എന്നാൽ സങ്കീർണ്ണതയേറിയ ഈ മാർഗ്ഗം തിരഞ്ഞെടുക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെ നിശ്ചയദാർഢ്യം അത്യന്താപേക്ഷിതമാണ്. ഇതിനായി സാമൂഹികശക്തി സമാഹരിക്കുകയും നിലവിലുള്ള സംവിധാനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയും ഊർജ്ജസ്വലമാക്കുകയും വേണം. ■

*ലേഖകൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ്*



# ഇൻഫർമേഷൻ കേരള മിഷൻ സേവനങ്ങൾ

പ്രൊഫ. എം.കെ. പ്രസാദ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ വളരെ നല്ല നിലയിലുള്ള മുന്നേറ്റമാണ് കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഉണ്ടായത്. ജനന-മരണ -വിവാഹ രജിസ്ട്രേഷനുകൾ, റവന്യൂ സംവിധാനം, സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം, അക്കൗണ്ടിംഗ്, മോണിറ്ററിംഗ് തുടങ്ങിയ മേഖലകളിൽ കമ്പ്യൂട്ടർവൽകൃത സംവിധാനം ത്വരിത ഗതിയിലാണ് നടപ്പാക്കി വരുന്നത്. ഒരു പക്ഷെ മറ്റു വകുപ്പുകളിൽ നിന്നും വിഭിന്നമായി 1209 തദ്ദേശഭരണ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ വകുപ്പും പഞ്ചായത്ത്-നഗരകാര്യ ഡയറക്ടറ്റേുകളും ഗ്രാമ വികസന കമ്മിഷണറേറ്റും സംസ്ഥാന ആസൂത്രണബോർഡും ചേരുന്ന ബൃഹത്തായ ഇ-ഗവേർണൻസ് പരിപാടിയാണ് നമ്മുടെ സംസ്ഥാനത്ത് ഇതുവഴി പ്രവർത്തിപഥത്തിൽ എത്തിയിരിക്കുന്നത്. ഇ-ഗവേർണൻസിന്റെ ഭാഗമായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്നതിനുള്ള 16 ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകൾ ഇൻഫർമേഷൻ കേരള മിഷൻ ഇതിനകം വികസിപ്പിച്ചിട്ടുണ്ട്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലെയും ഭൗതികസൗകര്യങ്ങൾ പൂർത്തിയാക്കി, സോഫ്റ്റ്വെയർ വിന്യസിച്ച് ജീവനക്കാർക്ക് പരിശീലനം നൽകി പഞ്ചായത്ത് ഭരണ സമിതിയുടെ മുൻകൈയ്യോടെയാണ് ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളത്.

കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാനമായ ഘടകം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുകയാണ്. ഇതിനായി സർവർ മുറി തയ്യാറാക്കൽ, ഇലക്ട്രിക്കൽ വയറിംഗ്, നെറ്റ്‌വർക്കിംഗ്, എർത്തിംഗ് തുടങ്ങിയ സാങ്കേതിക പ്രവർത്തനങ്ങൾ മൂന്നു ഗ്രാമപഞ്ചായത്തുകൾ ഒഴികെ 1206 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇതിനകം പൂർത്തികരിച്ചു കഴിഞ്ഞു. ഭൗതിക സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ മൂന്നു ഗ്രാമപഞ്ചായത്തുകളിൽ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ഇതു കൂടി പൂർത്തീകരിക്കുന്നതോടെ സാങ്കേതികത്തികവോടെയുള്ള ഭൗതിക സൗകര്യങ്ങളും സർവർ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമാകും.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ പലതും ഇപ്പോൾ കമ്പ്യൂട്ടർവൽക്കൃത സംവിധാനം വഴിയാണ് നടത്തുന്നത്. ചില ഉദാഹരണങ്ങൾ നമുക്ക് പരിശോധിക്കാം.

ജനകീയാസൂത്രണ പദ്ധതിയുടെ രൂപീകരണം, സാങ്കേതിക പരിശോധന, അംഗീകാരം, ചെലവു വിവരങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള 'സുലേഖ' എന്ന സോഫ്റ്റ്വെയർ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജില്ലാ ആസൂത്രണ സമിതി ഓഫീസുകളിലും പ്രവർത്തിച്ചുവരുന്നു. ശരാശരി ഒരു വർഷം 1.50 ലക്ഷം പ്രോജക്ടുകൾ ഈ സോഫ്റ്റ്വെയറിൽ കൈകാര്യം ചെയ്യുന്നു. മാത്രവുമല്ല, 9-ാം പദ്ധതിയിലും 10-ാം പദ്ധതിയിലും 11-ാം പദ്ധതിയിലും ഇതുവരെയുള്ള പദ്ധതി രൂപീകരണ-നിർവ്വഹണ വിവരങ്ങൾ ക്രോഡീകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ ജനന/മരണ/വിവാഹ രജിസ്ട്രേഷൻ 965 ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും 'സേവന' (സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് നിർവഹിക്കു ന്നത്. ആശുപത്രികളിൽ വെച്ച് തത്സമയ ജനന രജിസ്ട്രേഷൻ നടത്തുന്നതിനായി രൂപകൽപ്പന ചെയ്ത ഹോസ്പിറ്റൽ കിയോസ്കുകൾ 49 ഗ്രാമപഞ്ചായത്തുകളിലും 31 മുനിസിപ്പാലിറ്റികളിലും കണ്ണൂർ കന്റോൺമെന്റിലും 5 കോർപ്പറേഷനുകളിലുമായി 356 ആശുപത്രികളിൽ പ്രവർത്തിക്കുന്നു.

കേരള സർക്കാർ അതീവ പ്രാധാന്യത്തോടെ നടപ്പാക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം 932 ഗ്രാമപഞ്ചായത്തുകളിലും നഗരസഭാ സ്ഥാപനങ്ങളിലും സേവന (പെൻഷൻ) എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ വഴിയാണ് നടക്കുന്നത്. പെൻഷൻ അലോട്ട്മെന്റ് ലഭിച്ചു കഴിഞ്ഞാൽ മണിയോർഡർ എഴുതി തയ്യാറാക്കുക എന്ന ശ്രമകരമായ ജോലി ഒഴിവാക്കുന്നതിനും അതുവഴി പെൻഷൻ അയയ്ക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും കൃത്യമായി യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനും ഇപ്പോൾ സാധിക്കുന്നു. പോസ്റ്റാഫീസുകളിൽ ഇലക്ട്രോണിക് മണിഓർഡർ സമ്പ്രദായം, കമ്പ്യൂട്ടർവൽക്കൃത മണിഓർഡർ സംവിധാനം എന്നിവ വന്നതോടെ ഇക്കാര്യം ഒന്നുകൂടി എളുപ്പത്തിൽ നിർവ്വഹിക്കുന്നതിന് കഴിയുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള ബിൽ തയ്യാറാക്കുന്നതിനുള്ള 'സ്ഥാപന' ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ 982 ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്രവർത്തിക്കുന്നുണ്ട്. ശമ്പളത്തോടൊപ്പം പഞ്ചായത്ത് നഗരസഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിശദാംശങ്ങളും കമ്പ്യൂട്ടർവൽക്കരിച്ച് വെബ്സൈറ്റിൽ വിവരങ്ങൾ നൽകിയിട്ടുണ്ട്. അതോ



# തദ്ദേശഭരണ സ്ഥാപനങ്ങളിലെ വെബ് സർവ്വീസിലേക്ക്

ടൊപ്പം പഞ്ചായത്ത് വകുപ്പിന്റെയും നഗരകാര്യ വകുപ്പിന്റെയും കേന്ദ്രീകൃത ഡാറ്റാബേസിൽ ഇക്കാര്യം തയ്യാറാക്കുന്നതിനും സമയാസമയം പുതുക്കുന്നതിനുമുള്ള നടപടികളും നടന്നുവരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫീസുകളിലും ജനസേവന കേന്ദ്രങ്ങളിലും ഫയൽ വിവരങ്ങൾ രേഖപ്പെടുത്തി, ഓരോ സെക്ഷനിലും അതാത് സമയത്തെ പുരോഗതി രേഖപ്പെടുത്തുന്നതിനും ഓരോ അപേക്ഷകളുടെയും പരാതിയുടെയും സ്ഥിതിവിവരം അതത് സമയം ടച്ച് സ്ക്രീനിലും വെബ്സൈറ്റിലും ലഭ്യമാക്കുന്നതിനുള്ള 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ 150 ഗ്രാമപഞ്ചായത്തുകളിലും നഗരസഭാ സ്ഥാപനങ്ങളിലും വിന്യസിച്ചു. ഗുരുവായൂർ നഗരസഭയിലും മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിലും മാതൃകാപരമായ രീതിയിൽ ഇതു പ്രവർത്തിക്കുന്നുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ റവന്യൂ, അക്കൗണ്ട് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവർത്തനവും പുരോഗമിക്കുന്നു. തനത് വരുമാനം ആർജ്ജിക്കുന്നതിനും അതാത് ദിവസത്തെ സാമ്പത്തികസ്ഥിതിയും ചെലവ് വിവരങ്ങളും ആസ്തി ബാധ്യത വിവരങ്ങളും കൃത്യമായി പരിശോധിച്ച് ഇടപെടുന്നതിനും ഇതു സഹായകരമാണ്. എല്ലാ നഗരസഭയിലും 'സാംഖ്യാ' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പാക്കി. കേരള മുനിസിപ്പൽ അക്കൗണ്ടിംഗ് മാനുവൽ ഉപയോഗിച്ചാണ് ഇതു നടപ്പാക്കിയത്. ഇതേ രീതിയിൽ പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് മാനുവൽ പ്രകാരം വരുന്ന സാമ്പത്തിക വർഷം മുതൽ മുഴുവൻ പഞ്ചായത്തുകളിലും നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്കൗണ്ട്സ് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതോടൊപ്പം വസ്തുനികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ്, പി എഫ് എ ലൈസൻസ്, റെന്റ് ഓൺ ലാന്റ് & ബിൽഡിംഗ് തുടങ്ങിയ എല്ലാ റവന്യൂ സ്രോതസ്സുകളും ഡിജിറ്റൈസ് ചെയ്യേണ്ടതുണ്ട്. 'സഞ്ചയ' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഇതിനായി ഉപയോഗിക്കുന്നു. റവന്യൂ വിവരങ്ങൾ കൂടി സമയബന്ധിതമായി കമ്പ്യൂട്ടർവൽക്കരിച്ചാൽ മാത്രമേ അക്കൗണ്ടിംഗ് സംവിധാനം പൂർണ്ണമാവുകയുള്ളൂ. അതോടൊപ്പം ഇ-പേയ്മെന്റ് വഴി പണം ഒടുക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

**വെബ്സൈറ്റ്**

എടുത്തുപറയേണ്ട മറ്റൊരുകാര്യം തദ്ദേശസ്വയംഭരണ വകുപ്പിന്റെ www.lsg.kerala.gov.in എന്ന വെബ്സൈറ്റിന്റെ നിർമ്മാണവും പരിപാലനവുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയും വകുപ്പിലേയും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും അക്കാദമിക സമൂഹത്തിനും ഏറെ പ്രയോജനം ചെയ്യുന്ന വിധത്തിലാണ് ഈ വെബ്സൈറ്റ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. വിവിധ സർക്കാർ ഉത്തരവുകളും പഞ്ചായത്ത് നഗരകാര്യ വകുപ്പുകളുടെയും നടപടിക്രമങ്ങളും ഇതിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. വികേന്ദ്രീകൃതാസൂത്രണം, വിവിധ കമ്മീഷനുകൾ, പഠനങ്ങൾ എന്നിങ്ങനെയുള്ള സുപ്രധാന വിവരങ്ങളും ലഭ്യമാണ്. അതോടൊപ്പം ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പ്രത്യേകം വെബ് പേജുകൾ നൽകി പരിപാലിക്കുകയും അപ്ഡേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുത്തിട്ടുള്ള എല്ലാ ജനപ്രതിനിധികളുടെയും വിവരങ്ങൾ സമയബന്ധിതമായി വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ വെബ് സർവ്വീസിലേക്ക് മാറിക്കഴിഞ്ഞു. ഇൻഫർമേഷൻ കേരള മിഷന്റെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേർണൻസ് നടപ്പാക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായാണ് ഈ നേട്ടം കൈവരിച്ചത്. പൊതുജനങ്ങൾക്ക് മാത്രമല്ല ജീവനക്കാർക്കും വളരെയേറെ പ്രയോജനപ്പെടുന്ന സേവനങ്ങളാണ് ഇത്തരത്തിൽ ഇന്റർനെറ്റ് വഴി ലഭ്യമാകുന്നത്. ഇതിന്റെ ഏറ്റവും പ്രധാന പ്രത്യേകത തദ്ദേശഭരണ സ്ഥാപനങ്ങളിൽ പോകാതെ തന്നെ നമുക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമാക്കാൻ കഴിയുന്നു എന്നതാണ്. ഇത്തരത്തിൽ സമഗ്രമായ രീതിയിൽ വിവിധ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്.

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, വസ്തുനികുതി വിവരങ്ങൾ, സർക്കാർ ഉത്തരവുകൾ, ഫയൽ നിജസ്ഥിതി വിവരങ്ങൾ, ടെൻഡർ വിവരങ്ങൾ, പദ്ധതി



**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനം ദിന പ്രവർത്തനങ്ങളുടെ ഭാഗമായ ജനന - മരണ - വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, വസ്തുനികുതി, ഫയൽ വിവരങ്ങൾ, ജീവനക്കാരുടെ ശമ്പളം തുടങ്ങിയ പല കാര്യങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെയാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ഇതുവഴി ജീവനക്കാരുടെ ജോലിഭാരം കുറയുമെന്നു മാത്രമല്ല, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും ചിട്ടകൈവരിക്കുന്നതിനും സമയബന്ധിതമായി കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും കഴിയുന്നു.**

വിവരങ്ങൾ തുടങ്ങിയവ ഇപ്പോൾ വെബ്സൈറ്റ് വഴി ലഭ്യമാകുന്നുണ്ട്. ഇവയുടെ വിശദാംശങ്ങൾ പട്ടികയായി ചേർക്കുന്നു.

| ക്രമ നം. | വെബ്സൈറ്റ് | വിശദീകരണം |
|---|---|---|
| 1 | http://cr.lsgkerala.gov.in | ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു |
| 2 | http://welfarepension.lsgkerala.gov.in | കർഷകതൊഴിലാളി പെൻഷൻ വാർധക്യകാല പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ പെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ. |
| 3 | http://tax.lsgkerala.gov.in | വസ്തുനികുതി ഡിമാൻഡ് കുടിശ്ശിക വിവരങ്ങൾ ലഭ്യമാകുന്നു. |
| 4 | http://gis.lsgkerala.gov.in | മുനിസിപ്പാലിറ്റികളുടെയും താനാളൂർ ഗ്രാമപഞ്ചായത്തിന്റെയും ഡിജിറ്റൽ ഭൂപടങ്ങൾ ലഭ്യമാണ്. |
| 5 | http://tender.lsgkerala.gov.in | മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയുടെ ടെന്റർ നോട്ടിഫിക്കേഷനുകൾ ലഭിക്കും. |
| 6 | http://lsgkerala.gov.in/sulekha/ | മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ ഫയൽ നിജസ്ഥിതി അറിയുന്നതിന് സൗകര്യമുണ്ട്. ഗുരുവായൂർ മുനിസിപ്പാലിറ്റി വിവരങ്ങൾ ഇപ്പോൾ ലഭ്യമാണ്. |
| 7 | http://lsgkerala.gov.in/sulekha/ | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതികളുടെ രൂപീകരണം, സാങ്കേതിക പരിശോധന, അംഗീകാരം, ചെലവു വിവരങ്ങൾ തുടങ്ങിയവ ലഭ്യമാണ്. |
| 8 | http://kpepf.lsgkerala.gov.in | കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ ലഭ്യമാണ്. |
| 9 | http://kmpecpf.lsgkerala.gov.in | മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ ലഭ്യമാണ് |
| 10 | http://go.lsgkerala.gov.in | പഞ്ചായത്ത് രാജ്-നഗരപാലികാ നിയമങ്ങൾ, ചട്ടങ്ങൾ, വിവിധ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ട്രാൻസ്ഫർ വിവരങ്ങൾ എന്നിവ ലഭ്യമാകുന്നു. |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, വസ്തുനികുതി, ഫയൽ വിവരങ്ങൾ, ജീവനക്കാരുടെ ശമ്പളം തുടങ്ങിയ പല കാര്യങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെയാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ഇതുവഴി ജീവനക്കാരുടെ ജോലിഭാരം കുറയുമെന്നു മാത്രമല്ല, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും ചിട്ടകൈവരിക്കുന്നതിനും സമയബന്ധിതമായി കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും കഴിയുന്നു. ഇതിനായി ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ വിവരങ്ങളാണ് വെബ് സർവ്വീസിൽ ഉപയോഗിക്കുന്നത്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വിവരങ്ങൾ പരസ്പരം കൈമാറുന്നതിനു എഫ്.ടി.പി.(ഫയൽ ട്രാൻസ്ഫർ പ്രോട്ടോകോൾ) കെസ്വാൻ കണക്ഷൻ അല്ലെങ്കിൽ ബി.എസ്.എൻ.എൽ. വഴി വി.പി.എൻ. കണക്ഷൻ ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഗ്രാമ പഞ്ചായത്തുകൾ ഇ-കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്. അതോടൊപ്പം മുൻകാല വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനും മുന്തിയ പരിഗണന നൽകേണ്ടതുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേർണൻസ് നിർവ്വഹണം ഇൻഫർമേഷൻ കേരള മിഷൻ മാത്രമോ അതത് തദ്ദേശഭരണ സ്ഥാപനം മാത്രമോ ചെയ്യേണ്ട കാര്യമല്ല. മറിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും പഞ്ചായത്ത് നഗരകാര്യ ഡയറക്ടറേറ്റുകളും ഗ്രാമവികസന കമ്മീഷണറേറ്റും പ്രത്യേകമായ മോണിറ്ററിംഗും കോ-ഓർഡിനേഷനും നടത്തി നിർവഹിക്കേണ്ട ഭരണ പരിഷ്ക്കാര പ്രവർത്തനമാണ്. നഗരസഭകളിലെപോലെ അക്രൂവൽ അടിസ്ഥാന അക്കൗണ്ടിംഗ് സംവിധാനം പഞ്ചായത്തുകളിലും അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത്തരുണത്തിൽ ഇ-ഗവേർണൻസ് നടപ്പാക്കുന്നതിനു കൂട്ടായ പ്രവർത്തനത്തിന്റെ പ്രാധാന്യം ഒന്നുകൂടി വർധിക്കുകയാണ്. അതോടൊപ്പം ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കുമുള്ള പരിശീലനം കിലയുടെയും ഇൻഫർമേഷൻ കേരള മിഷന്റെയും സംയുക്ത സംരംഭമായി ഇപ്പോൾ മാറിയിട്ടുണ്ട്. ഇത്തരത്തിൽ കൂട്ടായ്മയോടെയും പരസ്പരബന്ധിതവുമായ പ്രവർത്തനം ദൃഢമാക്കി തദ്ദേശഭരണത്തെ അക്ഷരാർത്ഥത്തിൽ ഇ-ഗവേർണൻസിലേക്ക് മാറ്റി കൂടുതൽ മെച്ചമായ സേവനം പൊതുസമൂഹത്തിന് നൽകാൻ കഴിയും. ■

*ലേഖകൻ*
*ഇൻഫർമേഷൻ കേരള മിഷൻ*
*എക്സിക്യൂട്ടീവ് ചെയർമാനും*
*ഡയറക്ടറുമാണ്.*

# കേന്ദ്രാവിഷ്കൃത പദ്ധതികൾ ഗണ്യമായ പുരോഗതി

എ. ഷാജഹാൻ ഐ.എ.എസ്

ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും വസിക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ മാർഗ്ഗനിർദ്ദേശങ്ങളാണ് കേന്ദ്രാവിഷ്കൃത പരിപാടികൾക്കുള്ളത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ത സാഹചര്യങ്ങൾ നിലനിൽക്കുന്ന കേരളത്തിൽ അതുകൊണ്ടുതന്നെ കേന്ദ്രാ വിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നത് ശ്രമകരമാണ്. എന്നിരുന്നാൽ തന്നെയും കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വിവിധ കേന്ദ്രാവിഷ്കൃത പരിപാടികൾ നടപ്പാക്കുന്നതിലും അവയ്ക്ക് പണം ലഭ്യമാക്കുന്നതിലും നമ്മുടെ സംസ്ഥാനത്തിന് ഗണ്യമായപുരോഗതി കൈവരിക്കാനായിട്ടുണ്ട്. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ് ജി എസ് വൈ), ഇന്ദിരാ ആവാസ് യോജന (ഐ എ വൈ) ഗ്രാമീണ ഭവന നിർമ്മാണ വായ്പ-സബ്സിഡി പരിപാടി, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സമ്പൂർണ്ണ ശുചിത്വ യജ്ഞം, പി എം ജി എസ് വൈ, ഹരിയാലി, ആർ ഐ ഡി എഫ് എന്നിവയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിവരുന്ന സ്വയം തൊഴിൽ- പൊതുതൊഴിൽ-ക്ഷേമ-ഗ്രാമവികസന പദ്ധതികൾ.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2011 ജനുവരി 31 വരെയുള്ള അവയുടെ നേട്ടങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

**സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ് ജി എസ് വൈ)**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ അംഗങ്ങളെ സ്വയം സഹായസംഘങ്ങളായി സംഘടിപ്പിച്ച് അവർക്ക് പരിശീലനം വായ്പാ സബ്സിഡി, വിപണന സൗകര്യം തുടങ്ങിയവ നൽകി ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് ഉയർത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

- 20347 സ്വയം സഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകി.
- 214884 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകി.
- 10683 സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായം നൽകി.
- 30735 വ്യക്തിഗത സംരംഭങ്ങൾക്ക് ധനസഹായം നൽകി.
- ആകെ 154229 കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കാൻ സഹായം നൽകി.
- 68817 പട്ടികജാതി കുടുംബങ്ങളെ വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സഹായിച്ചു.
- 7596 പട്ടികവർഗ്ഗ കുടുംബങ്ങളെ വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സഹായിച്ചു.
- 30366 മതന്യൂനപക്ഷ കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിച്ചു.
- 4746 വികലാംഗർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ധനസഹായം നൽകി.
- സബ്സിഡി നൽകാൻ 14290.67 ലക്ഷം രൂപ ചെലവഴിച്ചു.
- റിവോൾവിംഗ് ഫണ്ട് നൽകാൻ 1925.79 ലക്ഷം രൂപ ചെലവഴിച്ചു.
- പരിശീലനം നൽകാൻ 1738.63 ലക്ഷം രൂപ ചെലവഴിച്ചു.
- അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ 1759.04 ലക്ഷം രൂപ ചെലവഴിച്ചു.
- മാർക്കറ്റിംഗ് സൗകര്യങ്ങളൊരുക്കാൻ



96.04 ലക്ഷം രൂപ ചെലവഴിച്ചു.

**എസ് ജി എസ് വൈ പ്രത്യേക പദ്ധതികൾ**

ദാരിദ്ര്യ ലഘൂകരണത്തിന് വിവിധ വകുപ്പുകളുമായി സഹകരിച്ച് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

- തനിമ, കൃതിക, സുഭിക്ഷ, കെ എസ് പി ഡി സി, സെറിശ്രീ, നിഫ്റ്റ്, കയർ ഫെഡ്, മത്സ്യഫെഡ്, മെഡികോം, മെഡ്സെഗ് എന്നീ സ്ഥാപനങ്ങൾ വഴി 18196 കുടുംബങ്ങളെ സഹായിക്കാൻ 30.68 കോടി രൂപ ചെലവഴിച്ചു.
- 1396 ആർട്ടിസാൻസിനെ പരിശീലിപ്പിക്കുന്നതിനും 2000 ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനും കഴിഞ്ഞു.
- 363 സംഘങ്ങൾ രൂപീകരിച്ചു. 398 കുടുംബങ്ങളെ പരിശീലിപ്പിച്ചു.

**ഇന്ദിര ആവാസ് യോജന**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വീട് നിർമ്മിച്ചു കൊടുക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ഈ പദ്ധതിയിൽ നിർണ്ണായക പുരോഗതി കൈവരിക്കുകയുണ്ടായി

- പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണ ത്തുക 125000 ആയി വർദ്ധിപ്പിച്ചു.
- പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണ ത്തുക 100000 ആയി വർദ്ധിപ്പിച്ചു.
- മറ്റ് വിഭാഗക്കാരുടെ ഭവനനിർമ്മാണത്തുക 75000 ആയി വർദ്ധിപ്പിച്ചു
- കേന്ദ്രസഹായമായ 48500 രൂപയ്ക്ക് പുറമേ അധികമായി വേണ്ടി വരുന്ന തുക ത്രിതല പഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നു.
- ആകെ 208109 കുടുംബങ്ങൾക്ക് സ്വന്തമായി പാർപ്പിടം നൽകി.
- 103986 പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായ പാർപ്പിടം നൽകി.
- 9784 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നൽകി.
- 30541 മതന്യൂനപക്ഷ വിഭാഗം കുടുംബങ്ങൾക്ക് വീട് നല്കി.
- 63798 മറ്റ് വിഭാഗം കുടുംബങ്ങൾക്ക് ഭവനമുണ്ടാക്കിക്കൊടുത്തു.
- ഭവന നിർമ്മാണത്തിന് മാത്രമായി 68882.93 ലക്ഷം രൂപ ചെലവഴിച്ചു.

**പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY)**

ഗ്രാമീണ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ആവാസകേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മാണവും നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണവുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

2006-11 കാലയളവിൽ പദ്ധതിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ താഴെ പട്ടികയിൽപ്പെടുത്തുന്നു.

| വർഷം | പൂർത്തിയാക്കിയ റോഡുകൾ | നീളം (കി മീ) | ചെലവ് (രൂപ കോടിയിൽ) |
|---|---|---|---|
| 2006-07 | 41 | 80.265 | 21.59 |
| 2007-08 | 54 | 71.205 | 62.28 |
| 2008-09 | 111 | 240.226 | 84.41 |
| 2009-10 | 55 | 103.966 | 65.54 |
| 2010-11 | 64 | 165.44 | 84.245 |
| ആകെ | 325 | 661.102 | 318.065 |

**സമ്പൂർണ്ണ ശുചിത്വ യജ്ഞം**

സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുടെ തുടക്ക പ്രവർത്തനങ്ങൾ, വിവര വിജ്ഞാന വ്യാപനം (IEC), റൂറൽ സാനിട്ടറി മാർട്ടും ഉത്പാദന കേന്ദ്രവും റിവോൾവിംഗ് ഫണ്ട്, വ്യക്തിഗത കക്കൂസ്, ശുചിത്വ സമുച്ചയങ്ങൾ, സ്കൂൾ ശുചിത്വം, അംഗൻവാടി ശുചിത്വം, ഖര/ദ്രവ മാലിന്യ സംസ്ക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. 2010 ഡിസംബർ 31 വരെ പദ്ധതിയിൽ 6402.2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പദ്ധതിയിലൂടെ സംസ്ഥാനത്താകെ ലക്ഷ്യമിട്ടിരുന്ന 961831 കക്കൂസുകളിൽ നാളിതുവരെ 961519 കക്കൂസുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 3597 സ്കൂൾ ടോയ്ലറ്റുകളും 4494 അംഗൻവാടി ടോയ്ലറ്റുകളും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

**സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്**

ഗ്രാമവികസന പരിപാടികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും അനുദ്യോഗസ്ഥർക്കും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും സന്നദ്ധ സംഘടനാ പ്രതിനിധികൾക്കും പരിശീലനം നൽകുന്ന സ്ഥാപനമാണ് സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്.

**പരിശീലന പരിപാടികൾ**

കഴിഞ്ഞ 5 വർഷങ്ങളിലായി 43155 പേർക്ക് ഈ സ്ഥാപനത്തിലൂടെ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 16463 ജനപ്രതിനിധികൾ ഉൾപ്പെടുന്നു. 16729 പേർ വനിതകൾ ആയിരുന്നു. ആകെ നടത്തിയ 657 പരിശീലന പരിപാടികളിൽ 315 എണ്ണം ജില്ലാ തലത്തിൽ ഓഫ്കാമ്പസ് പ്രോഗ്രാമായാ



## അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതി

മരുവൽക്കരിക്കപ്പെട്ടുക്കൊണ്ടിരുന്ന അട്ടപ്പാടിയുടെ പരിസ്ഥിതി പുന: സ്ഥാപനം ലക്ഷ്യമാക്കി ജനപങ്കാളിത്തത്തിൽ അധിഷ്ഠിതമായ പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനങ്ങൾക്ക് അനുകരണീയ മാതൃകകൾ വികസിപ്പിക്കുക, അട്ടപ്പാടിയുടെ പരിസ്ഥിതിക്ക് ഇണങ്ങുന്ന സുസ്ഥിര ജീവനോപാധികൾ തദ്ദേശസമൂഹത്തിനുവേണ്ടി (ആദിവാസി സമൂഹത്തിന് പ്രത്യേക ഊന്നൽ നൽകി) ആവിഷ്ക്കരിച്ചു നടപ്പിലാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുടെ (ജെ..ഐ.സി.എ) ധനസഹായത്തോടെ 219.31 കോടി അടങ്കൽ തുകയുള്ള ഈ പദ്ധതിയിൽ 176.9 കോടി ജെ..ഐ.സി.എ വായ്പയും 42.41 കോടി സംസ്ഥാന സർക്കാർ വിഹിതവുമാണ്.

313 ജനകീയ സമിതികളിലായി 3573ൽപ്പരം ആളുകൾ നേരിട്ട് ഭാരവാഹികളായി പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിൽ 56 ശതമാനം സ്ത്രീകളാണെന്നതും ആകെയുള്ള ഭാരവാഹികളിൽ 83 ശതമാനംപേർ പട്ടികവർഗ്ഗക്കാരാണെന്നതും എടുത്തുപറയേണ്ടതാണ്.

**വനവൽക്കരണ-വനസംരക്ഷണ പ്രവർത്തനങ്ങൾ**

11,837.91 ഹെക്ടർ വനഭൂമിയിൽ വനവൽക്കരണം, 180 കിലോമീറ്റർ വനഭൂമി വേലികെട്ടൽ, 4664 ഹെക്ടർ വനഭൂമിയിൽ മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾ, 33 കിലോമീറ്റർ റോഡരികിൽ തണൽ മരങ്ങൾ നട്ടുപിടിപ്പിക്കൽ, ജനകീയ സമിതികൾ വഴി 40 ലക്ഷം വൃക്ഷതൈകൾ ഉത്പാനം, 4000 വീടുകളിൽ ഊർജ്ജസംരക്ഷണ ഉപാധികൾ

**സ്വകാര്യ തരിശുഭൂമിയിലെ കാർഷിക വികസനപ്രവർത്തനങ്ങൾ**

5,347 ഹെക്ടർ സ്വകാര്യ തരിശുഭൂമിയിൽ കാർഷിക വനവൽക്കരണ പ്രവർത്തനങ്ങൾ, 53.8 ഹെക്ടർ പ്രദേശത്ത് ജൈവകൃഷിയും 15.8 ഹെക്ടർ പ്രദേശത്ത് ഔഷധസസ്യകൃഷിയും, 139 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയും.

**കാർഷികവിളകളുടെ പ്രോത്സാഹനം**

1552 ഹെക്ടർ പ്രദേശത്ത് നിലക്കടല, ചോളം, റാഗി, പരുത്തി തുടങ്ങിയ കാർഷിക വിളകൾ, 31.24 ഹെക്ടർ പ്രദേശത്ത് തീറ്റപ്പുൽകൃഷി. 420 ബയോഗ്യാസ് യൂണിറ്റുകൾ പ്രോത്സാഹിപ്പിച്ചു.

**മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾ**

6728.68 ഹെക്ടർ സ്വകാര്യഭൂമിയിൽ മണ്ണു-ജലസംരക്ഷണ പ്രവർത്തനങ്ങൾ, 357.93 കിലോമീറ്റർ പ്രദേശത്ത് നീർച്ചാലുകൾ, 1554 ഹെക്ടർ പ്രദേശത്ത് ഹ്രസ്വകാലകൃഷി, 764.15 ഹെക്ടർ പ്രദേശത്ത് ചെറുകിട ജലസേചനസൗകര്യങ്ങൾ.

**ജലവിഭവ വികസന പ്രവർത്തനങ്ങൾ**

ജലവിഭവവികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാവിറ്റി ഇറിഗേഷൻ, കിണറുകൾ, കുളങ്ങൾ, ഉറവസംരക്ഷണം, ഭൂഗർഭ-ഭൂജലപരിപോഷണ നിർമ്മിതികൾ തുടങ്ങിയ 1846 നിർമ്മിതികൾ പൂർത്തീകരിച്ചു. ജല-മണ്ണ് പരിശോധന ലബോറട്ടറി സ്ഥാപിച്ചു. കാലാവസ്ഥ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

**പശ്ചാത്തല സൗകര്യവികസന പ്രവർത്തനങ്ങൾ**

പുതൂർ - അഗളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചാവടിയൂർ പാലം 3.25 കോടി രൂപ ചെലവിൽ നിർമ്മിച്ചു. 60.82 കിലോമീറ്റർ റോഡ് നിർമ്മാണം പൂർത്തിയായി.

**വിദ്യാഭ്യാസ - ആരോഗ്യ മേഖലയിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ**

40 കിടക്കസൗകര്യമുള്ള ആസ്പത്രി കെട്ടിട നിർമ്മാണം, സ്കൂളുകൾക്ക് 6.25 ലക്ഷം രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ, ഗവ. ഹോമിയോ ആശുപത്രി സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടം, ലാബ് കെട്ടിടങ്ങൾ.

**അഗളി കുടിവെള്ള പദ്ധതി**

അഗളി പഞ്ചായത്തിലെ 2500 കുടുംബങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ എട്ടുകോടി രൂപ വകയിരുത്തി അഗളി കുടിവെള്ള പദ്ധതി പൂർത്തിയാക്കി വരുന്നു.

**സെറിക്കൾച്ചർ പ്രോത്സാഹന പദ്ധതി**

2.97 കോടി രൂപ വിനിയോഗിച്ച് 50.39 മില്ല്യൻ ടൺ കൊക്കൂൺ ഉത്പാദന പരിപാടി 74.6 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കി.

**സമ്പൂർണ്ണ ഊരുവികസന പരിപാടി ഒന്നാംഘട്ടം**

12 ഊരുകളിൽ 1086 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു

**സമ്പൂർണ്ണ ഊരുവികസന പരിപാടി രണ്ടാംഘട്ടം**

31 ഊരുകളിലായി 1319 വീടുകളുടെ നിർമ്മാണം.

ണ് സംഘടിപ്പിച്ചത്. കഴിഞ്ഞ നാല് വർഷങ്ങളിൽ ആകെ 72427 പരിശീലന ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം മുഴുവൻ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും പരിശീലനം നൽകുന്നതിനുള്ള സമഗ്ര പദ്ധതിക്ക് 1.40 കോടി രൂപ വിനിയോഗിച്ച് 79380 പേർക്ക് പരിശീലനം നൽകി.

**അടിസ്ഥാന സൗകര്യവികസനം**

എസ് ഐ ആർ ഡി യിൽ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ അടിസ്ഥാന സൗകര്യം വളരെ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം അനക്സ് കെട്ടിടത്തിന്റെ നവീകരണം സെമിനാർ ഹാൾ എയർകണ്ടീഷൻ, പുതിയ കമ്പ്യൂട്ടർ ലാബ്, ഫർണിച്ചർ, ജലവിതരണസൗകര്യം എന്നിവയ്ക്കായി 150 ലക്ഷം രൂപ ചെലവഴിച്ചു.

**വികസന പരിശീലന കേന്ദ്രങ്ങൾ**

ഗ്രാമവികസന വകുപ്പിലെ വിവിധ പരിശീലനാവശ്യങ്ങൾ നിർവഹിക്കുന്നതിന് അമ്പതുകളുടെ തുടക്കത്തിൽ തന്നെ പ്രവർത്തനമാരംഭിച്ച സ്ഥാപനങ്ങളാണ് വികസന എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ (ഇ.ടി.സി). സംസ്ഥാനത്തെ ഇ.ടി.സി.കൾ കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നിവിടങ്ങളിലാണ്.

കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ മൂന്ന് ഇ.റ്റി.സി.കളുടെ അക്കാദമിക പശ്ചാത്തല സൗകര്യങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാക്കി മികവുറ്റ പരിശീലന സ്ഥാപനങ്ങളാക്കി മാറ്റി. പുതിയ ഓഫീസ് സൗകര്യം, ക്ലാസ്സ് മുറികൾ, കമ്പ്യൂട്ടർ ലാബ്, ഹോസ്റ്റൽ, ലൈബ്രറി ഇതര പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മൂന്ന് സ്ഥാപനങ്ങളിലുമായി 1658 പരിശീലനങ്ങൾ സംഘടിപ്പിച്ചു. 56682 പേർ പങ്കെടുത്തു. വിവിധ പ്രവർത്തനങ്ങൾക്കായി ആകെ 529.37 ലക്ഷം രൂപ ചെലവഴിച്ചു.

**ഹരിയാലി**

സംയോജിത തരിശു ഭൂമി വികസന പരിപാടിയിൽ 20.18 കോടി രൂപ ചെലവിൽ 33633 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി.

**അടിസ്ഥാന സൗകര്യ വികസന ഫണ്ട്**

ഹൈസ്കൂൾ കെട്ടിടങ്ങൾ, ലാബ് സൗകര്യങ്ങൾ, റോഡ് വികസനം, കൃഷി വികസനത്തിനനുയോജ്യമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായി 90.73 കോടി രൂപ ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിക്കുകയുണ്ടായി. ■

*ലേഖകൻ*
*ഗ്രാമ വികസന കമ്മീഷണറാണ്*

# ബയോടെക് ജൈവമാലിന്യ സംസ്കരണ പദ്ധതി

## വീടുകൾക്കും സ്ഥാപനങ്ങൾക്കും പ്രയോജനകരം

വികേന്ദ്രീകൃത മാലിന്യസംസ്കരണം ഒരു യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ബയോടെക് നടപ്പാക്കിവരുന്ന ജൈവമാലിന്യസംസ്കരണ ജൈവോർജ്ജ പദ്ധതികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുയോജ്യമാണ്. ഇതിനോടകം സംസ്ഥാനത്തെ 50- ൽപരം ഗ്രാമപഞ്ചായത്തുകളലെ മാർക്കറ്റുകളിലും അറവുശാലകളിലും ബയോടെക് മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. ജൈവമാലിന്യങ്ങളെ ജൈവവാതക ഉത്പാദന സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്കരിച്ച് ജൈവവാതകവും, ജൈവവളവും ആക്കി മാറ്റുന്ന വിധത്തിലാണ് പ്ലാന്റുകൾ പ്രവർത്തിക്കുന്നത്. ജൈവവാതകം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനും സംസ്കരണപ്ലാന്റിലെ എല്ലാ യന്ത്രോപകരണങ്ങളും പ്രവർത്തിപ്പിക്കുന്നതിനും കഴിയുന്നു. കേരളത്തിൽ ആദ്യമായി ഒരു മാലിന്യ സംസ്കരണ വൈദ്യുതി ഉത്പാദനപ്ലാന്റ് എട്ട് വർഷം മുൻപ് കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിൽ ബയോടെക്കിന്റെ മേൽനോട്ടത്തിൽ സ്ഥാപിച്ചത് ഇന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നുള്ളത് ഈ പദ്ധതിയുടെ വിജയസാധ്യതയിലേക്ക് വിരൽചൂണ്ടുന്നു. മാലിന്യസംസ്കരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ താൽപര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലപരിശോധന, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതി നടപ്പാക്കൽ തുടർപ്രവർത്തനം തുടങ്ങിയ എല്ലാവിധ സാങ്കേതിക സഹായങ്ങളും ബയോടെക്കിൽ നിന്നും ലഭ്യമാണ്.

### ബയോടെക് പ്ലാന്റുകൾക്ക് കേന്ദ്രപാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡി ലഭിക്കുന്നു

ബയോടെക്കിന്റെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്ന ജൈവ മാലിന്യസംസ്കരണ വൈദ്യുതി ഉത്പാദന പ്ലാന്റുകൾക്ക് ഒരു കിലോവാട്ടിന് 40,000 രൂപ ക്രമത്തിൽ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡി ലഭിക്കുന്നു. ഇത് ലഭ്യമാകുന്നതിന് ആവശ്യമായ എല്ലാവിധ സഹായങ്ങളും ബയോടെക്കിൽ നിന്നും നൽകുന്നു. മാലിന്യസംസ്കരണ വൈദ്യുതി ഉത്പാദന പ്ലാന്റുകൾ സ്ഥാപിക്കാൻ കേന്ദ്ര പാരമ്പര്യേതര ഊർജ്ജമന്ത്രാലയത്തിന്റെ അംഗീകാരമുള്ള സംസ്ഥാനത്തെ ഏക സ്ഥാപനം ബയോടെക് ആണ്.

### ബയോടെക് പ്ലാന്റുകൾ ഗാർഹികമാലിന്യ സംസ്കരണത്തിന് ഫലപ്രദം

വീടുകളിലെ മാലിന്യങ്ങൾ വീടുകളിൽതന്നെ സംസ്കരിച്ച് പാചകവാതകം ഉണ്ടാക്കുന്നതിന് ബയോടെക് വികസിപ്പിച്ചെടുത്ത് രൂപകൽപനചെയ്ത പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ ഏറെ ഫലപ്രദമാണ്. അഞ്ച് അംഗങ്ങൾ വരെയുള്ള വീടുകളിലെ മാലിന്യസംസ്കരണത്തിന് ഒരു ഘനമീറ്റർ വലിപ്പമുള്ള ഒരു പ്ലാന്റ് ആവശ്യമാണ്. ഈ പ്ലാന്റ് സ്ഥാപിച്ച് മാലിന്യം സംസ്കരിക്കുന്നതിലൂടെ പ്രതിദിനം രണ്ട് മണിക്കൂറിൽ അധികം ഒരു സ്റ്റൗ പ്രവർത്തിപ്പിക്കുന്നതിനുള്ള പാചകവാതകം ഉണ്ടാക്കിയെടുക്കാൻ കഴിയും. ഗാർഹികമാലിന്യസംസ്കരണ പദ്ധതി ആവിഷ്കരിക്കുന്നതിന് ആവശ്യമായ മാതൃകാ പ്രോജക്ട് റിപ്പോർട്ടും അനുബന്ധ സാങ്കേതിക സഹായങ്ങളും ബയോടെക്കിൽ നിന്ന് ലഭ്യമാണ്.

### ബയോടെക് പ്ലാന്റിന് പേറ്റന്റ്

ബയോടെക് ഡയറക്ടർ ഡോ. എ. സജിദാസിന്റെ മേൽനോട്ടത്തിൽ രൂപകൽപനചെയ്ത പോർട്ടബിൾ ഗാർഹിക മാലിന്യസംസ്കരണ ജൈവവാതക പ്ലാന്റിന് അടുത്തകാലത്ത് ബൗധിക സ്വത്തവകാശ നിയമ പ്രകാരം പേറ്റന്റ് ലഭിക്കുകയുണ്ടായി. ഫ്ളോട്ടിംഗ് ഡൂം മാതൃകയിലുള്ള പോർട്ടബിൾ മാലിന്യ സംസ്കരണ പ്ലാന്റ് ഉണ്ടാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബയോടെക്കിനു മാത്രമാണ് നിയമപരമായി സ്വാതന്ത്ര്യം ഉള്ളത്. എന്നാൽ ചില തൽപരകക്ഷികൾ ബയോടെക് പ്ലാന്റുകൾ കോപ്പി ചെയ്ത് ഇതേ മാതൃകകയിൽ പ്ലാന്റുകൾ നിർമ്മിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ അനധികൃതമായി വിതരണം ചെയ്ത് വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ബയോടെക് നിയമ നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ആയതിനാൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ വ്യാജമായി നിർമ്മിക്കുന്നവരിൽ നിന്നും അവ വിതരണം ചെയ്യുന്നവരിൽ നിന്നും ഇത്തരം പ്ലാന്റുകൾ പിടിച്ചെടുക്കുന്നതിനും, നഷ്ടപരിഹാരം ഈടാക്കുന്നതിനും നിയമപരമായി വ്യവസ്ഥയുണ്ട്. അതിനാൽ ഇതൊരു അറിയിപ്പായി കണക്കാക്കി ഇത്തരം വ്യാജ പ്ലാന്റുകൾ വിതരണം ചെയ്യാതിരിക്കാനും, ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടാതിരിക്കാനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

*വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക*

**ഡയറക്ടർ, ബയോടെക്ക് , പി.ബി.നമ്പർ-520, എം.പി.അപ്പൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം-14,**

**ഫോൺ-0471-2321909, 2331909, 2332179, 9446000 960, 9446000 965**

**E-mail : biotechindia@eth.net Website : www.biotech-india.org**

advt



# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അഞ്ചു വർഷങ്ങളിൽ

**വി.എൻ. ജിതേന്ദ്രൻ ഐ.എ.എസ്.**

സ്വതന്ത്ര ഇന്ത്യയിൽ ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുള്ള ദാരിദ്ര്യലഘൂകരണ തൊഴിൽ പരിപാടികളിൽ ഏറ്റവും ശ്രദ്ധേയമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005ൽ ഇന്ത്യൻ പാർലമെന്റിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം പാസ്സായതോടെ രാജ്യത്ത് തൊഴിൽ ഒരു അവകാശമായി അംഗീകരിക്കപ്പെട്ടു. മണ്ണിൽ കായികാധ്വാനത്തിന് തയ്യാറുള്ള ഗ്രാമപ്രദേശത്തെ ഏതൊരു പ്രായപൂർത്തിയായ പൗരനും 100 ദിവസത്തെ തൊഴിൽ അവകാശാധിഷ്ഠിതമായി നിയമം ഉറപ്പാക്കുന്നുണ്ട്. കേരളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ആദ്യഘട്ടം 2006 ഫെബ്രുവരി രണ്ടിന് പാലക്കാട്, വയനാട് ജില്ലകളിൽ തുടക്കം കുറിച്ചു. രണ്ടാംഘട്ടമായി 2007 ഏപ്രിൽ ഒന്നുമുതൽ ഇടുക്കി, കാസറകോട് ജില്ലകളിലേക്കും മൂന്നാംഘട്ടമായി 2008 ഏപ്രിൽ ഒന്നുമുതൽ ബാക്കിയുള്ള പത്ത് ജില്ലകളിലേക്കും കൂടി പദ്ധതി വ്യാപിപ്പിക്കുകയുണ്ടായി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് പദ്ധതി ഫലപ്രദമായി ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനുള്ള നയസമീപനത്തിന് സംസ്ഥാനം രൂപം നല്കി. സുതാര്യതയോടെ, ഇടനിലക്കാരെ ഒഴിവാക്കി, അഴിമതി രഹിതമായി പദ്ധതി നടത്തുന്നതിന് അനുരോധമായ കേരളത്തിലെ ചിട്ടകളും രീതിയും രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായിട്ടുണ്ട്. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കാണ് കേന്ദ്രസ്ഥാനം. നിർവഹണം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽ മാത്രമാണ് നടത്തുന്നത്.

പദ്ധതിയുടെ ആസൂത്രണം ആരംഭിക്കുന്നത് കുടുംബശ്രീ അയൽക്കൂട്ടങ്ങളിലാണ്. ഓരോ അയൽക്കൂട്ടത്തിലെയും രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികളുടെയും ഇതര കുടുംബാംഗങ്ങളുടെയും ആവശ്യവും ശേഷിയും പരിഗണിച്ചുകൊണ്ട് തങ്ങളുടെ ചുറ്റുപാടിലുള്ള പ്രവൃത്തികൾ കണ്ടെത്തി നിർദ്ദേശിക്കുന്നു. തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭയിലെയും പൊതുഗ്രാമസഭയിലെയും നിർദ്ദേശങ്ങൾ പരിഗണിച്ചാണ് ഗ്രാമപഞ്ചായത്തുകൾ പദ്ധതിക്ക് അന്തിമരൂപം നൽകുന്നത്.

കരാറുകാരെയും ഇടത്തട്ടുകാരെയും ഒഴിവാക്കുന്നതിനുവേണ്ടി പ്രവൃത്തികളുടെ സംഘടനാ മേൽനോട്ടചുമതല നൽകിയിരിക്കുന്നത് കുടുംബശ്രീ ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റിക്കാണ്. പ്രവൃത്തി സ്ഥലത്ത് പരിശീലനം ലഭിച്ച കുടുംബശ്രീ അംഗങ്ങളായ മെയ്റ്റുമാരാണ് നിർവ്വഹണ മേൽനോട്ടം വഹിക്കുന്നത്. നാളിതുവരെയുള്ള കോൺട്രാക്ടിങ് സങ്കല്പനങ്ങൾ മാറ്റിമറിച്ചുകൊണ്ട് ഒരു കമ്യൂണിറ്റി കോൺട്രാക്ടിങ് സമ്പ്രദായം കേരളത്തിൽ വ്യവസ്ഥാപിതമാക്കി. തൊഴിലുറപ്പു പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്നതിന് ഉടമ്പടി ആവശ്യമില്ലെന്നു തന്നെ സർക്കാർ തീരുമാനിച്ചു.

അഴിമതി രഹിതമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മറ്റൊരു പ്രധാന നടപടിയാണ് പ്രവൃത്തിയെടുക്കുന്ന ഓരോ തൊഴിലാളിക്കും സേവിങ്സ് ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയത്. മറ്റു ചില സംസ്ഥാനങ്ങളിൽ ഒരു കുടുംബത്തിന് ഒരു ബാങ്ക് അക്കൗണ്ടാണുള്ളത്. പ്രവൃത്തിയെടുത്തു കഴിഞ്ഞാൽ നിശ്ചിത ദിവസങ്ങൾക്കുള്ളിൽ തൊഴിലാളികളുടെ ബാങ്ക് അല്ലെങ്കിൽ പോസ്റ്റ് ഓഫീസ് അക്കൗണ്ടിലേക്ക്



വേതനം നേരിട്ട് വകയിരുത്തും. വേതനത്തിനായി തൊഴിലാളികൾ ഗ്രാമപഞ്ചായത്തിൽ പോകേണ്ടതില്ല. ഓരോ തൊഴിലാളിക്കും തങ്ങളുടെ ആവശ്യവും സൗകര്യവുമനുസരിച്ച് പണം അക്കൗണ്ടിൽ നിന്നും പിൻവലിക്കാം. ആകെ വിതരണം ചെയ്യപ്പെട്ട വേതനത്തിന്റെ മൂന്നിൽ ഒന്ന് തൊഴിലാളികളുടെ അക്കൗണ്ടിൽ പിൻവലിക്കാതെ സൂക്ഷിക്കുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ സംസ്ഥാനത്തിന് തനതായ മറ്റു നിരവധി സവിശേഷതകളുമുണ്ട്.

- പദ്ധതിയുടെ ഭാഗമായ എസ്റ്റിമേറ്റുകൾ സാധാരണ പൗരന് മനസ്സിലാക്കുവാൻ കഴിയുംവിധം ജനകീയ എസ്റ്റിമേറ്റുകളായി തയ്യാറാക്കുന്നു.
- മണ്ണ്-ജല-ജൈവസമ്പത്തിന്റെ സംരക്ഷണത്തിലൂടെ കാർഷിക പ്രതിസന്ധിയുടെ രൂക്ഷത കുറയ്ക്കുന്നതിനായുള്ള പ്രവൃത്തികൾക്ക് മുൻഗണന നൽകിവരുന്നു.
- പ്രകൃതി വിഭവ പരിപോഷണത്തിനും പൊതുസ്വത്തിന്റെ സംരക്ഷണത്തിനും പ്രാധാന്യം നൽകുന്നു. റോഡു പ്രവൃത്തികൾ ആകെ ചെലവിന്റെ 20% ആയി പരിമിതപ്പെടുത്തി നടപ്പാക്കുന്നു.
- തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ നീർത്തടവികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതിന്റെയടിസ്ഥാനത്തിൽ പ്രവൃത്തികൾ നീർത്തടാധിഷ്ഠിതമായി സംഘടിപ്പിക്കുന്നു. കേരളത്തിലെ എഴുന്നൂറിലധികം ഗ്രാമപഞ്ചായത്തുകൾ ഇതിനകം നീർത്തടവികസന മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ചെറുകിട നാമമാത്ര കർഷകരുടെ കൃഷിഭൂമിയിൽ ഭൂവികസന പ്രവർത്തനം നടത്തുന്നതിന് ഇത് അവസരമൊരുക്കുന്നു.
- സംസ്ഥാനത്ത് പദ്ധതിയിൽ ഉയർന്ന സ്ത്രീ പങ്കാളിത്തത്തിനും സ്ത്രീശാക്തീകരണത്തിനുമുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. ഈ വർഷം ആകെ പ്രവൃത്തിയെടുക്കുന്നവരിൽ 90% വനിതകളാണ്. ഇവർക്ക് പുരുഷന്മാരുടെ വേതനത്തിന് തുല്യമായ വേതനം തന്നെ ലഭിക്കുന്നു. കൂടാതെ വേതനം ഓരോരുത്തരുടെയും ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതും 100% പ്രവൃത്തികളുടെയും മേൽനോട്ടം വനിതകൾ നിർവഹിക്കുന്നതും സ്ത്രീശാക്തീകരണത്തിനുള്ള ബോധപൂർവ്വമായ നടപടികളാണ്.
- ഇന്ത്യയിലാദ്യമായി ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കിയ 5 സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2009-10 മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓൺലൈൻ ഡേറ്റാ എൻട്രി ആരംഭിച്ചു. ഇത് രാജ്യത്തിനുതന്നെ മാതൃകയാണ്.
- തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികളുടെ ശേഷി, പ്രായം, മണ്ണിന്റെ തരം, കാലാവസ്ഥാവ്യതിയാനം, ഉപയോഗിക്കുന്ന ഉപകരണങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി പ്രാദേശിക സവിശേഷത പരിഗണിച്ചുകൊണ്ട് പുതിയ നിരക്കു തയ്യാറാക്കാൻ വേണ്ടിയുള്ള ടൈം & മോഷൻ പഠനം പൈലറ്റ് അടിസ്ഥാനത്തിൽ നാല് ജില്ലകളിൽ നടത്തിയ പഠനത്തിന്റെ ഭാഗമായി 15 ഇനം പ്രവൃത്തികൾക്ക് പുതിയ നിരക്കുകൾ നിശ്ചയിച്ച് പരീക്ഷണാർത്ഥം നടപ്പിലാക്കുന്നു. ടൈം & മോഷൻ പഠനം ഇപ്പോൾ 14 ജില്ലകളിലും നടക്കുകയാണ്.
- തൊഴിലുറപ്പു പദ്ധതിയുമായി വിവിധ വികസന മേഖലകളുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. മലപ്പുറം, തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ കൃഷി, ജലസേചനം, വനം എന്നീ വകുപ്പുകളുടെ പദ്ധതികളുമായി സംയോജിപ്പിച്ച് പ്രവൃത്തികൾ നിർവഹിച്ചു. ഹരിതകേരളം പരിപാടിയുടെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുകയും വനത്തിനുള്ളിൽ എലിഫന്റ് ട്രഞ്ചുകളും ഫയർലൈൻ ട്രെയിസിങ്ങും നടത്തിയിട്ടുണ്ട്. ജലസേചന കനാലുകൾ നവീകരിക്കുകയും തരിശുഭൂമി കൃഷി വ്യാപകമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ പദ്ധതി നിർവഹണത്തിൽ ഓരോ വർഷവും ഗണ്യമായ



പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ചു വർഷത്തെ നേട്ടങ്ങൾ പരിശോധിച്ചാൽ സംസ്ഥാനത്താകെ ഓരോ വർഷവും ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, ചെലവ്, തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങൾ, പ്രതി കുടുംബ തൊഴിൽ ദിനങ്ങൾ, വനിതാ പ്രാതിനിധ്യം എന്നിങ്ങനെ എല്ലാ ഘടകങ്ങളിലും ക്രമമായ വളർച്ചയുണ്ടായിട്ടുണ്ട്. 2006-07 സാമ്പത്തിക വർഷം 20.49 ലക്ഷം മനുഷ്യാധ്വാന ദിനങ്ങളാണ് സൃഷ്ടിച്ചതെങ്കിൽ 2009-10 വർഷത്തിൽ 339.98 ലക്ഷം മനുഷ്യാധ്വാന ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. 2010-11 വർഷം 2011 ജനുവരി 31 വരെ 277.28 ലക്ഷം മനുഷ്യാധ്വാന ദിനങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞു. അതുപോലെ 2006-07 വർഷത്തിൽ 27.89 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞിരുന്നത് 2009-10ൽ 471.17 കോടി രൂപയായി. തൻ സാമ്പത്തികവർഷം ജനുവരി 31 വരെ 415.41 കോടി രൂപയും ചെലവഴിച്ചു കഴിഞ്ഞു. 2010-11 സാമ്പത്തിക വർഷത്തിൽ 600 കോടി രൂപ ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാം. വിശദാംശങ്ങൾ പട്ടിക 1 ൽ നൽകിയിട്ടുണ്ട്.

തൊഴിലുറപ്പു പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തികവർഷം 15 ദിവസമോ അതിൽ കൂടുതലോ പ്രവൃത്തിയെടുത്ത എല്ലാ കുടുംബങ്ങൾക്കും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. അതിൽ 50 ദിവസവും അതി



**പട്ടിക - 1**

| ക്രമ നം. | ഇനം | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 (31.01.11വരെ) |
|---|---|---|---|---|---|---|
| 1. | രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ(എണ്ണം) | 267644 | 530359 | 2039649 | 2546658 | 2837537 |
| 2. | തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങൾ(എണ്ണം) | 99107 | 182029 | 692015 | 956470 | 947445 |
| 3. | സൃഷ്ടിക്കപ്പെട്ട മനുഷ്യാധ്വാന ദിനങ്ങൾ (എണ്ണം ലക്ഷത്തിൽ) | 20.49 | 60.45 | 153.74 | 339.98 | 277.28 |
| 4. | വനിതാ പങ്കാളിത്തം(%) | 65 | 72 | 84 | 88 | 90 |
| 5. | ചെലവ്(തുക ലക്ഷത്തിൽ) | 2789.73 | 8336.83 | 22440.92 | 47117.07 | 41541.58 |

ലധികവും ദിവസം പ്രവൃത്തിയെടുത്ത കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക സാമൂഹ്യ സുരക്ഷകൾ ഏർപ്പെടുത്തുകയുണ്ടായി. ഇവർക്ക് 2 രൂപ നിരക്കിൽ അരി നൽകിവരുന്നു. കൂടാതെ കാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ മാരക അസുഖങ്ങളുടെ ചികിത്സയ്ക്ക് 70,000 രൂപയുടെ അധിക ഇൻഷുറൻസ് പരിരക്ഷയും നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിലും വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിലും പരീക്ഷണാടിസ്ഥാനത്തിൽ പ്രൊജക്ട് നടപ്പിലാക്കി വരുന്നു. പദ്ധതിയിൽ സുതാര്യത ഉറപ്പാക്കാനും തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിനുമായി ബയോമെട്രിക് സ്മാർട്ട് കാർഡുപയോഗിച്ച് തൊഴിലാളികൾക്ക് തൊഴിൽ ഡിമാന്റു ചെയ്യുന്നതിനും ഹാജർ രേഖപ്പെടുത്തുവാനും കഴിയുന്നുണ്ട്.

## സോഷ്യൽ ഓഡിറ്റ്

പദ്ധതി നിർവ്വഹണ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലെ നിർണ്ണായക ഘടകമാണ് സോഷ്യൽ ഓഡിറ്റ്. വികസന പ്രവർത്തനത്തിന്റെ ഗുണനിലവാരം, സമയബന്ധിതമായ നിർവ്വഹണം, ഗുണഭോക്തൃ പ്രദേശം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, സാമൂഹ്യ നീതി ഉറപ്പാക്കൽ, ധനവിനിയോഗം, തൊഴിലാളികളുടെ അവകാശ സംരക്ഷണം എന്നിവ വർഷത്തിൽ രണ്ടു പ്രാവശ്യം ഗ്രാമസഭയിൽ ഹാജരാക്കി ഓഡിറ്റിനു വിധേയമാക്കുന്നു. സോഷ്യൽ ഓഡിറ്റ് പുതിയ രീതി ശാസ്ത്രമനുസരിച്ച് നടപ്പിലാക്കുന്നതിന് ദേശീയ തൊഴിലുറപ്പു കൗൺസിൽ അംഗം അരുണാ റോയിയുടെ നേതൃത്വത്തിൽ സംസ്ഥാനതല പരിശീലകർക്കുവേണ്ടിയുള്ള പരിശീലനം കിലയിൽ സംഘടിപ്പിച്ചു കഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെല്ലും ക്രമീകരിച്ചു കഴിഞ്ഞു.

കേരളത്തിൽ ഗ്രാമീണ കാർഷികാടിത്തറയെ ഏറ്റവും പ്രതികൂലമായി ബാധിച്ചിട്ടുള്ളത് വനനശീകരണം കൊണ്ടുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങളാണ്. വനസംരക്ഷണത്തിന് മുൻതൂക്കമുള്ള പാരിസ്ഥിതിക പുനരുജ്ജീവന പ്രവർത്തനങ്ങളിലേക്ക് ഇനിയും ബഹുദൂരം പോകേണ്ടതുണ്ട്. എന്നിരുന്നാലും തരിശുഭൂമിയിലെ സസ്യസമൂഹ നിർമ്മാണം, പൊതുജലസ്രോതസ്സുകളുടെ സംരക്ഷണം, ജലസംഭരണികളുടെ സംരക്ഷണം, ജൈവ വേലികൾ തിരിച്ചുകൊണ്ടുവരൽ, പൊതുഭൂമികളിലെ മണ്ണു സംരക്ഷണം, വനവത്ക്കരണം, വന്യവൃക്ഷ നഴ്സറികൾ ഉണ്ടാക്കൽ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി. മണ്ണൊലിപ്പു തടയുന്നതിനായി തോടുകളുടെയും ജലാശയങ്ങളുടെയും വശങ്ങളിൽ പരിസ്ഥിതി സൗഹൃദ പ്രകൃതി സംരക്ഷണ പ്രവർത്തനമായ കയർഭൂവസ്ത്രം വിരിച്ച് ചെടികൾ വച്ചുപിടിപ്പിക്കുന്ന പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ പരിമിതികൾക്കകത്തു നിന്നുകൊണ്ടാണ് വലിയ നേട്ടങ്ങളുണ്ടാക്കുവാൻ സംസ്ഥാനത്തിനു കഴിഞ്ഞത്. സംസ്ഥാനത്തെ കർഷകതൊഴിലാളികളുടെ മിനിമം കൂലി 200 രൂപയുള്ളപ്പോൾ 125 രൂപ മാത്രമാണ് പദ്ധതിയിൽ കൂലി നൽകുവാൻ കഴിഞ്ഞത്. 2011 ജനുവരി ഒന്നുമുതൽ കൂലി 150 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുന്ന തരത്തിലും പരിസ്ഥിതി പുനസ്ഥാപനത്തിന് പ്രത്യേക ശ്രദ്ധ നൽകിയും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി വരും നാളുകളിൽ കേരളത്തിൽ മുന്നേറ്റം നടത്തും. ■

*ലേഖകൻ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടറാണ്.*



അജിത് വെണ്ണിയൂർ

# നഗരവികസനം

## പുതിയ ദിശാബോധം സമഗ്രസമീപനം

നഗരങ്ങളേയും നഗരവികസനത്തേയും സംബന്ധിച്ച കാഴ്ചപ്പാടുകൾ അതിവേഗം മാറുകയാണ്. ഗ്രാമത്തിന്റെ വിപരീതപദമായാണ് നഗരത്തെ പലരും അടുത്തകാലംവരെ വിശേഷിപ്പിച്ചിരുന്നത്. അതുകൊണ്ടുതന്നെ നഗരവികസനം നാടിന് വിനയായിത്തീരും എന്ന ആശങ്കയും പ്രബലമായിരുന്നു. അത് ഒരു പരിധിവരെ ശരിയാണെന്ന് അനുഭവങ്ങൾ നമ്മെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. അതേസമയം ലോകമെങ്ങും ദ്രുതവേഗമാർജ്ജിച്ച നഗരവൽക്കരണം, മാറിചിന്തിക്കാൻ ജനങ്ങളേയും ഭരണകർത്താക്കളേയും നിർബന്ധിതമാക്കി. ഒരു അനിവാര്യ യാഥാർത്ഥ്യമായി ഇന്നത് അംഗീകരിക്കപ്പെട്ടിരിക്കുന്നു. നാടെന്നോ നഗരമെന്നോ വ്യത്യാസമില്ലാതെ അതിവേഗം മുന്നേറുന്ന പ്രക്രിയയാണ് നഗരവൽക്കരണം.

ലോക ജനസംഖ്യയിൽ പകുതിയോളം നഗരങ്ങളിലും പട്ടണങ്ങളിലും ജീവിക്കുമ്പോൾ ഇന്ത്യയിൽ അത് 27.8 ശതമാനം മാത്രമാണ്. ഇത് 2001 ലെ കണക്കാണ്. ദേശീയ ശരാശരിയോടൊപ്പമാണ് അക്കാര്യത്തിൽ കേരളവും. എന്നാൽ 1991 ൽ ദേശീയ ശരാശരി 25.7 ശതമാനമായിരുന്നപ്പോൾ കേരളത്തിൽ അത് 26.44 ശതമാനമായിരുന്നു; 1981 ൽ 18.74 ശതമാനവും. അതായത് 1981 നും 2001 നും മധ്യേയുണ്ടായത് ഒരു കുതിച്ചുകയറ്റം തന്നെയായിരുന്നു.

### പ്രശ്നങ്ങൾ വ്യത്യസ്തം

അതിവേഗം വർധിക്കുന്ന ജനസംഖ്യയും അമിത ജനസാന്ദ്രതയുമാണ് മിക്കനഗരങ്ങളിലും പൊതുവായി കാണപ്പെടുന്ന പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം. മറ്റൊരു പ്രധാന വെല്ലുവിളി ഗ്രാമങ്ങളിലേക്ക് സംക്രമിക്കുന്ന നഗരവത്ക്കരണ പ്രക്രിയയും. എന്നാൽ നഗരഭരണത്തിൽ കേരളത്തിന്റെ പ്രശ്നങ്ങൾ വ്യത്യസ്തമാണ്; വൈവിധ്യം നിറഞ്ഞതും.

ഇടതടവില്ലാത്ത ഗ്രാമം എന്നാണ് അടുത്തകാലം വരെ മറുനാട്ടുകാർ കേരളത്തെ വിശേഷിപ്പിച്ചിരുന്നത്. ആ വിശേഷണത്തിൽ ഇന്ന് നേരിയ മാറ്റം സംഭവിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമങ്ങൾ നഗരസ്വഭാവമാർജിച്ച് നഗര- ഗ്രാമവ്യത്യാസം അതിവേഗം കുറഞ്ഞു വരുന്നു. ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളി ലേക്കുള്ള കുടിയേറ്റമാണ് ഒരുകാലത്ത് നഗരവികസനാസൂത്രകരുടെ കണക്കുകൂട്ടലുകളെ തെറ്റിച്ചിരുന്നതെങ്കിൽ ദൈനംദിനം നഗരത്തിലേക്ക് വന്നുപോകുന്നവരുടെ എണ്ണത്തിലുണ്ടായ അമിത വർദ്ധനവാണ് വികസന ഏജൻസികളെ ഇന്ന് ഏറെ അലട്ടുന്നത്.

വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള പരിമിതികളാണ് മറ്റൊരു പ്രധാന ഘടകം. നിലവിലുള്ള സൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും കാലോചിതമായി പരിഷ്കരിക്കാനും കഴിയുന്നില്ല. നടത്തുന്ന വികസനപ്രവർത്തനങ്ങളാകട്ടെ പലതരത്തിൽ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

### പുതിയ ദിശാബോധം, സമഗ്ര സമീപനം

മേൽപറഞ്ഞ വെല്ലുവിളികൾ മുന്നിൽ കണ്ടാണ് നഗരവികസനത്തിൽ പുതിയ ദിശാബോധവും സമഗ്രസമീപനവും സന്നിവേശിപ്പിച്ച പദ്ധതികൾക്ക് കേരളം രൂപം നല്കിയത്.

അപ്പപ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾക്ക് താല്ക്കാലിക പരിഹാരങ്ങൾ കണ്ടെത്തുന്ന രീതിക്കുപകരം സുസ്ഥിര വികസനം ലക്ഷ്യമാക്കുന്ന സമഗ്ര,സംയോജിത പദ്ധതികൾ എന്ന സമീപനത്തിലേക്കുള്ള ചുവടുവയ്പ്പാണ് നഗര

വികസന മേഖലയിലുണ്ടായിരിക്കുന്ന സുപ്രധാന മുന്നേറ്റം.

പ്രകൃതിവിഭവങ്ങളുടെ പരിപോഷണം, പദ്ധതികളുടെ സുസ്ഥിരത, വർദ്ധിച്ച ജനപങ്കാളിത്തം, പരസ്പരപൂരകമായ വിവിധ സംസ്ഥാന-കേന്ദ്ര പദ്ധതികളുടെ സംയോജനം, നഗരസഭകളുടെ ആസ്തിയും കാര്യശേഷിയും ഉയർത്തുന്നതിനുതകുന്ന സംരംഭങ്ങൾ, ഇവയെല്ലാം സാധ്യമാക്കുന്നതിനു വേണ്ട നയതീരുമാനങ്ങൾ, നിയമനിർമ്മാണങ്ങൾ, ഭരണപരിഷ്കാരങ്ങൾ- ഇവയാണ് സുസ്ഥിര വികസന സമീപനത്തിന്റെ കാതൽ.

### നഗരാസൂത്രണ പദ്ധതികൾ

നഗരപ്രദേശങ്ങൾക്കായി സമഗ്ര നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുക എന്നതായിരുന്നു ഈ പ്രക്രിയയിലെ പ്രധാന വെല്ലുവിളി. അതിനായി ഒരു ബൃഹദ് പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചു. ആദ്യഘട്ടമെന്ന നിലയിൽ 32 നഗരപ്രദേശങ്ങൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനായി രണ്ടര കോടി രൂപ അനുവദിച്ചു. സംസ്ഥാനത്ത് നിലവിലുള്ള നഗരാസൂത്രണ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഏഴു പ്രധാന നഗരങ്ങളുടെ ഡെവലപ്മെന്റ്/സ്ട്രക്ച്ചർ പ്ലാനുകളുടെ മേഖലാ നിയന്ത്രണച്ചട്ടങ്ങൾ പരിഷ്കരിച്ചു. മറ്റു നഗരാസൂത്രണ പദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. സംസ്ഥാനത്തെ നഗര-ഗ്രാമ ആസൂത്രണ പ്രവർത്തനങ്ങൾക്കായി ഒരു ഏകീകൃത നിയമം കൊണ്ടുവരുന്നതിനുള്ള ബില്ലിന്റെ കരട് തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്.

### 3551 കോടിയുടെ പദ്ധതികൾ

സംസ്ഥാനത്തെ നഗരസഭകളിൽ മൊത്തം 3551 കോടിയുടെ വികസന പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നത്. അതിലെ ഒരു പ്രധാന ഘടകമാണ് 1420 കോടി രൂപ അടങ്കലുള്ള കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി).കേന്ദ്ര- കേരള സർക്കാർ ആവിഷ്കൃത പദ്ധതി കളുടെ സംയോജനം, പദ്ധതി വിഹിതം, ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായം എന്നിവയോടെയാണ് പദ്ധതികൾ നടപ്പാക്കുന്നത്.

നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, സുരക്ഷിതമായ കുടിവെള്ള സംഭരണവും വിതരണവും, ഖര-ജല മാലിന്യങ്ങളുടെ ശാസ്ത്രീയ നിർമ്മാർജനം, റോഡുകളുടെ നവീകരണം, നഗര ദാരിദ്ര്യലഘൂകരണം എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ അഞ്ചു മുനിസിപ്പൽ കോർപ്പറേഷനുകളിൽ 2007ൽ പ്രവർത്തനം ആരംഭിച്ച ഈ പദ്ധതി ലക്ഷ്യത്തോടടുക്കുകയാണ്.

സുസ്ഥിര വികസനത്തിന് അനുയോജ്യമായ രീതിയിൽ നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് 650.39 കോടി രൂപ, നിലവിലുള്ള ജലസ്രോതസ്സുകൾ നവീകരിച്ചും പുതിയവ കണ്ടെത്തിയും കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ 127.17 കോടി, പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ മലിനജലനിർഗമനം സുഗമമാക്കുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും നടപ്പാക്കുന്ന മലിനജലനിർഗമന-ശുചീകരണ പദ്ധതിക്ക് 280.33 കോടി, നിലവിലുള്ള അഴുക്കുചാലുകൾ നവീകരിച്ചും പുതിയവ നിർമ്മിച്ചും ശാസ്ത്രീയ സമീപനങ്ങളിലൂടെ മഴവെള്ള നിർഗമനം മെച്ചപ്പെടുത്താൻ 83.64 കോടി, നഗര റോഡ്-ഗതാഗത നവീകരണത്തിന് 126.31 കോടി, നഗരത്തിലെ സാമൂഹിക പരിഷ്കരണത്തിന് 48

### പ്രധാന പരിഷ്കാരങ്ങൾ

- കെ.എസ്.യു.ഡി.പി. പദ്ധതികൾക്ക് ടെൻഡർ സമർപ്പിക്കുന്നതിന് ഇ-ടെൻഡർ സംവിധാനം നടപ്പാക്കി.
- തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ കെട്ടിടനിർമ്മാണ അനുമതി നൽകുന്ന പ്രക്രിയ ഇലക്ട്രോണിക് സംവിധാനത്തിലാക്കി. എല്ലാ നഗരസഭകളിലും അത് നടപ്പാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.
- നഗരസഭകളിലെ വാർഷിക സാമ്പത്തിക കണക്കുകളും ഡി.സി.ബി പത്രികകളും 2006-07 മുതൽ നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിശ്ചിത സമയമായ ജൂലായ് 31 നകം പ്രസിദ്ധീകരിക്കുകയും ഓഡിറ്റിന് നൽകുകയും ചെയ്തുവരുന്നു.
- ഡബിൾ എൻട്രി അക്കൗണ്ടിങ് സംവിധാനം അഞ്ച് കോർപ്പറേഷനുകളിലും ആലപ്പുഴ, തലശ്ശേരി നഗരസഭകളിലും 2007 ഏപ്രിൽ മുതൽ നടപ്പാക്കി. 2011 മുതൽ എല്ലാ നഗരസഭകളിലും അത് നടപ്പാക്കുന്നതിനുള്ള നടപടി പൂർത്തിയായി. അതിനനു യോജ്യമായ തരത്തിൽ കേരള മുനിസിപ്പൽ അക്കൗണ്ടിങ് റൂൾസ് പുറപ്പെടുവിച്ചു.
- എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവത്കരിക്കുകയും നഗരകാര്യ വകുപ്പിൻെറ കീഴിലുള്ള നാല് ഓഫീസുകളേയും എല്ലാ നഗരസഭകളേയും ഇ-മെയിൽ സംവിധാനം വഴി സംയോജിപ്പിക്കുകയും ചെയ്തു.
- ആർക്കിടെക്ട്, എൻജിനീയർ, ടൗൺ പ്ലാനർ, സൂപ്പർവൈസർമാർ എന്നിവർക്ക് ലൈസൻസ് നൽകുന്ന കേന്ദ്രീകൃത സംവിധാനം 2008 ജൂൺ മുതൽ മേഖലാതലത്തിൽ വികേന്ദ്രീകരിച്ച് നടപ്പിലാക്കി
- പൊതുജനങ്ങൾക്ക് സ്ഥലങ്ങൾ തിരിച്ചറിയുന്നതിനായി കടകൾ, ഓഫീസുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, പെട്രോൾ പമ്പുകൾ, സർക്കാർ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയവയുടെ സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ സുപ്രധാന ചുമതലയായ ജനന-മരണ-വിവാഹ രജിസ്ട്രേഷന് മുഴുവൻ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ആശുപത്രികളിൽനിന്നും തത്സമയ ജനന-മരണ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പ്രവർത്തനം ആരംഭിച്ചു.



## സുസ്ഥിര വികസനത്തിന്റെ പാതയിൽ

- കോഴിക്കോട് നഗരസഭയിൽ 6.31 കോടി രൂപ ചെലവിൽ 637 മീറ്റർ നീളവും 9 മീറ്റർ വീതിയും ഉള്ള അരയിടത്തുപാലത്തിലെ മേൽപ്പാലം പണി പൂർത്തിയാക്കി 2010 ജനുവരി 1ന് ഗതാഗതത്തിന് തുറന്നുകൊടുത്തു.
- അരയിടത്തുപാലം മുതൽ എരഞ്ഞിപ്പാലം വരെയുള്ള 29 കി.മീറ്റർ റോഡ് 39.2 കോടി രൂപ ചെലവഴിച്ച് നാലുവരിപ്പാതയാക്കി. ഒപ്പം നഗരത്തിലെ 13 പ്രധാന കവലകൾ വിപുലീകരിച്ചു.
- കോഴിക്കോട് ചേരികളുടെ നവീകരണത്തിന് 4.43 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കി വരുന്നു.
- കോഴിക്കോട് ഞെളിയംപറമ്പിലെ മാലിന്യ സംസ്കരണകേന്ദ്രത്തിൽ ലാൻഡ് ഫിൽ, ഓടകൾ, ലീച്ചറ്റ് പ്ലാന്റ്, ഹരിത കവചം, റോഡ് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു.

- തൃശൂർ നഗരസഭയിൽ ഖരമാലിന്യ പരിപാലനത്തിനായി ലാലൂർ ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിൽ എൻജിനീയേർഡ് ലാൻഡ്ഫിൽ സൗകര്യ മേർപ്പെടുത്താനുള്ള പ്രവർത്തനം ആരംഭിച്ചു.
- തൃശൂർ നഗരത്തിൽ 28.27 കോടി രൂപ ചെലവിൽ റോഡ് ഗതാഗത നവീകരണം, സ്വരാജ് റൗണ്ടിലെ സബ്‌വേ നിർമാണം പൂർത്തിയാക്കി.
- തൃശൂരിൽ സാമൂഹിക വികസന പ്രവർത്തനങ്ങൾക്കായി 4.86 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. കുടിവെള്ളവിതരണത്തിന് പീച്ചിയിൽ നിന്ന് പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചു. പീച്ചിയിൽ നിന്നുള്ള ട്രാൻസ്മിഷൻ മെയിനിന്റെ പ്രവൃത്തി പുരോഗമിക്കുന്നു.

- കൊച്ചി നഗരസഭയിൽ സഹോദരൻ അയ്യപ്പൻ റോഡും മൂന്നു കവലകളും നവീകരിക്കുന്നതിനുള്ള നിർമ്മാ ണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിർമ്മാണച്ചെലവ് 10.80 കോടി രൂപ. വൈറ്റില മുതൽ പള്ളിമുക്കു വരെയുള്ള 3.45 കി.മീറ്റർ റോഡ് നാലുവരിപ്പാതയാക്കുന്നു. കടവന്ത്ര, മനോരമ, പള്ളിമുക്ക് കവലകൾ നവീകരിക്കും. ഇടപ്പള്ളി-ഹൈക്കോർട്ട് റോഡിൽ ഓടനിർമ്മാണം ആരംഭിച്ചു. കൊച്ചി നഗരത്തിലെ ചേരിപ്രദേശങ്ങളിൽ അടിസ്ഥാനസൗകര്യ വിപുലീകരണത്തിനും സേവനങ്ങൾക്കുമായി 4.91 കോടി രൂപയുടെ പദ്ധതിക്ക് തുടക്കം കുറിച്ചു.

- കൊല്ലം നഗരസഭയിൽ മാലിന്യ സംസ്കരണത്തിന് കുരീപ്പുഴയിൽ കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിച്ചു. ലാൻഡ് ഫിൽ, ചുറ്റുമതിൽ, ഓട, റോഡ്, ഓഫീസ് കെട്ടിടം എന്നിവയുടെ നിർമാണപ്രവർത്തനം പുരോഗമിക്കുന്നു. കമ്പോസ്റ്റ് പ്ലാന്റിന് കാർബൺ ക്രെഡിറ്റ്സ് ലഭ്യമാക്കാനുള്ള പ്രക്രിയ ആരംഭിച്ചു. കേരളത്തിലാദ്യമായാണ് ഒരു പദ്ധതിക്ക് കാർബൺ ക്രെഡിറ്റ് അനുവദിക്കാനുള്ള ശ്രമം നടത്തുന്നത്.

- ഖരമാലിന്യ സംസ്കരണം വികേന്ദ്രീകൃതാടിസ്ഥാനത്തിൽ നിർവഹിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭ എസ്.എം.വി സ്കൂൾ അങ്കണത്തിൽ 4,40,000 രൂപ ചെലവിൽ ജൈവവാതക പ്ലാന്റ് പണി കഴിപ്പിച്ചു. വലിയവിള-പേയാട്, പൂജപ്പുര-തിരുമല റോഡുകളിൽ വശങ്ങളിലെ ഓടനിർമ്മാണം പൂർത്തിയായി. മറ്റു പണികൾ പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് അട്ടക്കുളങ്ങര മുതൽ തിരുവല്ലത്തിന് സമീപമുള്ള എൻ.എച്ച് ബൈപാസ് വരെയുള്ള റോഡിന്റെ ഒരു വശത്തെ മഴവെള്ളനിർഗമന ഓടയുടെ നിർമ്മാണവും പൂർത്തിയായി.

കോടി, ദാരിദ്ര്യലഘൂകരണത്തിന് 56.25 കോടി എന്നിങ്ങനെ സമഗ്രപുരോഗതിക്കു സഹായകമാംവിധമാണ് പദ്ധതികളും ഫണ്ടും വിന്യസിച്ചിരിക്കുന്നത്.

### ജവാഹർലാൽ നെഹ്രു ദേശീയ നഗര നവീകരണ മിഷൻ

ജവാഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ മിഷൻ (ജെ.എൻ.എൻ.യു.ആർ.എം) പദ്ധതിയിൽ കേരളത്തിൽ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2007 മാർച്ച് 10-ന് കേന്ദ്ര സർക്കാരുമായി ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പിട്ടു. കേരളത്തിൽ കെ.എസ്.യു.ഡി.പി ആണ് ഈ പദ്ധതികളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളുടെ സംസ്ഥാനതല നോഡൽ ഏജൻസി.

തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ജെ.എൻ.എൻ.യു.ആർ.എം.ന്റെ സഹായത്തോടെ വാങ്ങിയ എ.സി ലോഫ്ളോർ ബസ്സുകളും സെമി ലോ ഫ്ളോർ ബസുകളും സർവീസ് ആരംഭിച്ചു.

### ഇ-ഗവേണൻസ്

ജവാഹർലാൽ നെഹ്രു ദേശീയ നഗരപുനരുദ്ധാരണ മിഷന്റെ സഹായത്തോടെ കൊച്ചി നഗരസഭയിൽ ഇ-ഗവേണൻസ് നടപ്പാക്കാനുള്ള പ്രവൃത്തികൾ ആരംഭിച്ചു. ജനന-മരണ സർട്ടിഫിക്കറ്റ്, കെട്ടിടനികുതി പിരിവ്, പരാതി പരിഹാരം, പ്രൊക്യൂർമെന്റ് ആൻഡ് സ്കീം മോണിട്ടറിങ് ലൈസൻസുകൾ, ഖരമാലിന്യ നിർമ്മാർജനം, അക്കൗണ്ടിങ്, ഉദ്യോഗസ്ഥ വിവരങ്ങൾ തുടങ്ങി ജെ.എൻ.എൻ.യു.ആർ.എം. മാർഗനിർദേശങ്ങളിൽ പറയുന്ന എട്ട് സേവനങ്ങൾക്കു പുറമേ യു.പി.എ.ഡി കൗൺസിൽ നടപടികൾ, ഫയൽ ട്രാക്കിങ്, ടൗൺ ഹാൾ ബുക്കിങ് തുടങ്ങിയ മറ്റ് സേവനങ്ങളും ഇ-ഗവേണൻസ് ഡി.പി.ആറിൽ ഉൾപ്പെട്ടിട്ടുണ്ട്.

### ഖരമാലിന്യസംസ്കരണം

കൊച്ചി നഗരത്തിൽ ഖരമാലിന്യ സംസ്കരണം മെച്ചപ്പെടുത്തുന്നതിനായി രൂപം നല്കിയ ബ്രഹ്മപുരം പ്ലാന്റ് 2008 ജൂൺ 20ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. മാലിന്യം ശേഖരിച്ച് പ്ലാന്റിലെത്തിക്കുന്നതിനുള്ള വാഹനങ്ങളും ഉപകരണങ്ങളും കെ.എസ്.യു.ഡി.പിയുടെ ഭാഗമായാണ് സജ്ജീകരിച്ചിരിക്കുന്നത്. അജൈവമാലിന്യ സംസ്കരണ പ്ലാന്റിന്റെ പണി പുരോഗിക്കുന്നു.നഗരങ്ങളിൽ ഖരമാലിന്യനിർമാർജന രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള 2008-09 വർഷത്തെ ദേശീയ പുരസ്കാരം കൊച്ചി നഗരസഭയ്ക്കു ലഭിച്ചു.

തിരുവനന്തപുരം വിളപ്പിൽശാല മാലിന്യസംസ്കരണശാലയിൽ ദ്രവമാലിന്യ ശുദ്ധീകരണശാലയുടെ (ലീച്ചെറ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്) നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പഴയ ലാൻഡ് ഫില്ലുകൾ മൂടുന്ന പ്രവൃത്തിയും നടന്നുവരുന്നു.

### സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

തിരുവനന്തപുരത്ത് മുട്ടത്തറയിൽ 107 ദശലക്ഷം ലിറ്റർ ശേഷിയുള്ള മലിനജല സംസ്കരണശാല (സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്)യുടെ നിർമ്മാണം പുരോഗമിക്കുന്നു. ആക്റ്റിവേറ്റഡ് സ്ലഡ്ജ് പ്രോസസ്- എക്സ്റ്റൻഡഡ് എയറേഷൻ എന്ന പ്രക്രിയ ഉപയോഗിച്ച് പരിസരമലിനീകരണം ഒഴിവാക്കിയുള്ള സംസ്കരണശാലയാണ് രൂപകല്പന ചെയ്തിരിക്കുന്നത്. അഞ്ചു വർഷത്തെ ഓപ്പറേഷൻ, മെയിന്റനൻസ് ഉൾപ്പെടെ 80.86 കോടി രൂപയാണ് നിർമ്മാണച്ചെലവ്. സ്വീവറേജ് സംവിധാനമടക്കം മൊത്തം അടങ്കൽതുക 337 കോടി രൂപയാണ്. തിരുവനന്തപുരത്തെ അഴുക്കുചാൽ നവീകരണ/നിർമ്മാണപ്രവർത്തനങ്ങൾക്ക് 215 കോടി രൂപയുടെ പദ്ധതിക്ക് ജെ.എൻ.എൻ.യു.ആർ.എം പ്രകാരം അനുമതി ലഭിച്ചു. ഇതിൽ കേന്ദ്രവിഹിതം 170 കോടിയാണ്. തിരുവനന്തപുരം നഗരത്തിലെ ഉപരിതല ജലനിർഗമന സംവിധാനം മെച്ചപ്പെടുത്താനായി ജെ.എൻ.എൻ.യു.ആർ.എം നടപ്പാക്കുന്ന 18 പാക്കേജുകളിൽ നാലെണ്ണം പൂർത്തിയായി. ജലവിതര

ണം മെച്ചപ്പെടുത്തുന്നതിന് തിരുവനന്ത പുരത്ത് 80 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചു. 69 കോടിയാണ് കേന്ദ്രവിഹിതം. അതിൽ 8.31 കോടി രൂപ ലഭിച്ചു

**പൈതൃക സംരക്ഷണ പദ്ധതി**

ജവഹർലാൽ നെഹ്റു നഗര നവീ കരണ മിഷൻ പദ്ധതി പ്രകാരം കൊച്ചി നഗരസഭയിൽപ്പെട്ട ബ്രോഡ്‌വേ, എറണാകുളം മാർക്കറ്റ്, പ്രദേശങ്ങളിൽ പൈതൃക സംരക്ഷണത്തിലൂന്നിയ നവീകരണ പ്രവർത്തനങ്ങൾക്ക് 22.10 കോടി രൂപയുടെ പദ്ധതി അംഗീക രിച്ചു. 50 ശതമാനം കേന്ദ്ര സർക്കാർ വിഹിതമാണ്.

**ബി.എസ്.യു.പി, ഐ.എച്ച്.എസ്.ഡി.പി.**

മിഷന്റെ ഉപപദ്ധതിയായ ബേസിക് സർവ്വീസസ് ടു ദി അർബൻ പുവർ (ബി.എസ്.യു.പി.) പദ്ധതിയും സമഗ്ര ചേരി വികസന ലക്ഷ്യമിടുന്ന സംയോ ജിത ഭവന നിർമ്മാണ ചേരി വികസനം (ഐ.എച്ച്.എസ്.ഡി.പി.) പരിപാടിയും സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ബി.എസ്.യു.പി. പ്രകാരം തിരുവനന്ത പുരം, കൊച്ചി നഗരസഭകൾ 343.40 കോടി രൂപയുടെ പദ്ധതികളാണ് നട പ്പാക്കുന്നത്. ഐ.എച്ച്.എസ്.ഡി.പി. പ്രകാരം 40 നഗരസഭകളിലായി ആകെ 207.01 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നു.

**യു.ഐ.ഡി.എസ്.എസ്.എം.ടി**

ചെറു ഇടത്തരം നഗരങ്ങളുടെ അടി സ്ഥാനസൗകര്യ വികസന പദ്ധതിക്കുള്ള യു.ഐ.ഡി.എസ്.എസ്.എം.ടി എന്ന കേന്ദ്ര പദ്ധതിയുടെ ഭാഗമായി 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിൽ 28 പട്ടണങ്ങളുടെ 463.89 കോടി രൂപ അടങ്കൽ വരുന്ന (ഖരമാലിന്യം, കുടി വെള്ളം, മലിനജല നിർമ്മാർജനം) 33 പദ്ധതികൾ തയ്യാറാക്കി കേന്ദ്രസർക്കാ രിന്റെ അംഗീകാരം നേടി. 24 പദ്ധതി കളുടെ ഒന്നാം ഗഡുവും കേന്ദ്ര-സം സ്ഥാന ഗ്രാന്റുകളും അനുവദിച്ചിട്ടുണ്ട്. കെ.എസ്.യു.ഡി.പി ആണ് ഇപ്പോൾ ഈ പദ്ധതിയുടെ സംസ്ഥാന തല നോഡൽ ഏജൻസി.

**എൻ.യു.ഐ.എസ്**

കേന്ദ്ര സർക്കാരിന്റെ മുൻകൈയോ ടുകൂടി തയ്യാറാക്കിയ ദേശീയ നഗര അടിസ്ഥാന സൗകര്യ വിവരശേഖര സംവിധാനം (എൻ.യു.ഐ.എസ്.) കേരളത്തിൽ കൊല്ലം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, പാലക്കാട് എന്നീ അഞ്ചു പട്ടണങ്ങളിൽ നടപ്പാക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിന് യൂട്ടിലിറ്റി മാപ്പും തയ്യാറാക്കു ന്നുണ്ട്.

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ മാതൃക യിൽ നഗരപ്രദേശത്ത് കായികാദ്ധ്വാന ത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ഉറ പ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ നവംബർ 1 ന് നിലവിൽ വന്നു. നവംബർ 3-ന് മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. മാർഗനിർദേശ പ്രകാരം കേര ളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പ റേഷനുകളിലും മുനിസിപ്പാലിറ്റികളിലും തൊഴിലുറപ്പു പദ്ധതി ആരംഭിക്കാവു ന്നതാണ്. നഗരപ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റു തരം തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസര ങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

**ഏഴു നഗരസഭകൾ കൂടി**

നഗരസഭകളുടെ ഭരണം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് കേരള ത്തിൽ പുതുതായി ഏഴു മുനിസിപ്പാലി റ്റികൾ കൂടി രൂപീകരിച്ചു - കരുനാഗ പ്പള്ളി (കൊല്ലം), തൃക്കാക്കര, എലൂർ, മരട് (എറണാകുളം), കോട്ടയ്ക്കൽ, നിലമ്പൂർ (മലപ്പുറം), നീലേശ്വരം (കാസർഗോഡ്). ഇതോടെ മുനിസിപ്പാ ലിറ്റികളുടെ എണ്ണം 60 ആയി. കോഴി ക്കോട്, തിരുവനന്തപുരം കോർപ്പറേഷ നുകളിൽ എട്ടു സമീപ പഞ്ചായത്തു കൾ കൂട്ടിച്ചേർത്തു. ഏഴു ഗ്രാമപ ഞ്ചായത്തുകൾ- നാട്ടകം, കുമാരനല്ലൂർ (കോട്ടയം), തിരുവാങ്കുളം (തൃപ്പൂണി ത്തുറ), പൂത്തോട്, തൈക്കാട് (ഗുരുവാ യൂർ), പൊറത്തിശേരി (ഇരിങ്ങാല ക്കുട), മേത്തല (കൊടുങ്ങല്ലൂർ)- ബ്രാക്കറ്റിൽ ചേർത്തിരിക്കുന്ന മുനിസിപ്പാലിറ്റിക ളോടും കൂട്ടിച്ചേർത്തു.

**നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതിക ൾക്ക് വായ്പാ ധനസഹായം നൽകുന്ന നഗര-ഗ്രാമവികസന ധനകാര്യ കോർപ്പ റേഷൻ (കെ.യു.ആർ.ഡി.എഫ്.സി). കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ 65 സംരംഭങ്ങൾക്കായി 6571 ലക്ഷം രൂപ യുടെ പദ്ധതികൾക്ക് വായ്പ അനുവ ദിച്ചു. 4221 ലക്ഷം രൂപ തദ്ദേശസ്വയംഭ രണസ്ഥാപനങ്ങൾക്ക് കൈമാറി. കെ. യു.ആർ.ഡി.എഫ്.സി 2006-07ൽ 2.31 കോടി രൂപയും 2007-08ൽ 2.35 കോടിയും 2008-09ൽ 41 ലക്ഷവും 2009-10 ൽ 1.3 കോടിയും ലാഭം ഉണ്ടാ ക്കുകയും 20% ലാഭവിഹിതം ഓഹരി യുടമകളായ സർക്കാരിനും തദ്ദേശസ്വ യംഭരണസ്ഥാപനങ്ങൾക്കും നൽകു കയും ചെയ്തു. 2010-11 ൽ 3 കോടി രൂപ ലാഭം പ്രതീക്ഷിക്കുന്നു.

**പ്രാദേശിക സർക്കാർ വികസന ഫണ്ട്**

ഇതിനു പുറമേ, പശ്ചാത്തല സൗക ര്യവികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപകൽപന ചെയ്യുന്ന പദ്ധതികൾക്ക് പണവും സാങ്കേതിക സഹായവും ലഭ്യമാക്കുന്നതിന് കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി കേരള പ്രാദേശിക സർക്കാർ വികസന ഫണ്ട് (കെ.എൽ.ജി.ഡി. എഫ്) രൂപവൽക്കരിച്ചു. സംസ്ഥാന ത്തെ മുഴുവൻ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഇതിന്റെ പ്ര യോജനം ലഭിക്കും. ■

*ലേഖകൻ*
*കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഐ.ഇ.സി. എക്സ്പർട്ടാണ്*



# വാർത്തകളും വിശേഷങ്ങളും

## ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനുകൾക്ക് പുതിയ ഭാരവാഹികൾ

### കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്



**പി.ടി. മാത്യു**
*(പ്രസിഡന്റ്, നടുവിൽ ഗ്രാമപഞ്ചായത്ത്)*

ജനറൽ സെക്രട്ടറി



**സൂപ്പി നരിക്കാട്ടേരി**
*(പ്രസിഡന്റ്, നാദാപുരം ഗ്രാമപഞ്ചായത്ത്)*

### കേരളാ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്



**അഡ്വ. എം. മണികണ്ഠൻ**
*(പ്രസിഡന്റ്, നേമം ബ്ലോക്ക് പഞ്ചായത്ത്)*

ജനറൽ സെക്രട്ടറി



**എം.സി. മുഹമ്മദ് ഹാജി**
*(പ്രസിഡന്റ്, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്)*

## പ്രമാണത്തിൽ പാടം എന്നു രേഖപ്പെടുത്തിയ കരഭൂമിയിൽ വീടു വെയ്ക്കാൻ അനുമതി

കരഭൂമിയായി മാറിയ വസ്തുവിൽ വീടുവെയ്ക്കുന്നതിന് അനുഭവപ്പെട്ടുക്കൊണ്ടിരിക്കുന്ന വൈഷമ്യങ്ങൾ പരിഹരിച്ച് സർക്കുലർ പുറപ്പെടുവിച്ചു. വർഷങ്ങൾക്കു മുമ്പേ കരഭൂമിയായി മാറിയതാണെങ്കിലും റവന്യൂ രേഖകളിൽ പാടം എന്നായതിനാൽ വീടുവെയ്ക്കുന്നതിന് ഉണ്ടായ തടസ്സം പരിഹരിച്ച് സർക്കാർ നേരത്തെ ഉത്തരവിറക്കിയിരുന്നു. ചുരുങ്ങിയത് 10 വർഷത്തിനു മുമ്പെങ്കിലും കരഭൂമിയായി മാറിയതായിരിക്കണമെന്നും സ്ഥലത്തിനു ചുറ്റുമുള്ളത് കരഭൂമി ആയിരിക്കണമെന്നും അപേക്ഷകന് മറ്റൊരിടത്തും വീടു വയ്ക്കാൻ കഴിയുന്ന ഭൂമിയില്ലാതിരിക്കണമെന്നും അന്നു നിഷ്കർഷിച്ചിരുന്നു. 300 ച.മീറ്ററിൽ (3229 ച.അടി) കൂടുതൽ വലിപ്പമില്ലാത്ത വാസഗൃഹങ്ങൾക്കാണ് അനുമതി നൽകിയിരുന്നത്. കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് മുനിസിപ്പൽ സെക്രട്ടറിമാർ, എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സമിതിയാണ് അനുമതി നൽകാവുന്നതാണോ എന്ന് തീരുമാനിച്ചിരുന്നത്. എന്നാൽ 2008 ലെ തണ്ണീർത്തട-നെൽവയൽ സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് പല സ്ഥലത്തും ഈ സമിതിയുടെ പ്രവർത്തനം മന്ദീഭവിച്ചു. തന്മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണ വകുപ്പുകൾ കൂടിയാലോചിച്ച് പുതിയ സർക്കുലർ പുറപ്പെടുവിക്കുകയാണുണ്ടായത്. 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നെൽവയലുകളും തണ്ണീർത്തടങ്ങളും പുതുതായി നികത്തുന്നതിനു മാത്രമേ ബാധകമാകുകയുള്ളൂ. അതിനാൽ നിയമം നിലവിൽ വരുന്നതിന് 10 വർഷം മുമ്പെങ്കിലും നികത്തപ്പെട്ട സ്ഥലത്ത് വാസഗൃഹ നിർമ്മാണത്തിന് അനുമതി നൽകാം. റവന്യൂ, കൃഷി വകുപ്പുകളുടെ പ്രതിനിധികൾ നിർബന്ധമായും കമ്മിറ്റിയിൽ പങ്കെടുക്കേണ്ടതും കമ്മിറ്റി എല്ലാ മാസവും കൂടേണ്ടതുമാണ്. ഇതിനകം നിർമ്മാണം പൂർത്തീകരിച്ച വീടുകൾക്കും കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മറ്റു ചട്ടങ്ങളുടെ ലംഘനമില്ലെങ്കിൽ നമ്പർ നൽകാം.

(സർക്കുലർ നമ്പർ 4545/ആർ.എ-1/11/തസ്വഭവ, തീയതി 22.1.2011)

## വൃദ്ധസദനങ്ങൾക്കും ഡേകെയർ സെന്ററുകൾക്കും ആവർത്തന ചെലവുകൾക്ക് ഫണ്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൃദ്ധസദനങ്ങൾക്കും ഡേ കെയർ സെന്ററുകൾക്കും ഇൻഫ്രാസ്ട്രക്ചർ, റിക്രിയേഷൻ, ഫർണിച്ചറും മറ്റു ഉപകരണങ്ങളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും ഓണറേറിയം, ഭക്ഷണം, മരുന്ന്, വസ്ത്രങ്ങൾ എന്നിവ സാമൂഹ്യക്ഷേമ വകുപ്പും വഹിക്കുന്ന തരത്തിൽ ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതി അംഗീകരിച്ചുകൊണ്ടും നടപ്പു സാമ്പത്തികവർഷത്തെ 2235-02-104-88 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 30 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവായി. (സ.ഉ.(സാധാ)നം.268/2010/സാക്ഷേവ, തീയതി 9.6.2010)

## മുഴുവൻ ഗുണഭോക്താക്കൾക്കും ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതി

ജില്ലാതല ടാർജറ്റ് പരിഗണിക്കാതെ ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതി അനുസരിച്ച് ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തി പെൻഷൻ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ സർക്കാർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി. (13.12.2010 ലെ 2405/സി1/09/സാക്ഷേവ(2) നംപർ സർക്കാർ കത്ത്)

## ഒറ്റത്തവണ നികുതി കുടിശ്ശിക തീർപ്പാക്കൽ

തദ്ദേശസ്ഥാപനങ്ങളിൽ അടയ്ക്കേണ്ട കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക തുക മാർച്ച് 15 ന് മുൻപ് ഒറ്റത്തവണയായി അടയ്ക്കാൻ അനുമതി നൽകി ഉത്തരവായി.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.







## ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

Reg. No. KL/TV(N) 391/2009-11 **PANCHAYATRAJ** (Monthly) February 2011 Annual Subscription ₹120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month

www.ammini.com

ammini



ഊർജ്ജസംരക്ഷണത്തിന്റെ
വിജയഗാഥയുമായി
അമ്മിണി എനർജി സിസ്റ്റംസിന്റെ
ലൈട്രോൺ
CFL വഴിവിളക്കുകൾ

- കേരളത്തിൽ മാത്രം 1.7 ലക്ഷത്തിൽ പരം ഇൻസ്റ്റലേഷൻസ്
- 700 ൽ പരം ലോക്കൽ ബോഡി കസ്റ്റമേഴ്സ്
- ഇന്ത്യയിലെ ഏക ISI മാർക്ക്ഡ് CFL സ്ട്രീറ്റ്ലൈറ്റ്
- ISO 9001: 2008 സർട്ടിഫൈഡ് ഉത്പാദനപ്രക്രിയ
- 15 മാസം വാറന്റി; കുറഞ്ഞ പരിപാലന ചെലവ്
- വാറന്റിക്കുശേഷം AMC മുഖാന്തിരം മെയിന്റനൻസ്
- മൊബൈൽ സർവ്വീസ് യൂണിറ്റുകൾ
- സ്റ്റോർ പർച്ചേസ് രജിസ്റ്റേർഡ്
- NSIC രജിസ്റ്റേർഡ്
- SIDCO രജിസ്റ്റേർഡ്

ഉപയോഗിക്കാവുന്ന
ഓട്ടോമാറ്റിക് സെൻസറോടു കൂടിയ
മോഡലുകൾ

ഇപ്പോൾ ടെണ്ടർ
വിളിക്കാതെ
സിഡ്കോ (SIDCO)
മുഖാന്തിരം
വാങ്ങാവുന്നതാണ്

നിങ്ങളുടെ പഞ്ചായത്തിൽ ലൈട്രോൺ ഉണ്ടോ?
ഇല്ലെങ്കിൽ ഇന്നുതന്നെ ബന്ധപ്പെടുക

| | | | |
|---|---|---|---|
| തിരുവനന്തപുരം | 93871 60215 | തൃശ്ശൂർ | 93871 60217 |
| കൊല്ലം | 93871 60215 | പാലക്കാട് | 93871 60217 |
| പത്തനംതിട്ട | 93871 60215 | മലപ്പുറം | 93871 60217 |
| ആലപ്പുഴ | 93871 60216 | കോഴിക്കോട് | 93871 60218 |
| കോട്ടയം | 93871 60216 | വയനാട് | 93871 60218 |
| ഇടുക്കി | 93871 60216 | കണ്ണൂർ | 93871 60218 |
| എറണാകുളം | 93871 60216 | കാസർകോഡ് | 93871 60218 |

ammini

അമ്മിണി എനർജി സിസ്റ്റംസ്

ലൈറ്റിംഗ് രംഗത്ത്
15 വർഷത്തെ
സേവന പാരമ്പര്യം

ISO 9001: 2008 CERTIFIED

NSIC
REGISTERED

ONICRA
We Secure Trust

അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം - 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
ഇ-മെയിൽ: mail@ammini.com

CONTACT FOR ALL SUPPORTS (TOLL FREE) : 1800 300 00 600